കേരള സർക്കാർ

# കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കണ്ണൂർ നഗരസഭ

## 2016-2017

### ഓഡിറ്റ് റിപ്പോർട്ട്

നഗരസഭാ ഒാഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,കണ്ണൂർ

e-mail:municipalauditkannur@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.എം/സിഎം2 /353/2018

കേരള സംസ്ഥാന ഓഡിറ്റ് വകു

നഗരസഭ ഓഡിറ്റ് കാര്യാലയം,കണ്ണൂ

ഇ-മെയിൽ-municipalauditkannur@gmail.co

തീയ്യതി.15.05.201

ഡെപ്യൂട്ടി ഡയറക്ടർ

ബഹുമാന്യ മേയർ
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ
(സെക്രട്ടറി മുഖേന)

സർ,

| | |
|---|---|
| വിഷയം: | കണ്ണൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്. |

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 295(4) എന്നിവയില വ്യവസ്ഥകൾ പ്രകാരം കണ്ണൂർ നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയു പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2(3), 2(5), 2(6), 2(7), 2-(10),2-സി12),2-പിഎ-2) ഭാഗം 3ലെ 3-1 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളാ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കോർപ്പറേഷൻ പ്രത്യേക യോഗം കൂടി ഓഡി റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കോർപ്പറേഷ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് വാർഡ് കമ്മിറ്റികളിൽ പൊതുജന ശ്രദ്ധയ്ക്കായി ചർ

ചെയ്യേണ്ടതും കോർപ്പറേഷൻ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1994 ലെ കേര മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടങ്ങൾ).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തു കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ ലോക്കൽ ഫണ്ട് ഓഡി നിയമം സെക്ഷൻ 15(1), 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേര മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2), 1997 ല കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,1 എന്നിവ കാണുക )

വിശ്വസ്തതയോ

ഡെപ്യൂട്ടി ഡയറക്ട
നഗരസഭ ഓഡിറ്റ്,കണ്ണൂ

പകർപ്പ് :

1)തദ്ദേശ സ്വയംഭരണ സെക്രട്ടറി,തിരുവനന്തപുരം(ഉ.പ.സ)

2)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)നഗരകാര്യ വകുപ്പ് ഡയരക്ടർ,തിരുവനന്തപുരം(ഉ.പ.സ)

4)റീജിയണൽ ജോയിന്റ് ഡയരക്ടർ,കോഴിക്കോട്(ഉ.പ.സ)

5)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.എം/സിഎം2/353/2018

തീയ്യതി.15.05.201

# കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994** ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് - വകുപ്പ് **295(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡി നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാ പുറപ്പെടുവിക്കുന്നത്.)*

കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രി ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരി അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നി സമകാലികമായി പരിശോധിച്ചുവരുന്നുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം 56 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തി അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം അവശേഷിക്കുന്ന പ്രധാനപ്പെ നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ കോർപ്പറേഷൻ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപന നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | | |
|---|---|---|---|---|
| i | ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | 1 | ശ്രീ.ആർ.ചക്രേശ്വര<br>ഡെപ്യൂട്ടി ഡയരക്ടർ | 07.06.2017 മുതൽ 15.12.2017 ANവരെ) |
| | | 2 | ശ്രീ.എ.ആർ.ജിതേന്ദ്രൻ,<br>ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) | 15.12.2017 ANമുതൽ 19.12.2017 വരെ |
| | | 3 | ശ്രീ എ.ജോൺ മനോഹർ, | 20.12.2017FN മുതൽ തുടരുന്നു. |

| | | | | |
|---|---|---|---|---|
| | | | ഡെപ്യൂട്ടി ഡയറക്ടർ | |
| ii | ഓഡിറ്റിന് വിനിയോഗിച്ച സമയം | | 07.06.2017 മുതൽ 20.12.2017 വരെ | |
| iii | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1 | ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | 2 | ശ്രീ.കിരൺദാസ്.പി | അസി.ഓഡിറ്റ് ഓഫീസർ |
| | | 3 | ശ്രീ ഈശ്വരചന്ദ്രൻ നമ്പൂതിരി.ടി.സി | അസി.ഓഡിറ്റ് ഓഫീസർ |
| | | 4 | ശ്രീ,സനിൽ പ്രസാദ്.കെ | സീനി.ഗ്രേഡ് ഓഡിറ്റർ |
| | | 5 | ശ്രീമതി ഗിരിജ .കെ | ഓഡിറ്റർ ട്രെയിനി |
| | | 6 | ശ്രീമതി.ഷീല.കെ | സീനി.ഗ്രേഡ് ഓഡിറ്റർ |
| | | 7 | ശ്രീ ജഗദീഷ് ചന്ദ്ര.പി.വി | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| മേയർ | ഇ.പി.ലത | 01-04-2016 മുതൽ 31.03.2017 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം. | ഉദ്യോഗപ്പേര് | | പേര് | കാലയളവ് | | മേൽവിലാസം |
|---|---|---|---|---|---|---|
| | | | | മുതൽ | വരെ | |
| 1 | സെക്രട്ടറി | 1. | ശ്രീ വി.ജെ.കുര്യൻ | 01.04.2016 | 23.06.2016 | വെട്ടിക്കാട്ടിൽ ഹൗസ്, സിസി-22/104, 4എ, മുണ്ടൻ വേലിൽ.പി.ഒ, തോപ്പുംപടി, കൊച്ചിൻ |
| | | 2. | ശ്രീമതി.കെ ശിവകലാദേവി റവന്യൂ ഓഫീസർ (അധിക ചുമതല) | 24.06.2016 | 28.06.2016 | |
| | | 3. | ശ്രീ.കെ.പി. വിനയൻ | 29.06.2016 | 31.03.2017 | കുനിയിൽപൊയിൽ ഹൗസ്, ശ്രീസ്ഥ.പി.ഒ, പഴയങ്ങാടി-670303 |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | 1. | ശ്രീ എം. മാധവനുണ്ണി | 01.04.2016 | 05.10.2016 | രാമപുരി, കെ.കെ.പുരിയിടത്ത് പറമ്പ്,എടക്കാട്.പി.ഒ, വെസ്റ്റ് ഹിൽ, കോഴിക്കോട്-5 |
| | | 2 | ശ്രീ.എം.വി. ഷംസുദ്ദീൻ | 06.10.2016 | 31.03.2017 | ഷാസ് , ഒണ്ടേൻ പറമ്പ്,കണ്ണൂർ-2 |
| 3 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | 1 | ശ്രീമതി | 01.04.2016 | 31.03.2017 | കാർത്തിക, |

| | | | | | | |
|---|---|---|---|---|---|---|
| | | | സ്മിത.പി.ആർ | | | പി.ഒ.ഏഴോം,<br>കണ്ണൂർ-670334 |
| 4 | സി.ഡി. പി.ഒ,<br>കണ്ണൂർ റൂറൽ,<br>ബ്ലോക്ക് ഓഫീസ് ,പള്ളിക്കുന്ന് | 1 | ശ്രീമതി ശോഭന<br>കുമാരി. കെ.ജി | 01.04.2016 | 09.03.2017 | ശക്തി,മേലെചൊവ്വ,<br>കണ്ണൂർ |
| | | 2 | ശ്രീമതി<br>ബിന്ദു.എൻ.പി | 10.03.2017 | 31.03.2017 | നാലുംകൂടിയപറമ്പിൽ<br>കളരിയിൽ ഹൗസ്,<br>പി.ഒ. നടക്കാവ്,<br>കോഴിക്കോട്-673011 |
| 5 | സി.ഡി.പി.ഒ/ അർബൻ,<br>കണ്ണൂർ,താളിക്കാവ് | | ശ്രീമതി സുധ.എം | 01.04.2016 | 31.03.2017 | ആതിര ,<br>പള്ളിക്കുന്ന്.പി.ഒ |
| 6 | സി.ഡി.പി. ഒ,(എസ്.സി.)<br>പട്ടികജാതി വികസന<br>ഓഫീസ്, പള്ളിക്കുന്ന്, | | ശ്രീമതി വിമല.സി | 01.04.2016 | 31.03.2017 | തനയാടൻ ഹൗസ്,<br>അഴീക്കോട്.പി.ഒ |
| 7 | സീനിയർ വെറ്ററിനറി സർജൻ<br>വെറ്ററിനറി ക്ലിനിക്ക്,എടക്കാട് | | ഡോ.വിജയകുമാർ<br>.ബി.സെയ് ഗാൾ | 01.04.2016 | 31.03.2017 | ലഭ്യമല്ല |
| 8 | മെഡിക്കൽ ഓഫീസർ<br>(അലോപ്പതി),<br>ജില്ലാ ആശുപത്രി, കണ്ണൂർ | | ഡോ.മായ.കെ | 01.04.2016 | 31.03.2017 | ലഭ്യമല്ല |
| 9 | മെഡിക്കൽ ഓഫീസർ<br>,ഗവ.ആയുർവേദ<br>ഡിസ്പെൻസറി, പള്ളിക്കുന്ന് | | ഡോ.രശ്മിത.<br>ആർ. എം | 01.04.2016 | 31.03.2017 | ആഷിയാന,തയ്യിൽ,<br>പറശ്ശിനിക്കടവ്.പി.ഒ<br>പിൻ-670563 |
| 10 | മെഡിക്കൽ<br>ഓഫീസർ(ഹോമിയോ),<br>ഹോമിയോ ഡിസ്പെൻസറി,<br>പള്ളിക്കുന്ന് | | ഡോ ഷാജിമോൻ<br>പീറ്റർ | 01.04.2016 | 31.03.2017 | ചന്ദ്രാ ഗാർഡൻസ്,<br>അംബികാ റോഡ്,<br>പള്ളിക്കുന്ന്, കണ്ണൂർ-4 |
| 11 | മെഡിക്കൽ ഓഫീസ്<br>പി.എച്ച്.സി, പള്ളി ക്കുന്ന് | | ഡോ രാജേശ്വരി<br>രാജ് | 01.04.2016 | 31.03.2017 | ലഭ്യമല്ല |
| 12 | ഹെൽത്ത്<br>സൂപ്പർവൈസർ,<br>കണ്ണൂർ കോർപ്പറേഷൻ | 1 | ടി.എം.രഘുനാഥ് | 01.04.2016 | 31.052016 | കണ്ടമ്പേത്ത് ഹൗസ്<br>,കൊക്കാനിശ്ശേരി,<br>നിയർ മടത്തുംപടി<br>ടെമ്പിൾ,<br>പയ്യന്നൂർ(പി.ഒ) |
| | | 2 | വി.പി.പത്മനാഭൻ,<br>എച്ച്.ഐ (അധിക<br>ചുമതല) | 01.06.2016 | 27.07.2016 | അരുണോദയം,<br>(പി.ഒ) മേപ്പയിൽ.<br>വടകര |
| | | 3 | ഗിരീശൻ.കെ.എം | 28.07.2016 | 31.03.2017 | കൽഹാര,<br>പി.ഒ.ചോമ്പാല,<br>കോഴിക്കോട് |
| 13 | ഡെപ്യൂട്ടി ഡയരക്ടർ,<br>അഗ്രിക്കൾച്ചർ,<br>പ്രിൻസിപ്പൽ കൃഷി<br>ഓഫീസ്,കണ്ണൂർ | | ശ്രീജോർജ്ജ്<br>ജോസഫ് | 01.04.2016 | 31.03.2017 | ലഭ്യമല്ല |
| 14 | ഫിഷറീസ് സബ് ഇൻസ്പെക്ടർ, | | ശ്രീമതി സരിത. | 01.04.2016 | 31.03.2017 | പ്രസാദ് നിവാസ്, |

| | | | | | | |
|---|---|---|---|---|---|---|
| | ഡെപ്യൂട്ടി ഡയരക്ടർ, ഫിഷറീസ്, കണ്ണൂർ | | കെ.വി | | | പഴശ്ശി, പാവന്നൂർമൊട്ട.പി.ഒ, മയ്യിൽ |
| 15 | ~~ഹെഡ് മാസ്റ്റർ, ജി. എച്ച്.എസ്.~~ എസ്, കണ്ണൂർ | | വി.എ.പ്രേമരാജൻ | 01.04.2016 | 31.03.2017 | ലഭ്യമല്ല |
| 16 | ഹെഡ് മാസ്റ്റർ ഗവ. യു.പി.സ്കൂൾ, ചാലാട് | | ശ്രീ ഹാരിസ്.എൻ. കെ | 01.04.2016 | 31.03.2017 | ഫാസ് വില്ല, കാഞ്ഞിരോട്, കുടാളി.പി.ഒ |
| 17 | ഹെഡ് മിസ്ട്രസ്സ്, ജിഡബ്ല്യൂഎൽ,ജിഡബ്ല്യൂ എൽ.പി.എസ്,പുഴാതി | | ശ്രീമതി എസ്. തങ്കമണി, | 01.04.2016 | 31.03.2017 | ലഭ്യമല്ല |
| 18 | വി.ഇ.ഒ,പുഴാതി സോണൽ ഓഫീസ് | | ശ്രീ ബബീഷ് കുമാർ. വി.കെ | 01.04.2016 | 31.03.2017 | വാണി നിലയം, നടാൽ, എടക്കാട്.പി.ഒ |
| 19 | വി.ഇ.ഒ, പള്ളിക്കുന്ന് സോണൽ ഓഫീസ് | | ഐ.വി.ഐസക്ക് | 01.04.2016 | 31.03.2017 | 2/313ഡി, സരോവരം, തിരുവാങ്കുളം, പി.ഒ, എറണാകുളം-682305 |
| 20 | വി.ഇ.ഒ,ചേലോറ സോണൽ ഓഫീസ് | | ശ്രീമതി ശ്രീലത. വി.എം | 01.04.2016 | 31.03.2017 | ശ്രീനിധി, വേങ്ങാട്, പി.ഒ-670612 |
| 21 | വി.ഇ.ഒ, ചേലോറ സോണൽ ഓഫീസ് | | ശ്രീ മുഹമ്മദ് സാജിദ്, തൈക്കണ്ടി | 01.04.2016 | 31.03.2017 | അയോധ്യ, പി.ഒ.മാമ്പ |
| 22 | വി.ഇ.ഒ,എടക്കാട് സോണൽ ഓഫീസ് | | സുജിത്ത്.പി | 01.04.2016 | 31.03.2017 | മൗവ്വേരി ഹൗസ്, പി.ഒ. കുറ്റിക്കകം, കണ്ണൂർ |
| 23 | വി.ഇ.ഒ, എളയാവൂർ സോണൽ ഓഫീസ് | | ശ്രീ പ്രവീൺ കുമാർ. പി | 01.04.2016 | 31.03.2017 | പ്രവീൺ നിവാസ്, കോലത്ത് വയൽ, അഞ്ചാംപീടിക.പി.ഒ, കണ്ണൂർ -670331 |
| 24 | കൃഷി ഓഫീസർ, കൃഷി ഭവൻ, പള്ളിക്കുന്ന് | | ശ്രീ സജേഷ്കുമാർ | 01.04.2016 | 31.03.2017 | ലഭ്യമല്ല |
| 25 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ബിന്ദു.എൻ.പി | 01.04.2016 | 09.03.2017 | നാലുംകൂടിയ പറമ്പിൽ കളരിയിൽ ഹൗസ്, പി.ഒ. നടക്കാവ്, കോഴിക്കോട്-673011 |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

## ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതു വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

## ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ്ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

## ഭാഗം-3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

നഗരസഭയുടെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

## ഭാഗം-4 ധനസ്ഥിതി വിവരണം, ഓഡിറ്റ് പ്രത്യവലോകനം മുതലായവ.

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## അനുബന്ധ പത്രികകൾ

**അനുബന്ധം-1) ഓഡിറ്റ് സാക്ഷ്യപത്രം**

Annexure-1-1)Audit Certificate

Annexure 2-1) -Receipt And Payment Statement

Annexure 2-2) -Income & Expenditure Statement

Annexure 2-3) -Balance Sheet

**Annexure-3-(ഖണ്ഡിക.2-7)-കണ്ണൂർ നഗരസഭയിലെ കരാർ കാലാവധി കഴിഞ്ഞിട്ടും വാടക കരാർ പുതുക്കി വാടക നിർണയിക്കാത്ത കെട്ടിടങ്ങളുടെ വിശദവിവരം.**

-

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | 18 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | 19 |
| 3 | വാർഷിക ധനകാര്യ പത്രികപരിശോധിച്ച് -സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | 19 |
| 4 | സാമ്പത്തിക വിശകലനം | 1-4 | 19 |
| 5 | ഫണ്ട് വിനിയോഗം | 1-5 | 20 |
| 6 | പദ്ധതി അവലോകനം | 1-6 | 21 |
| 7 | തനത് വരുമാനം | 1-7 | 24 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | 24 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | 25 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | 25 |
| 11 | സൂക്ഷിക്കാത്ത രജിസ്റ്ററുകൾ | 1-11 | 26 |
| 12 | വാർഷിക ധനകാര്യ പത്രിക അപാകം | 1-12 | 26 |

| | | | |
|---|---|---|---|
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-13 | 29 |
| 14 | വാർഡ് കമ്മിറ്റി | 1-14 | 29 |
| 15 | മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ - തടസ്സവാദം തീർപ്പ് കൽപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 | 30 |
| | ഭാഗം 2 | | |
| 16 | വസ്തു നികുതി(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്) | 2-1 | 32 |
| 17 | തൊഴിൽ നികുതി(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്) | 2-2 | 32 |
| 18 | നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്) | 2-3 | 33 |
| 19 | ഡിഡി/ചെക്ക് എന്നിവ സോണൽ ഓഫീസുകളിൽ സ്വീകരിക്കുന്നില്ല.ഡിമാന്റ് രജിസ്റ്റർ അപൂർണ്ണം(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്) | 2-4 | 34 |
| 20 | ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി കുഴിയെടുക്കുന്നതിന് അനുമതി- റിസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ 47,97,051 രൂപ കുറവ്(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്) | 2-5 | 35 |
| 21 | ബിൽഡിംഗ് പെർമിറ്റ് ഫീ- എഫ്.എ.ആറിന് ആനുപാതികമായി തുക ഈടാക്കിയിട്ടില്ല-1,34,460/- രൂപ നഷ്ടം.(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്) | 2-6 | 40 |
| 22 | നഗരസഭ കെട്ടിടങ്ങളുടെ വാടക കരാർ കാലാവധി അവസാനിച്ചിട്ടും പുതുക്കി നിശ്ചയിച്ചിട്ടില്ല-കുറഞ്ഞ നിരക്കിൽ ഈടാക്കുന്നത് വഴി നഗരസഭയ്ക്ക് വൻ നഷ്ടം (കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്) | 2-7 | 43 |
| 23 | ഡി ആന്റ് ഒ ലൈസൻസ്-ലൈസൻസ് പുതുക്കുന്നതിന് യഥാസമയം സമർപ്പിക്കാത്ത അപേക്ഷകളിന്മേൽ നിയമാനുസൃത പിഴ ഈടാക്കുന്നില്ല. | 2-8 | 43 |
| 24 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന 6,420/- രൂപ ഈടാക്കേണ്ടതാണ്.(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്) | 2-9 | 44 |
| 25 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല-4,82,848/- രൂപ വരവ് നഷ്ടം | 2-10 | 48 |
| 26 | കോർപ്പറേഷൻ പരിധിയിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല-1,10,000/- രൂപ വരവ് നഷ്ടം | 2-11 | 49 |
| 27 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ-രേഖപ്പെടുത്തൽ നടത്തുന്നില്ല-തൊഴിൽ നികുതി വരവ് സംബന്ധിച്ച വിവരം അവ്യക്തത. | 2-12 | 52 |
| 28 | വസ്തു നികുതി അപാകങ്ങൾ(കണ്ണൂർ കോർപ്പറേഷൻ) | 2-13 | 55 |
| 29 | ഡി ആന്റ് ഒ ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല-ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല(പുഴാതി സോണൽ | 2-14 | 57 |

| | | | |
|---|---|---|---|
| | ഓഫീസ്) | | |
| 30 | ഡി ആന്റ് ഒ ലൈസൻസ്-ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സംവിധാനമില്ല. (പുഴാതി സോണൽ ഓഫീസ്) | 2-15 | 57 |
| 31 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ-രജിസ്ട്രേഷൻ ഫീ ഈടാക്കുന്നില്ല(പുഴാതി സോണൽ ഓഫീസ്) | 2-16 | 58 |
| 32 | ബാക്കി വന്ന രസീതികൾ-തുടർ നടപടികൾ സ്വീകരിച്ചില്ല. (ചേലോറ സോണൽ ഓഫീസ്) | 2-17 | 58 |
| 33 | അനുവദിച്ച രസീതി ബുക്കിൽ ഇരട്ടിപ്പ്(ചേലോറ സോണൽ ഓഫീസ്) | 2-18 | 58 |
| 34 | പുതുക്കിയ വസ്തു നികുതി നിരക്ക് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല-36,354 രൂപയുടെ വരുമാന നഷ്ടം.(ചേലോറ സോണൽ ഓഫീസ്) | 2-19 | 60 |
| 35 | ബിൽഡിംഗ് പെർമിറ്റ്-അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം (ചേലോറ സോണൽ ഓഫീസ്) | 2-20 | 60 |
| 36 | ഡി ആന്റ് ഒ ലൈസൻസ് -അപാകങ്ങൾ(എടക്കാട് സോണൽ ഓഫീസ്) | 2-21 | 61 |
| 37 | പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീ ഈടാക്കുന്നില്ല (എടക്കാട് സോണൽ ഓഫീസ്) | 2-22 | 62 |
| 38 | ബിൽഡിംഗ് പെർമിറ്റ്-അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം (എടക്കാട് സോണൽ ഓഫീസ്) | 2-23 | 63 |
| 39 | പള്ളിക്കുന്ന് സോണൽ ഭൗതിക സൗകര്യം ഒരുക്കുന്നില്ല (പള്ളിക്കുന്ന് സോണൽ ഓഫീസ്) | 2-24 | 63 |
| 40 | രസീതി പരിശോധന -അപാകങ്ങൾ(പള്ളിക്കുന്ന് സോണൽ ഓഫീസ്) | 2-25 | 64 |
| 41 | വസ്തു നികുതി-അപാകങ്ങൾ(പള്ളിക്കുന്ന് സോണൽ ഓഫീസ്) | 2-26 | 66 |
| 42 | തൊഴിൽ നികുതി വരവ് - റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല. (പള്ളിക്കുന്ന് സോണൽ ഓഫീസ്) | 2-27 | 66 |
| 43 | ഡി ആന്റ് ഒ ലൈസൻസ് - അപാകങ്ങൾ(പള്ളിക്കുന്ന് സോണൽ ഓഫീസ്) | 2-28 | 66 |
| 44 | ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ-തുടർ നടപടികൾ സ്വീകരിക്കുന്നതിലെ അപാകങ്ങൾ | 2-29 | 67 |
| 45 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല (പള്ളിക്കുന്ന് സോണൽ ഓഫീസ്) | 2-30 | 68 |
| 46 | സ്വകാര്യ ആശുപത്രി-പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല. | 2-31 | 68 |
| 47 | ഡി ആന്റ് ഒ ലൈസൻസ്-ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല-ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല(എളയാവൂർ സോണൽ ഓഫീസ്) | 2-32 | 70 |

| | | | |
|---|---|---|---|
| 48 | ഡി ആന്റ് ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു(എളയാവൂർ സോണൽ ഓഫീസ്) | 2-33 | 70 |
| 49 | ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കുന്നില്ല(എളയാവൂർ സോണൽ ഓഫീസ്) | 2-34 | 71 |
| 50 | തൊഴിൽ നികുതി-സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ അഫിലിയേഷൻ ബൈലോ പ്രകാരം നൽകുന്ന ശമ്പളം രേഖപ്പെടുത്തുന്നില്ല-കോർപ്പറേഷൻ തൊഴിൽ നികുതി ഇനത്തിൽ നഷ്ടം(എളയാവൂർ സോണൽ ഓഫീസ്) | 2-35 | 71 |
| 51 | പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കുന്നില്ല(എളയാവൂർ സോണൽ ഓഫീസ്) | 2-36 | 74 |
| | ഭാഗം-3 | | |
| 52 | പെയിൻ ആന്റ് പാലിയേറ്റീവ് - മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. 9,31,949/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-1 | 75 |
| 53 | തെരുവ് നായ്ക്കളുടെ നിയന്ത്രണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-2 | 75 |
| 54 | ടോയ് ലറ്റ് നിർമാണം-സ്വച്ഛ് ഭാരത് മിഷൻ-പ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-3 | 76 |
| 55 | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-മാർഗരേഖാ നിർദേശം പാലിച്ചില്ല. | 3-4 | 77 |
| 56 | സോഷ്യൽ സെക്യൂരിറ്റി മിഷന് ധനസഹായം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-25,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-5 | 77 |
| 57 | വിദ്യാർത്ഥികൾക്ക് പഠനോപകരണം-മാർഗരേഖാ നിർദ്ദേശം പാലിച്ചില്ല. | 3-6 | 78 |
| 58 | ഭവന പുനരുദ്ധാരണം-മുൻകൂർ തുക നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-7 | 79 |
| 59 | മത്സ്യ തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണിച്ചർ വിതരണം-മാർഗരേഖാ നിർദ്ദേശം പാലിച്ചില്ല. | 3-8 | 80 |
| 60 | മത്സ്യബന്ധനത്തിനുള്ള വള്ളം വിതരണം-ഗുണഭോക്തൃ വിഹിതം സംഭരിച്ചിട്ടും പ്രൊജക്ട് നടപ്പിലാക്കിയില | 3-9 | 80 |
| 61 | പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യ നിർമാർജനം-നിർവഹണം നടത്തിയ പ്രൊജക്ടുകൾ(എടക്കാട് സോണൽ) അപാകങ്ങൾ. | 3-10 | 81 |
| 62 | എളയാവൂർ ചേലോറ സോണൽ ഭവനനിർമാണ പ്രവൃത്തി പൂർത്തിയാക്കുവാൻ ബാക്കി | 3-11 | 83 |
| 63 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-പദ്ധതി മാർഗരേഖാ നിർദ്ദേശം പാലിച്ചില്ല. | 3-12 | 83 |
| 64 | കോർപ്പറേഷൻ സെക്രട്ടറി നിർവഹണോദ്യോഗസ്ഥ നായി | 3-13 | 84 |

| | | | |
|---|---|---|---|
| | മാതൃകാപരമായ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയില്ല. പരിശോധനാ വിധേയമാക്കേണ്ടതാണ് | | |
| 65 | മാർഗരേഖാ നിർദേശം പാലിച്ചില്ല | 3-14 | 85 |
| 66 | അംഗീകരിച്ചതിൽ വളരെ ചെറിയ ശതമാനം പ്രോജക്ടുകൾ മാത്രം നടപ്പിലാക്കുന്നു . | 3-15 | 85 |
| 67 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാർഗരേഖക്ക് വിരുദ്ധമായി വിനിയോഗിച്ചു. 19,43,300 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-16 | 86 |
| 68 | പൈപ്പ് ലൈൻ നീട്ടൽ . വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 10,18,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-17 | 87 |
| 69 | വൈദ്യുതി ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 6,34,470 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-18 | 88 |
| 70 | ഒഴിഞ്ഞ ടാർ വീപ്പയുടെവില ഈടാക്കിയതിൽ കുറവ് (ടാർ വീപ്പയുടെ വില-6,664, വാറ്റ്-833) ആകെ-7,497) | 3-19 | 89 |
| 71 | ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കിയ പദ്ധതികൾ- അപാകങ്ങൾ-5,50,971 /-രൂപ തടസ്സപ്പെടുത്തുന്നു. | 3-20 | 89 |
| 72 | പെൻഷൻ ഫണ്ട്-കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്- നാളിതുവരെ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. | 3-21 | 91 |
| 73 | ചൊവ്വ ഡിവിഷനിൽ സൗത്ത് റെയിൽവെ സ്റ്റേഷനിലേക്ക് 110 കെ വി ഭൂഗർഭ ലൈൻ വലിച്ചതിനെ തുടർന്ന് തകർന്ന റോഡിന് ടാറിംഗും,റീടാറിംഗും,നടപ്പാത നിർമ്മാണവും-റോഡ് കട്ടിംഗ്- റിസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയ വിവരം ലഭ്യമാക്കിയില്ല. ചെലവു തുക 16,69,498 രൂപ തടസ്സപ്പെടുത്തുന്നു. | 3-22 | 92 |
| 74 | സ്ഥിരനിക്ഷേപങ്ങൾ-നീക്കിയിരിപ്പ്- യഥാർത്ഥ തുക വ്യക്തമാകുന്നില്ല. | 3-23 | 92 |
| | ഭാഗം-4 | | |
| 75 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 94 |
| 76 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 94 |
| 77 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | 94 |
| 78 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | 95 |
| 79 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | 95 |
| 80 | ഓഡിറ്റ് റിക്കവറി | 4-6 | 96 |
| 81 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | 96 |
| 82 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | 101 |
| 83 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | 103 |
| 84 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | 107 |
| 85 | അനുബന്ധങ്ങൾ | | |

| | | | |
|---|---|---|---|
| | അനുബന്ധം-1) ഓഡിറ്റ് സാക്ഷ്യപത്രം | | 110 |
| | Annexure-1-1)Audit Certificate | | 111 |
| | Annexure 2-1) -Receipt And Payment Statement | | 112 |
| | Annexure 2-2) -Income & Expenditure Statement | | 116 |
| | Annexure 2-3) -Balance Sheet | | 118 |
| | Annexure-3-(ഖ.2-7)-കണ്ണൂർ നഗരസഭയിലെ കരാർ കാലാവധി കഴിഞ്ഞിട്ടും വാടക കരാർ പുതുക്കി വാടക നിർണയിക്കാത്ത കെട്ടിടങ്ങളുടെ വിശദവിവരം. | | 121 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 27.02.2016 തിയതിയിലെ 1ാം നമ്പ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലു തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| മുന്നിരിപ്പ് | 38,31,15,240 |
| വരവ് | 2,47,24,37,000 |
| ആകെ | 2,85,55,52,240 |
| ചെലവ് | 2,69,88,62,000 |
| നീക്കിയിരിപ്പ് | 15,66,90,240 |

**എ) <u>പ്രതീക്ഷിത വരവുകൾ ചെലവുകൾക്ക് യഥാർത്ഥ വരവു ചെലവു കണക്കുകളുമായി ഭീമമായ അന്തരം</u>**

കണ്ണൂർ നഗരസഭയുടെ 27.02.2016 തീയ്യതിയിലെ പ്രത്യേക കൗൺസിൽ തീരുമാന പ്രകാര അംഗീകരിച്ച 2016-17 ലെ വാർഷിക ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകൾ യഥാർത്ഥ വരവു ചെലവുമായി യാതൊരുവിധത്തിലും പൊരുത്തപ്പെടുത്താവുന്നതല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | ബഡ്ജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|

| | | |
|---|---|---|
| തന്നാണ്ട് വരവ് | 2,47,24,37,000 | 68,90,04,564 |
| തന്നാണ്ട് ചെലവ് | 2,69,88,62,000 | 57,51,80,957 |

തൻവർഷത്തെ യഥാർത്ഥ വരവ് പ്രതീക്ഷിത വരവിന്റെ 27.86% മാത്രമാണ്. യഥാർത്ഥ ചെലവാകട്ടെ പ്രതീക്ഷിത ചെലവിന്റെ 21.31 മാത്രമാണ്. വസ്തുനിഷ്ഠമായ പരിശോധനയു അടിസ്ഥാനത്തിലല്ല ബഡ്ജറ്റ് തയ്യാറാക്കുന്നത് എന്ന് ഇതിൽ നിന്നു വിലയിരുത്താവുന്നതാണ്. ബജ നിർദ്ദേശങ്ങൾ കുറേക്കൂടി യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സാംഖ്യ അക്കൗണ്ടിംഗ് രീതി നിർദ്ദേശിക്കുന്ന പ്രകാരം ബഡ്ജറ്റ് പുനക്രമീകരിച്ച് അംഗീകാര നേടി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ സിംഗിൾ എൻട്രി അക്കൗണ്ടിം സിസ്റ്റത്തിലാണ് ഇപ്പോഴും ബഡ്ജറ്റ് തയ്യാറാക്കുന്നത്. ആയതുകൊണ്ട് ബഡ് ജറ്റ് നിർദ്ദേശങ്ങളി ഓരോ ഇനങ്ങളിൽനിന്നുമുള്ള വ്യതിയാനം നിരീക്ഷിക്കുവാൻ നിലവിൽ പാലിച്ചു പോരുന്ന രീത പര്യാപ്തമല്ല. ഓരോ ഇനം ചെലവിനുമുള്ള ബജറ്റ് വിഹിതവും അതിൽ നിന്നുള്ള ചെലവു നിരീക്ഷിക്കുവാനുള്ള യാതൊരു സംവിധാനവും കണ്ണൂർ നഗരസഭയിൽ നിലവിലില്ല. ബജ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ പരിധിക്കുള്ളിൽ ചെലവ് നിർവ്വഹിക്കപ്പെടുന്നുണ്ട് എന്ന ഉറപ്പുവരുത്തേണ്ടതും, അംഗീകാരമില്ലാത്തതും അനാവശ്യവുമായ ചെലവ് നിയന്ത്രിക്കേണ്ടതു അത്യാവശ്യമാണ്.

# 1-2 വാർഷിക ധനകാര്യ പത്രിക

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994 സെക്ഷൻ 9(1) പ്രകാരം ഒരു സാമ്പത്തിക വർഷത്തിന്റെ അക്കൗണ്ടുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 3 നകം) ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. ഇത് അനുസരിച്ച് കോർപ്പറേഷന്റെ 2016-17 വർഷത്തെ വാർഷികധനകാര്യ പത്രിക സമർപ്പിക്കേണ്ട തീയ്യതി.31.07.2017 ആയിരുന്നു. എന്നാൽ ഒര വർഷത്തോളം താമസിച്ച് 20.07.2018 തീയതിയിൽ മാത്രമാണ് വാർഷികധനകാര്യ പത്രിക ഓഡിറ്റിന ലഭ്യമാക്കിയത്.

വാർഷിക കണക്കുകൾ നിയമപ്രകാരമുള്ള നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിന നഗരസഭാ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 01.08.2018 മുതൽ 09.08.2018 വരെ | കെ. എസ്.എ/ കെ. എൻ. എം/ 264/ സിഎം3/18 തീയ്യതി.09.08.2018 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ച സ്റ്റേറ്റ്മെന്റ്,റസീറ്റ് ആന്റ് പേയ് മെന്റ് സ്റ്റേറ്റ്മെന്റ്,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17,98,24,961.75 |
| വരവ് | 68,90,04,564 |
| ആകെ | 86,88,29,525.75 |
| ചെലവ് | 57,51,80,957 |
| നീക്കിയിരിപ്പ് | 29,36,48,568.75 |

കണ്ണൂർ നഗരസഭ സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിലെ രസീത് പെയ് മെന്റ് പത്രികയുടെ അടിസ്ഥാനത്തിലാണ് മേൽ പറഞ്ഞവ തയ്യാറാക്കിയിട്ടുള്ളത്.

കണ്ണൂർ നഗരസഭയുടെ 2015-16 വർഷത്തെ വാർഷികധനകാര്യ പത്രിക, ഓഡിറ്റ് റിപ്പോർട്ട് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 179824961.75 രൂപയാണ് ഇവിടെ മുന്നിരിപ്പായ രേഖപ്പെടുത്തിയത്. എന്നാൽ 2016-17 വർഷത്തിലെ വാർഷികധനകാര്യ പത്രിക പ്രകാരം മുന്നിരിപ്പായ രേഖപ്പെടുത്തിയത് 179358942.44 രൂപയാണ്. ആയതു പ്രകാരം മുന്നിരിപ്പ് തുകയിൽ 466019.3 രൂപയുടെ വ്യത്യാസം ഉണ്ടായിട്ടുണ്ട്. എൻ.എം.ജി.ബി ബാങ്ക്, പുഴാതി, ആന്ധ്ര ബാങ്ക്, സിണ്ടിക്കേറ്റ് ബാങ്ക് എന്നീ ബാങ്കുകളിലുള്ള കണ്ണൂർ കോർപ്പറേഷന്റെ തനതു ഫണ്ട് അക്കൗണ്ടുകളിൽ 2016-1 വർഷത്തിൽ നടത്തിയ റിക്കൺസിലിയേഷൻ കാരണം സിസ്റ്റം ജനറേറ്റ് ചെയ്ത് വന്നമാറ്റം മൂലമാണ മേൽ വ്യത്യാസം രൂപപ്പെട്ടത്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 15914655 | 100515730 | 116430385 | 90807170 | 25623215 | 78% |
| വികസനഫണ്ട് (എസ്.സി.പി) | 18953116 | 31806000 | 50759116 | 31418268 | 19340848 | 62% |
| വികസനഫണ്ട് (ടി.എസ്.പി) | - | 169158 | 169158 | 31000 | 138158 | 18% |
| വികസന ഫണ്ട് (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 11527876 | 63320503 | 74848379 | 23024624 | 51823755 | 31% |
| കെ.എൽ.ജി. എസ്.ഡി.പി | - | 12892316 | 12892316 | 12840536 | 51780 | 99.5% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 16992401 | 81554991 | 98547392 | 38410591 | 60136801 | 39% |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 9413359 | 28150782 | 37564141 | 26433221 | 11130920 | 70% |
| തനത് ഫണ്ട് | 25992068.44 | 253836163 | 27982823144 | 231555958 | 48272273.44 | 1% |
| ഇ ഫണ്ട് | 77270463 | 113208743 | 190479206 | 119751752 | 70727454 | 63% |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസം | 182417 | 12909 | 195326 | 93405 | 101921 | 48% |
| സാക്ഷരത | 1000 | - | 1000 | 1000 | - | 100% |
| തൊഴിലുറപ്പ് | 7232 | - | 7232 | - | 7232 | 0% |
| ബി ഫണ്ട് | - | 544200 | 544200 | 544200 | - | 100% |
| എം.പി.ഫണ്ട് | 3104355 | 2993069 | 6097424 | 269232 | 5828192 | 4% |
| ആകെ | 179358942.44 | 689004564 | 868363506 | 575180957 | 293182549.44 | 66% |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ |
|---|---|---|---|---|---|---|---|
| 826 | 685993164 | 177 | 177471482 | 132 | 517 | 21% | ഇല്ല |

<u>നിർവ്വഹണ ഉദ്യോഗസ്ഥന്മാരും പദ്ധതികളും</u>

ഓഡിറ്റ് വർഷം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥന്മാരും നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണവും പദ്ധതി നടപ്പിലാക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരവും ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ | പദ്ധതി നടപ്പിലാക്കുന്നതിന് ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | മുനിസിപ്പൽ സെക്രട്ടറി | 22 | 11 | 24896965 | 15787931 | 63.41 |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | 599 | 195 | 476315865 | 75139245 | 15.77 |
| 3 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | 51 | 20 | 16799453 | 4495683 | 26.76 |
| 4 | സി.ഡി.പി.ഒ,കണ്ണൂർ റൂറൽ,ബ്ലോക്ക് ഓഫീസ് ,പള്ളിക്കുന്ന് | 18 | 13 | 39705957 | 30420753 | 76.61 |
| 5 | സി.ഡി.പി.ഒ, കണ്ണൂർ റൂറൽ, ഐ.സി.ഡി. എസ്, റൂറൽ പള്ളിക്കുന്ന്. | | | | | |
| 6 | സി.ഡി.പി.ഒ, അർബൻ, കണ്ണൂർ | | | | | |
| 7 | ഡെപ്യൂട്ടി ഡയരക്ടർ, അഗ്രിക്കൾച്ചർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്,കണ്ണൂർ | 7 | 6 | 21180200 | 11372584 | 53.69 |
| 8 | സീനിയർ വെറ്ററിനറി സർജൻ വെറ്ററിനറി ക്ലിനിക്ക്,എടക്കാട് | 4 | 3 | 1575000 | 1175500 | 74.63 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ(അലോപ്പതി), ജില്ലാ ആശുപത്രി,കണ്ണൂർ | 2 | 1 | 3250000 | 1879902 | 57.84 |
| 10 | വെറ്ററിനറി സർജൻ, | 1 | – | 60000 | – | – |
| 11 | ഫിഷറീസ് സബ് ഇൻ സ്പെക്ടർ, ഡെപ്യൂട്ടി ഡയരക്ടർ, ഫിഷറീസ്, കണ്ണൂർ | 3 | 2 | 1350000 | 569931 | 42.21 |
| 12 | മെഡിക്കൽ ഓഫീസർ , ഗവ.ആയുർവേദ ഡിസ്പെൻസറി, പള്ളിക്കുന്ന് | 3 | 3 | 3620000 | 3617208 | 99.9 |
| 13 | മെഡിക്കൽ ഓഫീസർ (ഹോമിയോ),ഹോമിയോ ഡിസ്പെൻസറി, പള്ളിക്കുന്ന് | 5 | 5 | 1525000 | 1521073 | 99.74 |
| 14 | ഹെൽത്ത് സൂപ്പർവൈസർ, കണ്ണൂർ കോർപ്പറേഷൻ | 8 | 2 | 16021105 | 1464162 | 9.13 |
| 15 | ഹെഡ് മാസ്റ്റർ, ജി. എച്ച്. എസ്. എസ്, കണ്ണൂർ | 10 | 8 | 14209144 | 12170052 | 85.64 |
| 16 | എസ്.സി. സി.ഡി.ഒ, പട്ടികജാതി വികസന ഓഫീസ്, പള്ളിക്കുന്ന്, | 7 | 1 | 1182564 | 170000 | 14.37 |
| 17 | ഹെഡ് മിസ്ട്രസ്സ്, ജിഡബ്ല്യൂഎൽ,ജിഡബ്ല്യൂ എൽ.പി.എസ്,പുഴാതി | 3 | 2 | 881425 | 242193 | 27.47 |
| 18 | വി.ഇ.ഒ,പുഴാതി സോണൽ ഓഫീസ് പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 74 | 33 | 61335384 | 19429037 | 31.67 |
| 19 | വി.ഇ.ഒ,പള്ളിക്കുന്ന് സോണൽ ഓഫീസ് പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | | | | |
| 20 | വി.ഇ.ഒ, എളയാവൂർ സോണൽ ഓഫീസ്, പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | | | | |
| 21 | വി.ഇ.ഒ,ചേലോറ സോണൽ ഓഫീസ്,പ്രൊജക്ട് ഓഫീസർ, | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | | | | |
| 22 | വി.ഇ.ഒ, ചേലോറ സോണൽ ഓഫീസ്,പ്രൊജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | | | | |
| 23 | വി.ഇ.ഒ,എടക്കാട് സോണൽ ഓഫീസ്,പ്രൊജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | | | | | |
| 24 | ഹെഡ് മാസ്റ്റർ ഗവ.യു.പി.സ്കൂൾ, ചാലാട് | 2 | - | 450000 | - | - |
| 25 | കൃഷി ഓഫീസർ,<br>കൃഷി ഭവൻ,<br>പള്ളിക്കുന്ന്, എടക്കാട് | 3 | 2 | 1025500 | 127000 | 12.38 |
| 26 | മെഡിക്കൽ ഓഫീസ് ,<br>കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 4 | 2 | 609608 | 90476 | 14.84 |

# 1-7 തനത് വരുമാനം.

| ഇനം | വരവ് |
|---|---|
| നികുതി വരവുകൾ | 17,15,48,609.88 |
| നികുതിയേതര വരവുകൾ | 10,07,36,822 |
| മറ്റുവരവുകൾ | 53,44,703 |
| ആകെ | 27,76,30,134.88 |

01.11.2015 ന് കണ്ണൂർ മുനിസിപ്പാലിറ്റിയും സമീപപഞ്ചായത്തുകളായ പുഴാതി, എടക്കാ പള്ളിക്കുന്ന്, എളയാവൂർ , ചേലോറ എന്നിവയും കൂട്ടി ചേർത്താണ് കണ്ണൂർ കോർപ്പറേഷ രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷത്തെ തനത് ഫണ്ട് വരുമാന താരതമ്യം ചെയ്യാൻ സാധിച്ചിട്ടില്ല.

# 1-8 ക്ഷേമപദ്ധതികൾ

01-04-2016 മുതൽ 31.03.2017 വരെ കണ്ണൂർ നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. (സേവന സോഫ്റ്റ് വെയർ പ്രകാരം ലഭ്യമായത്)

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 5,29,800 | 324 |
| കർഷക തൊഴിലാളി പെൻഷൻ | 82,42,200 | 815 |
| വിധവാ പെൻഷൻ | 7,60,80,800 | 5995 |
| വാർദ്ധക്യകാല പെൻഷൻ | 14,14,27,600 | 10406 |
| വികലാംഗ പെൻഷൻ | 1,62,42,100 | 1416 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,83,50,900 | 1509 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ പരിശോധന 19.09.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിര നടത്തുകയുണ്ടായി. 9,24,930 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യ പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

നഗരസഭയിലെ ആസ്തി സംരക്ഷണം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്/ മേൽനോട്ടം, ഫ്രണ്ട് ഓഫീസ സംവിധാനം, ഓഫീസ് യോഗങ്ങൾ, ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ എന്നിവ പരിശോധിച്ചപ്പോൾ ആഭ്യന്തര നിയന്ത്രണ ത്തിൽ അപാകങ്ങൾ ഉള്ളതായി കാണാൻ കഴിഞ്ഞു.

ആസ്തി രജിസ്റ്റർ കാലാനുസൃതമായി എഴുതി തയ്യാറാക്കിയിട്ടില്ല. നഗരസഭയുടെ പരിധിയിലുള്ള മരക്കാർകണ്ടിയിലെ വനിതാ വ്യവസായ കേന്ദ്രം തുറന്നു പ്രവർത്തിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല മാത്രമല്ല വ്യവസായ കേന്ദ്രത്തിന്റെ ചുറ്റും കാട് മൂടിയ നിലയിലാണ്. ഇത് ആസ്തി സംരക്ഷത്തിന് വേണ രീതിയിൽ ശ്രദ്ധിക്കുന്നില്ല എന്നതിന് ഉദാഹരണമാണ്.

സഞ്ചയ ഓൺലൈനിലൂടെ ജനങ്ങൾക്ക് വസ്തുനികുതി സംബന്ധിച്ച് സേവന നൽകുന്നുണ്ടെങ്കിലും പ്രസ്തുത ഇനത്തിലെ കുടിശ്ശിക സംബന്ധിച്ച് മാനുവലായി രജിസ്റ്റർ സൂക്ഷിക്കുകയോ സഞ്ചയ സോഫ്റ്റ് വെയർ വഴി റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ കൃത്യത പരിശോധിക്കാ ഓഡിറ്റിന് സാധിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ സാംഖ്യ സോഫ്റ്റ് വെയറുമായി ലിങ ചെയ്യാത്തതിനാൽ ലിങ്ക് ചെയ്യുന്നതുവരെ രജിസ്റ്ററുകൾ സൂക്ഷിക്കണമെന്നാണ് ഉത്തരവിര വ്യക്തമാക്കിയിട്ടുള്ളത്.

തൊഴിൽ നികുതി രജിസ്റ്റർ എഴുതിയിട്ടുണ്ടെങ്കിലും സംഗ്രഹം എഴുതി സെക്രട്ടറി ഒപ്പ് വെയ്ക്കുകയോ ആധികാരികമാക്കുകയോ ചെയ്തിട്ടില്ല എന്നത് സൂപ്പർവൈസറി നിയന്ത്രണത്തിന്റെ അഭാവമാണ കാണിക്കുന്നത്. വളരെ പഴക്കം ചെന്ന ജോലി വിഭജന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കണ്ണൂ നഗരസഭയിലെ വിവിധ സെക്ഷനുകൾ പ്രവർത്തിക്കുന്നത്. പ്രിന്റ് ചെയ്ത ഉത്തരവിന്റെ നമ്പർ/തീയ്യത എന്നിവ ലഭ്യമല്ല.

മേൽ പറഞ്ഞ വിഷയങ്ങളിൽ ഉൾപ്പെടെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായ പ്രവർത്തിക്കാത്തത് കണ്ണൂർ നഗരസഭയുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ

എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# 1-11 സൂക്ഷിക്കാത്ത രജിസ്റ്ററുകൾ

1.ഇൻകുംമ്പൻസി രജിസ്റ്റർ

ഗവ. സർക്കുലർ 72217/എ.എ3/08/ത.സ്വ.ഭ.വ 3.7.2009ൽ എല്ലാ ഓഫീസുകളിലു ഇൻകുംമ്പൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓരോ ജീവനക്കാരന്റെയു താൽക്കാലിക മേൽവിലാസം, സ്ഥിരമേൽവിലാസം,ഫോൺ നമ്പർ,വന്ന ഓഫീസിന്റെ വിവരങ്ങൾ പോയ ഓഫീസിന്റെ വിവരങ്ങൾ എന്നിവ ഈ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കാലാകാലങ്ങളിൽ നഗരസഭയിൽ സേവനമനുഷ്ഠിച്ച ജീവനക്കാരുടെ മേൽവിലാസം ലഭ്യമാകണമെങ്കിൽ ഈ രജിസ്റ്റ കൂടിയേ തീരൂ. നിലവിൽ നഗരസഭയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാരുടെയും മേൽവിലാസ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇൻകുംമ്പൻസി രജിസ്റ്റർ അടിയന്തരമായി തയ്യാറാക്കാൻ നടപ സ്വീകരിക്കേണ്ടതാണ്.

2. ഡിമാന്റ് രജിസ്റ്ററുകൾ

വരവിനങ്ങൾ സംബന്ധിച്ച് വിശദവിവരം നൽകുന്ന സഞ്ചയ സോഫ്റ്റ് വെയർ നഗരസഭയിൽ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്ത സാഹചര്യത്തിൽ ഡിമാന്റ് രജിസ്റ്ററടക്കം വരവ് സംബന്ധി മുഴുവൻ രജിസ്റ്ററുകളും നഗരസഭയിൽ തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതായിരുന്നു. എന്നാൽ നഗരസഭയിൽ വിവിധ വരവിനങ്ങളുടെ (വസ്തു നികുതി,ഡി &ഒ ലൈസൻസ്,സ്ഥാപനങ്ങളുടെ തൊഴിൽ നികുത തുടങ്ങിയവ) ഡിമാൻറ് കാണിക്കുന്ന ഡിമാന്റ് രജിസ്റ്ററുകൾ പൂർണ്ണമായും എഴുത സൂക്ഷിക്കുന്നില്ല.ആയതുകൊണ്ടുതന്നെ വരവ് ചെലവ് പത്രിക തയ്യാറാക്കിയപ്പോൾ ഈ വരവിനങ്ങളു ഡിമാന്റ് എങ്ങനെയാണ് കണക്കാക്കിയത് എന്ന് വ്യക്തമാകുന്നില്ല.

# 1-12 വാർഷിക ധനകാര്യപത്രിക അപാകം

1)വസ്തു നികുതിയിനത്തിലെ ഡിമാന്റ്, കളക്ഷൻ ബാലൻസ് എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ ഓഡിറ്റ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറും സാംഖ്യ സോഫ്റ്റ് വെയറും തമ്മിൽ ബന്ധിപ്പിച്ചിട്ടില്ല. വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിസിബി പത്രി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2)2016-17 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ തൻവർഷം പിരിഞ്ഞു കിട്ടാനുള്ള തുകകളെ സംബന്ധിച്ച വിവരങ്ങൾ താഴെ പറയും പ്രകാരം തെറ്റായ രേഖപ്പെടുത്തിയിരിക്കുന്നു.

എ)വസ്തു നികുതി

| | |
|---|---|
| ഇൻകം& എക്സ് പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് (I-1) | 9,39,75,541 |
| റസീപ്റ്റ് ആന്റ് പെയ് മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് (RP-37) | 7,71,59,231 |
| ബാലൻസ് | 1,68,16,310 |
| ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ രേഖപ്പെട്ടു ത്തിയ തുക | 1,29,07,261 |
| 39,09,049 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. | |

**<u>ബി)തൊഴിൽ നികുതി(ജീവനക്കാർ)</u>**

| | |
|---|---|
| ഇൻകം ആന്റ് എക്സ് പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് | 4,29,20,590 |
| റസീറ്റ് ആന്റ് പെയ് മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | 4,25,45,490 |
| ബാലൻസ് | 3,75,100 |
| മേൽ ബാലൻസ് തുക ബി-15 ഷെഡ്യൂളിൽ ഉൾ പ്പെടുത്തിയിട്ടില്ല. | |

**<u>സി)റെന്റ് ഫ്രം ലീസ് ഓഫ് ലാന്റ്</u>**

| | |
|---|---|
| ഇൻകം ആന്റ് എക്സ് പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് | 60,52,932 |
| റസീറ്റ് ആന്റ് പെയ് മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | 42,51,634 |
| ബാലൻസ് | 18,01,298 |
| ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക | 25,41,913 |
| 7,40,615 രൂപയുടെ വ്യത്യാസം കാണുന്നു. | |

**<u>ഡി) റെന്റ് ഫ്രം ഗസ്റ്റ് ഹൗസ്</u>**

ഈ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള 10,06,500/- രൂപ ബി-15 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| ഇൻകം ആന്റ് എക്സ് പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് | 13,42,000 |

| | |
|---|---|
| റസീറ്റ് ആന്റ് പെയ് മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | 3,35,500 |
| ബാലൻസ് | 10,06,500 |
| മേൽ തുക ബി15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | |

3) ബി-15 ഷെഡ്യൂളിൽ റിസീവബിൾ ഫോർ അഡ്വർടൈസ് മെന്റ് ടാക്സ് (അരിയർ) ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| | |
|---|---|
| 2015-16 പ്രകാരമുള്ള ബാലൻസ് ഷീറ്റിലെ കുടിശ്ശിക തുക | 8,42,222 + 8,74,195 =17,16,417 |
| റസീപ്റ്റ് ആന്റ് പെയ് മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ | - |
| കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ വരേണ്ട തുക | 17,16,417 |
| ബാലൻസ് ഷീറ്റിൽ ബി-15 പ്രകാരം രേഖപ്പെടുത്തിയ തുക | 8,42,222 |
| വ്യത്യാസം | 8,74,195 |
| 8,74,195 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല. | |

**4)ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാര 30,69,208/- രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കാണുന്നു.**

| | |
|---|---|
| ഇൻകം ആന്റ് എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് | 44,41,115 |
| 2015-16 പ്രകാരം അഡ്വാൻസ് കളക്ഷൻ | 26,59,352 |
| + തൻവർഷ വരവ് റസീപ്ററ് ആന്റ് പെയ് മെന്റ് പ്രകാരം | 13,66,192 |
| ആകെ വരവ് | 40,25,544 |
| പിരിഞ്ഞു കിട്ടാനുള്ള തുക | 4,15,571 |

എന്നാൽ പിരിഞ്ഞു കിട്ടാനുള്ള തുക 4,15,571/- രൂപ മാത്രമാണ് കാണുന്നതെങ്കിലും വാർഷി ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂളിൽ 30,69,208/- രൂപയാണ്.

5) തൻവർഷം പരസ്യനികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള ഡിമാന്റ് തുക ഇൻകം ആ എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) ബി ഫണ്ട് ചെലവിന്റെ വിശദാംശങ്ങൾ, ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ഹാജരാക്കാത്തതിനാൽ അവയുമായി ബന്ധപ്പെട്ട തുകകളുടെ ആധികാരികതയും പരിശോധിക്കാ സാധിച്ചിട്ടില്ല.

7) ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂൾ പ്രകാരമുള്ള ഫിക്സഡ് ഡെപ്പോസിറ്റ് തുകയും രജിസ്റ്റ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം താഴെ പറയുന്ന

| | |
|---|---|
| വാർഷികധനകാര്യ പത്രിക പ്രകാരമുള്ള തുക | 3,94,44,423 |
| രജിസ്റ്റർ പ്രകാരമുള്ള തുക | 4,16,69,253 |
| വ്യത്യാസം | 22,24,830 |

# 1-13 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2017 | 08-03-2017-<br>19-07-2017 | 19-07-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2012 മുതൽ<br>06.08.2012 വരെ | 2008-09<br>2011-12 | 06-12-2012 |

# 1-14 വാർഡ് കമ്മിറ്റി

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 42-വകുപ്പ് പ്രകാരം ഓരോ നഗരസഭയും ഓരേ വാർഡിനും ഓരോ വാർഡ് കമ്മിറ്റി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 44 പ്രകാര ഓരോ വാർഡ് കമ്മിറ്റിയും മൂന്നുമാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. കണ്ണൂ മുനിസിപ്പൽ കോർപ്പറേഷൻ 2016-17 വർഷത്തിൽ വിവിധ വാർഡ് കമ്മിറ്റികൾ ചേരുകയുണ്ടായ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിവിഷൻ | | വാർഡ് കമ്മിറ്റി കൂടിയ വിവരം |
|---|---|---|
| 34 | (ഏഴര) | 31.07.2016,31.10.2016,06.02.2017 |
| 47 | (ടെമ്പിൾ) | 03.08.2016,04.11.2016,29.01.2017 |
| 5 | (തളാപ്പ്) | 03.08.2016,03.11.2016,29.01.2017 |
| | | |

| | | |
|---|---|---|
| 43 | (അറക്കൽ) | 04.08.2016,04.11.2016,06.02.2017 |
| 14 | (പള്ളിപ്രം) | 31.07.2016,06.08.2018,28.10.2016 |

•

# 1-15 മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ -തടസ്സവാദം തീർപ്പ് കൽപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി നിയമം 295(4) വകുപ്പ് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകു നടത്തുന്ന ഓഡിറ്റിന്റെ റിപ്പോർട്ട് നഗരസഭക്ക് അയച്ചുകൊടുക്കുകയും 295(7) വകുപ്പ് പ്രകാരം പ്രസ്തു റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ പോരായ്മകളും ക്രമക്കേടുകളും മുനിസിപ്പാലിറ്റി ഉടൻ പരിഹരിക്കേണ്ടതു ആയതിന്മേൽ കൈക്കൊണ്ട നടപടി മൂന്ന് മാസത്തിനകം ഓഡിറ്റർക്കും സർക്കാരിലേക്കും റിപ്പോർ ചെയ്യേണ്ടതുമാണ്.

കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം14(2 പ്രകാരം നഗരസഭക്ക് ലഭിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അതിന്മേൽ സെക്രട്ടറി തയ്യാറാക്കി കുറിപ്പോടുകൂടി ഇതിലേക്ക് പ്രത്യേകം വിളിച്ചു കൂട്ടിയ കൗൺസിൽ യോഗത്തിൽ പരിഗണനക്കായ വെക്കേണ്ടതുണ്ട്. റിപ്പോർട്ട് നഗരസഭക്ക് ലഭിച്ച് ഒരു മാസത്തിനകം ഇപ്രകാരമുള്ള കൗൺസിലിന്റെ പ്രത്യേക യോഗം വിളിച്ചു ചേർക്കേണ്ടതും(ചട്ടം 14,ഉപചട്ടം3) ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്തമായ പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാന എടുക്കേണ്ടതുമാണ്.

ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭാ കൗൺസിൽ എടുത്ത തീരുമാനങ്ങളുടെയു പകർപ്പുകൾ നഗരസഭയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്നും റിപ്പോർട്ട് വാർഡ സഭകളിൽ ചർച്ച ചെയ്യണമെന്നും മേൽ ചട്ടങ്ങളിലെ 15ാം ചട്ടം വ്യക്തമാക്കുന്നു.

എന്നാൽ ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകാൻ നഗരസ തയ്യാറാകുന്നില്ല. 2011-12 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നഗരസഭ പ്രഥമ മറുപടിപോലു ലഭ്യമാക്കിയിട്ടില്ല. 1975-76 മുതൽ 2015-16 വരെയായി 42 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാ ബാക്കിയുണ്ട്. ആയത് തീർപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി ഓഡി തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ന്യൂനതകൾ കണ്ടെത്തുക എന്നതിനപ്പുറം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനത്തിന്റെ കാര്യക്ഷമമാ നടത്തിപ്പ് ഉറപ്പാക്കുക എന്നതിലേക്ക് ആധുനിക കാലഘട്ടത്തിൽ ഓഡിറ്റിന്റെ കാഴ്ചപ്പാട് മാറിയിട്ടുണ്ട ഇതിന്റെ ഭാഗമായി രേഖകൾ പരിശോധിക്കുന്ന ഘട്ടത്തിൽ തന്നെ വാചികമായും രേഖാമൂലവുമു ഓഡിറ്റ് അന്വേഷണങ്ങളും വിശദീകരണങ്ങളും സ്ഥാപനത്തിൽ നിന്ന് ഓഡിറ്റ് തേടാറുണ്ട്. എന്നാ ഇക്കാര്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിനോ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിനേ നഗരസഭ വേണ്ടത്ര ശ്രദ്ധ പുലർത്തി വരുന്നതായി കാണുന്നില്ല. ഇപ്രകാരം മറുപടി ലഭിക്കാത്ത കാര്യങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശങ്ങളായി വരുന്നത്.

റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭിക്കാതിരിക്കു സാഹചര്യത്തിൽ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികളുമായി മുന്നോട്ട് പോകാൻ ഇ വകുപ്പ് നിർബന്ധിതമാവുകയും ഉത്തരവാദികളാക്കപ്പെടുന്നവർ കോടതി വ്യവഹാരങ്ങളിലേക്ക

നീങ്ങുകയും ചെയ്യുന്ന ഒരു സ്ഥിതിയാണ് നിലവിലുള്ളത്. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനത്തെ ഇപ്രകാരം നിരുത്തരവാദപരമായി സമീപിക്കുന്നത് ഒരു തരത്തിലും അംഗീകരിക്കാവുന്നതല്ല ആവശ്യപ്പെടുന്ന രേഖകൾ യഥാസമയം ഓഡിറ്റിന് ഹാജരാക്കാനും, ഓഡിറ്റ് അന്വേഷണങ്ങൾക്ക യഥാസമയം മറുപടി നൽകാനും റിപ്പോർട്ടിലെ പരാമർശങ്ങളിൽ നിന്ന് സമയബന്ധിതമായി നടപട സ്വീകരിക്കാനും നഗരസഭ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. തീർപ്പാകാത്ത ഓഡിറ്റ റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ സ്വീകരിക്കേണ്ടതു റിപ്പോർട്ടുകളിന്മേലുള്ള തടസ്സവാദം തീർപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ നഗരസഭ കൗൺസിലിന്റെ സവിശേഷമായ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തു നികുതി(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്)

കണ്ണൂർ കോർപ്പറേഷനിലെ 2016-17 വർഷത്തെ വസ്തു നികുതി പരിശോധനയുമായി ബന്ധപ്പെ ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

<u>എ)ഡിമാന്റ്/ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല -</u>

2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജു ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം വസ്തു നികുതി രജിസ്റ്റർ സൂക്ഷിച്ച് പോരേണ്ടതാണ്. നികുതി നിർണ്ണയി കെട്ടിടങ്ങളുടെ വിവരം വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനുശേഷം നികുത ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫാറം 8 പ്രകാരമുള്ള ഡിമാന്റ് രജിസ്റ്ററി രേഖപ്പെടുത്തേണ്ടതാണ്. നികുതിദായകൻ നികുതി ഒടുക്കുന്ന സമയത്ത് നികുതി ആയി ഒടുക്കി തുകയും രശിതി നമ്പറും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്.എന്നാൽ നിലവിൽ ഇത്തരത്തിലുള്ള കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. ആയതുകൊണ്ടു തന്നെ വ്യക്തിക നികുതി ഒടുക്കുന്നതിന്റെ വിവരം നഗരസഭയിൽ ലഭ്യമാകാത്ത അവസ്ഥയാണുള്ളത്.

ഓരോ സാമ്പത്തിക വർഷാവസാനത്തിലും ഈടാക്കുവാൻ അവശേഷിക്കുന്ന വസ്തു നികുത കുടിശ്ശിക അടുത്ത സാമ്പത്തിക വർഷാരംഭത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററി രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇത്തരത്തിലുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റ എഴുതി സൂക്ഷിക്കുന്നില്ല.

<u>ബി)സഞ്ചയ സോഫ്റ്റ് വെയർപൂർണ്ണമായും പ്രവർത്തനക്ഷമമല്ല:-</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരവിനങ്ങൾ അക്കൗണ്ട് ചെയ്യുന്നതിനായി നടപ്പിലാക്കിയ സോഫ്റ്റ് വെയറാണ് സഞ്ചയ.

നഗരസഭകളിലെ നികുതി ഈടാക്കുന്നതിന് യോഗ്യമായ എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങള സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമാകേണ്ടതുണ്ട്.

എന്നാൽ കണ്ണൂർ കോർപ്പറേഷനിൽ നാളിതുവരെ സഞ്ചയ സോഫ്റ്റ് വെയർ പൂർണ്ണതോതി പ്രവർത്തന സജ്ജമായിട്ടില്ല.

കോർപ്പറേഷനിൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ കൃത്യമായി എഴുത സൂക്ഷിക്കാത്തതിനാലും, സഞ്ചയ സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കി ഡിമാ ജനറേറ്റ് ചെയ്യാത്തതിനാലും കോർപ്പറേഷൻ പ്രദേശത്തെ കെട്ടിടങ്ങളിൻമേൽ വസ്തുനികുത ഒടുക്കുന്നവരുടെയും, ഒടുക്കുവാൻ ബാക്കിയുള്ളവരുടേയും യഥാർത്ഥ വിവരം നഗരസഭയിൽ നിന്നു ലഭ്യമാകുന്നില്ല.

വസ്തു നികുതി വരവ് സംബന്ധിച്ചുള്ള ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുക എന്നിവയിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി സാക്ഷ്യപത്ര സഹിതം ഓഡിറ്റി ഹാജരാക്കുകയോ അല്ലെങ്കിൽ നഗരസഭയിലെ സഞ്ചയ സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്ത സജ്ജമാക്കി വസ്തു നികുതി വരവ് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് പരിശോധിക്കാനാവശ്യമാ നടപടികൾ സ്വീകരിക്കുയോ ചെയ്യേണ്ടതാണ്.

# 2-2 തൊഴിൽ നികുതി(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്)

കണ്ണൂർ കോർപ്പറേഷനിലെ 2016-17 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുകയുണ്ടായി.

**എ)<u>സ്ഥാപന രജിസ്റ്റർ പൂർണ്ണമല്ല.</u>**

നഗരസഭ/കോർപ്പറേഷൻ പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളുടെ പേരു വിവര കാണിക്കുന്ന സ്ഥാപന രജിസ്റ്റർ അപൂർണ്ണമാണ്. ആയതുകൊണ്ടുതന്നെ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി ഒടുക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ആയതിനാൽ നഗരസഭാ ഫണ്ടിന് ഈയിനത്തിൽ എത്ര രൂപയുടെ നഷ്ട സംഭവിച്ചിട്ടുണ്ട് എന്ന് കണക്കാക്കുവാനും സാധിച്ചിട്ടില.

സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അക്രൂവൽ അടിസ്ഥാനത്തിലാണ് വരവ് ചേർക്കുന്നത്. ഇതിനായി സ്ഥാപനങ്ങളുടെ തൊഴിൽ നികുത സംബന്ധിച്ചുള്ള ആകെ ഡിമാന്റ് തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സാംഖ്യയിൽ വരുമാനമായി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കാതെ എങ്ങിനെയാണ് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി സംബന്ധിച്ചുള്ള വരുമാനം കണക്കാക്കി സാംഖ അക്കൗണ്ടിൽ ഓരോ വർഷാരംഭത്തിലും വരുമാനമായി ചേർക്കുന്നത് എന്ന് ബന്ധപ്പെട്ടവ വിശദീകരിക്കേണ്ടതാണ്. (വർഷാരംഭത്തിൽ വരവ് ചേർക്കുന്ന ഡിമാന്റ് തുക വസ്തുതകളുമായ പൊരുത്തപ്പെടുന്നതല്ലെങ്കിൽ ആയത് ബാലൻസ് ഷീറ്റ് ഉൾപ്പെടെയുള്ളവയിൽ തെറ്റായ പ്രതിഫലിക്കുകയും അക്കൗണ്ടിന്റെ കൃത്യതയെതന്നെ ബാധിക്കുകയും ചെയ്യും.)

രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കുവാൻ നിരന്തരം വാക്കാൽ ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ടവ നിരുത്തരവാദപരമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. നഗരസഭാ ഫണ്ടിന് ലക്ഷക്കണക്കിന രൂപ വരുമാനം നേടിത്തരുന്ന ഒരു മേഖല എന്ന നിലയിൽ കൂടുതൽ കൃത്യതയോട് കൂടി തൊഴിൽ നികുതി വരവ് ചേർക്കുന്നതിന് അടിയന്തര നടപടി ഉണ്ടാവേണ്ടതിലേക്ക് ബന്ധപ്പെട്ട അധികാരികളു ശ്രദ്ധ പതിയേണ്ടതാണ്.

## 2-3 നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ (കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്)

1)നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യ പ്രവർത്തിക്കുന്നത്.ഇതുമൂലം നഗരസഭയ്ക്ക് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/ രജിസ്ട്രേഷ പുതുക്കൽ ഫീസിനത്തിൽ ലഭ്യമാകേണ്ട ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ നടത്താതെ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തര സ്ഥാപനങ്ങളെ സംബ ന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും 1994-ലെ കേര മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 508 പ്രകാരം നടപടി സ്വീകരിക്കേണ്ടതും പിഴ ചുമത്ത നഗരസഭാഫണ്ടിൽ വരവ് വയ്ക്കേണ്ടതുമാണ്.

2)1997ലെ കേരളാ മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടപ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര ആശുപത്രികളും/ പാരാമെഡിക്കൽ സ്ഥാപനങ്ങളും നിർബന്ധമായും നഗരസഭയിൽ രജിസ്റ്റ ചെയ്യേണ്ടതായിട്ടുണ്ട്.എന്നാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മിക്ക സ്വകാര ആശുപത്രികളും/പാരാമെഡിക്കൽ സ്ഥാപനങ്ങളും നഗരസഭയിൽ രജിസ്റ്റർ ചെയ്യ

പ്രവർത്തിക്കുന്നത്.ആയതിനാൽ നഗരസഭയ്ക്ക് രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ ഫീസിനത്തിൽ ലഭ്യമാകേണ്ട ഗണ്യമായ ഒരു വരുമാനം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു.

3)നഗരസഭയിൽ പ്രവർത്തിക്കുന്ന ഡി&ഒ ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ വാർഷി സ്ഥലപരിശോധന നടത്തി സ്ഥാപനങ്ങൾ പുതിയതായി യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തി ആയതിന് കൂടി ഫീസിടാക്കേണ്ടതാണ്.

4) നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് ഡി&ഒ ലൈസൻസോട് കൂടിയാണ് എന്നുറപ്പ് വരുത്തുക.ഈ സ്ഥാപനങ്ങളെല്ലാം തന്നെ തൊഴിൽ നികുതി (സ്ഥാപനങ്ങളുടെയു ജീവനക്കാരുടെയും) അടയ്ക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുക

5)ഡി&ഒ ലൈസൻസ് നൽകുന്നതിന് മുമ്പ് വ്യാപാര സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങള് പ്രവർത്തിക്കുന്നത് കോമേഴ്സ്യൽ നിരക്കിൽ വസ്തു നികുതി ഈടാക്കിക്കൊണ്ടിരിക്കുന്ന കെട്ടിടങ്ങളിലാണ് എന്ന് ഉറപ്പ് വരുത്തുക.കെട്ടിടങ്ങൾ വ്യവസായ വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയു ഗാർഹീക നിരക്കിൽ നികുതി ഈടാക്കുകയും ചെയ്യുന്നത് വൻ വരുമാന നഷ്ടത്തിന് ഇടയാക്കുന്നു.

6)ഡി&ഒ ലൈസൻസ് നൽകുന്ന സമയത്ത് അപേക്ഷകൻ തൊഴിൽ നികുതി,കൊമേഴ്സ്യ നിരക്കിലുള്ള വസ്തുനികുതി, പാരലൽ കോളേജ്, ലാബ്, ഹോസ്പിറ്റൽ തുടങ്ങിയവയാണെങ്കി ആയതിന്റെ രജിസ്ട്രേഷൻ/പുതുക്കൽ ഇനത്തിലുള്ളഫീസ് എന്നിവ ഒടുക്കിയിട്ടുണ്ടോയെന്ന പരിശോധിക്കുകയും ആയത് ഒടുക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ഡി& ലൈസൻസ് നൽകുക. ഇത് വസ്തുനികുതി തൊഴിൽ നികുതി എന്നിവ സ്ഥാപനങ്ങളും ജീവനക്കാരു ഒടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ സഹായിക്കുന്നു.

7)പ്രതിവർഷം നഗസഭയിലെ 10% കെട്ടിടങ്ങളെങ്കിലും നേരിട്ട് പരിശോധന നടത്തുകയു കെട്ടിടത്തിന്റെ വിസ്തൃതിക്കനു സരിച്ചാണ് അസസ്സ്മെന്റ് രജിസ്റ്ററിൽ നികുതി അസസ് ചെയ്തിരിക്കുന്നതെന്നും ഉറപ്പുവരുത്തുക.

8) നിലവിൽ നഗരസഭയിൽ സേവന ഉപനികുതി പിരിച്ചെടുക്കുന്നില്ല.ആയത് പിരിച്ചെടുക്കാനുള് നടപടികൾ സ്വീകരിക്കുക.

9) നഗരസഭയിൽകൂടി കടന്ന് പോകുന്ന കേബിൾ ശൃംഖലകളുടെ ഉടമസ്ഥരിൽ നിന്നു നഗരസഭയ്ക്ക് ലഭിയ്ക്കേണ്ടതായ വരുമാനം ലഭിയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുക. വിശദമായ ബൈലേ തയ്യാറാക്കി ഈടാക്കേണ്ട തുക സംബന്ധിച്ച് നടപടിക്രമങ്ങളിൽ വ്യക്തതവരുത്തുക.

10)നഗരസഭയുടെ അനുമതിയോടുകൂടി നഗരസഭയുടെ സ്ഥാവരജംഗമവസ്തുക്കളിൻമേ പരസ്യങ്ങൾ പതിക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അവരിൽ നിന്നും പരസ നികുതിക്കു പുറമേ സ്ഥാവരജംഗമ വസ്തുക്കളുടെ വാടകയും ഈടാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക

# 2-4 ഡിഡി/ചെക്ക് എന്നിവ സോണൽ ഓഫീസുകളിൽ സ്വീകരിക്കുന്നില്ല.ഡിമാന്റ് റജിസ്റ്റർ അപൂർണ്ണം.(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്)

കണ്ണൂർ കോർപ്പറേഷന്റെ കീഴിൽ പള്ളിക്കുന്ന്, പുഴാതി, എളയാവൂർ, ചേലോറ,എടക്കാട് എന്ന 5സോണൽ ഓഫീസുകളാണ് ഉള്ളത് .സോണൽ ഓഫീസ് പരിധിയിലെ നികുതി,ലൈസൻസ്, മ വരവുകൾ എന്നിവ പിരിച്ചെടുക്കുക അവയുടെ ഡിമാന്റ് തയ്യാറാക്കി സൂക്ഷിക്കുക, ഈടാക്കി

നികുതികൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വരവു വയ്ക്കുക തുടങ്ങിയവയാണ് സോണൽ ഓഫീസ് മുഖേ പ്രധാനമായും നടന്നുവരുന്നത്.ആയതുകൊണ്ട് തന്നെ സോണൽ ഓഫീസ് പ്രദേശത്തെ ജനങ്ങ കോർപ്പറേഷനിലേക്ക് ഒടുക്കുന്ന മുഴുവൻ നികുതിനികുതിയേതര വരവിനങ്ങളും അതാത് സോണ ഓഫീസുകളിലെ ഡിമാന്റ് രജിസ്റ്ററിൽ വരവ് വയ്ക്കേണ്ടതും ആയതിന്റെ കൃത്യത ഉറ വരുത്തേണ്ടതുമാണ്.എങ്കിൽ മാത്രമെ ഒരു സോണൽ ഓഫീസ് പരിധിയിലുള്ള ജനങ്ങ കോർപ്പറേഷന് നൽകാനുള്ള നികുതിനികുതിയേതര വരവുകളിൽ എത്രത്തോളം തു ഒടുക്കിയിട്ടുണ്ടെന്നും എത്ര തുക കുടിശ്ശിക ഉണ്ടെന്നും മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഈ ഇനങ്ങളിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ബന്ധപ്പെട്ടവർക്ക നോട്ടീസ് അയക്കുന്നതിനും അതുവഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും സാധിക്കുകയുള്ളൂ.

കോർപ്പറേഷനിലെ സോണൽ ഓഫീസുകളിലെയും കോർപ്പറേഷൻ മെയിൻ ഓഫീസിലെയു കമ്പ്യൂട്ടറുകൾ നിലവിൽ പരസ്പരം നെറ്റ് വർക്ക് വഴി ബന്ധിപ്പിക്കപ്പെട്ടിട്ടില്ല.സോണൽ ഓഫീസുകളി ഓരോ ദിവസവും വിവിധ ഇനങ്ങളിലായി വരവു വരുന്ന തുക അതാതു ദിവസം തന്നെ വൈകിട്ട് അ സോണൽ ഓഫീസിന്റെ അന്നത്തെ ഹെഡ് വൈസ് കൺസോളിഡേഷൻ റിപ്പോർട്ട് സഹിതം മെയി ഓഫീസിൽ എത്തിക്കുകയും അതുവഴി അവിടെനിന്ന് കോർപ്പറേഷൻ സാംഖ്യയുമായ കൂട്ടിച്ചേർക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്.കോർപ്പറേഷൻ മെയിൻ ഓഫീസിലെയും സോണ ഓഫീസുകളിലെയും വരവിനങ്ങൾക്കായുള്ള ഐ.കെ.എം ന്റെ സോഫ്റ്റ് വെയറായ സഞ്ചയ സോഫ്റ്റ് വെയർ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാവുകയോ നാളിതുവരെ സാംഖ്യയുമായി ലി ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.സോണൽ ഓഫീസുകൾ കേന്ദ്ര ഓഫീസുമായി പരസ്പരം ലി ചെയ്യപ്പെടാത്തതുകൊണ്ട് തന്നെ ഒരു സോണൽ ഓഫീസിൽ വരവായി എടുക്കുന്ന തുകയുടെ വിവര കോർപ്പറേഷനിലെ മറ്റൊരു ഓഫീസിലെ കമ്പ്യൂട്ടർ മുഖേന അറിയുവാൻ സാധിക്കുകയില്ല.

2016-17 വർഷത്തിൽ സോണൽ ഓഫീസ് പരിധിയിലുള്ള ജനങ്ങളിൽ നിന്നും സോണ ഓഫീസ് മുഖേന കോർപ്പറേഷനിലേക്ക് വരേണ്ട പ്രധാന വരവിനങ്ങളായ വസ്തു നികുതി, ഡി& ലൈസൻസ്, തൊഴിൽ നികുതി എന്നിവയിൽ പണമായി ഒടുക്കുന്നവ മാത്രമെ അതാതു സോണ ഓഫീസിൽ സ്വീകരിച്ചിട്ടുള്ളൂ.ഈ പ്രദേശത്തെ ജനങ്ങൾക്ക് നികുതി/ലൈസൻസ് ഫീസ് എന്നി ചെക്ക്/ഡിഡി മുഖേന ഒടുക്കുന്നതിനായുള്ള സൗകര്യം മെയിൻ ഓഫീസ് മുഖേന മാത്രമാണ് ചെ കൊടുത്തിട്ടുള്ളത്. സോണൽ ഓഫീസ് പ്രദേശത്തുള്ള നികുതിദായകരും സ്ഥാപനങ്ങളും ചെക്ക്/ഡിഡ മുഖേന തുക മെയിൻ ഓഫീസിൽ ഒടുക്കിയപ്പോൾ ഇതു സംബന്ധിച്ച വിവരങ്ങൾ അതാത് സോണ ഓഫീസിലെ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപടികൾ കോർപ്പറേഷൻ അധികാരിക സ്വീകരിച്ചില്ല.ഇതുമൂലം മേൽ വരവിനങ്ങളിലെ തുക കോർപ്പറേഷൻ മെയിൻ സാംഖ്യയി വരവുവരുന്നുണ്ടെങ്കിലും തുക ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ അതാത് സോണൽ ഓഫീസി സൂക്ഷിക്കേണ്ടതായിട്ടുള്ള ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താതിരിക്കുന്ന അവസ്ഥ ഉണ്ടായി.

പണരഹിത ഇടപാടുകൾക്ക് പ്രാധാന്യം നൽകിയ ഈ വർഷത്തിൽ സോണൽ ഓഫീ പ്രദേശത്തെ ജനങ്ങൾ കോർപ്പറേഷന് നൽകേണ്ട നികുതി,നികുതിയേതര തുകകൾ ചെക്കായു ഡിഡിയായും ഒടുക്കിയിട്ടുണ്ട്.ഈ തുക ബന്ധപ്പെട്ട സോണൽ ഓഫിസിലെ ഡിമാന്റ് രജിസ്റ്ററുകളി വരവ് ചേർത്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട് അധികാരികൾ ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

കോർപ്പറേഷൻ സോണൽ ഓഫീസുകളിലെ പ്രധാന വരവിനങ്ങളായ വസ്തു നികുതി, ഡി& ലൈസൻസ്, തൊഴിൽ നികുതി എന്നിവയിലെ ചെക്ക്/ഡിഡി മുഖേനയുള്ള വരവുകൾ കോർപ്പറേഷ മെയിൻ ഓഫീസിലും പണമായുള്ളവ സോണൽ ഓഫീസുകളിലും സ്വീകരിക്കുന്നതുമൂലം സോണ

ഓഫീസുകളിലെ ഈ ഇനങ്ങളിലുള്ള യഥാർഥ ഡിമാന്റിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ ഓഡിറ്റിന കഴിഞ്ഞിട്ടില്ല.

# 2-5 ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി കുഴിയെടുക്കുന്നതിന് അനുമതി- റിസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ 47,97,051/- രൂപ കുറവ്-(ക ണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്)

2016-17 സാമ്പത്തിക വർഷത്തിൽ കണ്ണൂർ നഗരസഭ പ്രദേശത്തെ താർ റോഡുകൾ മൈക്രോ ട്രഞ്ചിംഗ് രീതിയിൽ കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി കുഴിയെടുക്കുന്നതിന റിലയൻസ് ജിയോ ഇൻഫോകോം, കൊച്ചി എന്ന സ്ഥാപനത്തിന് 02.02.2016, 27.04.201 തീയ്യതികളിലെ അപേക്ഷ പരിഗണിച്ച് 31.12.2016 ലെ 17ാം നമ്പർ തീരുമാന പ്രകാരം നഗരസ കൗൺസിൽ അനുമതി നൽകിയിട്ടുണ്ട്. ആകെ 12.819 കിലോമീറ്റർ റോഡ് കട്ടിങ്ങിനാണ് റിലയൻസ അപേക്ഷിച്ചിട്ടുള്ളത്. പെർമിറ്റ് ഫീസിനത്തിൽ താഴെ പറയും പ്രകാരം തുക ഈടാക്കിയിട്ടുണ്ട്.

| | |
|---|---|
| റസ്റ്റോറേഷൻ ചാർജ് | 1,47,35,953 |
| സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2,94,71,906 |
| തറ വാടക | 97,656 |

യഥാക്രമം ഡിഡി നമ്പർ 02394, 023935 & 023956 തീ. 17.01.2017 എന്നിവ പ്രകാരമാണ് മേൽ തുകകൾ ഒടുക്കിയത്. റസ്റ്റോറേഷൻ ചാർജിനു പുറമെ പ്രസ്തുത തുകയുടെ ഇരട്ടി തുക സെക്യൂരിറ്റി ഡെപ്പോസിറ്റായും മീറ്ററിന് 30 രൂപ നിരക്കിൽ തറ വാടക നിശ്ചയിച്ചുകൊണ്ട് (2016-17ൽ ബാക്കി വരുന്ന 3 മാസത്തേക്ക് തറ വാടക കണക്കാക്കി) വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്.

കോർപ്പറേഷൻ എഞ്ചിനീയർ തയ്യാറാക്കിയ വിശദ എസ്റ്റിമേറ്റ് പ്രകാരം ആകെ ദൂരത്തിന്റെയും കണക്കാക്കിയ റിസ്റ്റോറേഷൻ ചാർജിന്റെയും വിശദ വിവരം ചുവടെ കൊടുക്കുന്നു.

1. **<u>ആകെ ദൂരം</u>**

| | |
|---|---|
| Appendix A. യോഗശാല റോഡ് | 820 m |
| എസ്.എൻ. നേഴ്സറി റോഡ് | 1317 m |
| തളാപ്പ് അമ്പലം റോഡ് | 550 m |
| **ആകെ** | 2687 m |
| **ഫുട്പാത്ത് (200 m + 200 m)** | 400 m |
| **ആകെ** | **3087 m** |

| Appendix B. | |
|---|---|
| താണ-കണ്ണൂക്കര | 2400 m |
| താഴെ ചൊവ്വ സ്പിന്നിംഗ് മിൽ | 650 m |
| **ആകെ** | **3050 m** |

| Appendix C | |
|---|---|
| താളിക്കാവ് റോഡ് | 1400 m |
| ബെല്ലാഡ് റോഡ് | 1150 m |
| ആയിക്കര തായത്തെരു | 750 m |
| കസാനക്കോട്ട | 500 m |
| നാലുവയൽ-ആനയിടുക്ക് | 727 m |
| മനോരമ ജംങ്ഷൻ | 2355 m |
| **ആകെ** | **6882 m** |

.

| | | |
|---|---|---|
| ആകെ ദൂരം | Appendix A | 3087m |
| | Appendix B | 3050m |
| | Appendix C | 6882m |
| | **ആകെ** | 13019m |

**II റിസ്റ്റോറേഷൻ ചാർജ് കണക്കാക്കിയത്**

| | |
|---|---|
| I **Appendix A :-** റിസ്റ്റോറേഷൻ വിഡ്ത്ത് | 2687 m x .75 m = 2015.25 $m^2$ |
| മാൻ ഹോൾ കുറവ് | = .75 m x .75 m x14 = 7.88 $m^2$ |
| **ആകെ** | **2007.37 $m^2$** |
| റെസ്റ്റോറേഷൻ ചാർജ്ജ് | = 2007.37 $m^2$ x 1521 $m^2$ = 30,53,210 |
| ഫുട്പാത്ത് । | |

| | |
|---|---|
| | =200 m x 1 m .15 m x 30 $m^3$ |
| | = 30 $m^2$ x 6407.87 = 1,92,236 |
| ഫുട്പാത്ത് I I | =200 m x 1 m .10 m x 20 $m^3$ |
| | = 30 $m^2$ x 1496.48 = 1,49,930 |
| ആകെ കണക്കാക്കിയത് | |
| റോഡ് റിസ്റ്റോറേഷൻ ചാർജ് | =30,53,210 |
| ഫുട്പാത്ത് | = 3,42,166 |
| | = 33,95,376 |

| | |
|---|---|
| I I **Appendix B**:-<br>റിസ്റ്റോറേഷൻ വിഡ്ത്ത് | =3050 m x .75 m = 2287.5 $m^2$ |
| റിസ്റ്റോറേഷൻ ചാർജ് | = 2287.5 x 1521 $m^2$ =34,79,288 |

| | |
|---|---|
| I I I **Appendix C** :-<br>റിസ്റ്റോറേഷൻ വിഡ്ത്ത് | =6882-28 (മാൻ ഹോൾ) = 6854 m |
| | = 6854 m x .75 m = 5140.5$m^2$ |
| | = 5140.5 m +28 m = 5168.5 $m^2$ |
| റിസ്റ്റോറേഷൻ ചാർജ് | = 5168.5 $m^2$ x 1521 $m^2$ =78,61,289 |

| | |
|---|---|
| ആകെ കണക്കാക്കിയത്<br>Appendix A | = 33,95,376 |
| Appendix B | = 34,79,288 |
| Appendix C | = 78,61,289 |
| ആകെ | = 1,47,35,953 |

10.10.2012 ലെ പൊതുമരാമത്ത് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം എൻ.എച്ച്.5 ഡി10-1845/85(ബി) പ്രകാരം ടാർ പ്രതലങ്ങളിൽ (Black topped surface) റിസ്റ്റോറേഷ വിഡ്ത്ത് ഏറ്റവും കുറഞ്ഞത് 1 മീറ്റർ ആയിരിക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ആയ കണക്കിലെടുക്കാതെ കുറഞ്ഞ റിസ്റ്റോറേഷൻ വിഡ്ത്ത് (.75 m)പ്രകാരം കണക്കാക്കിയതിനാ റിസ്റ്റോറേഷൻ ചാർജിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

വിശദ എസ്റ്റിമേറ്റ് പ്രകാരം കണക്കാക്കിയ ആകെ ദൂരമായ 13019 മീറ്ററിൽ നിന്നും ഫുട് പാത്ത ഭാഗത്തിന്റെ ദൂരമായ 400 മീറ്റർ കുറച്ചതിനു ശേഷം ലഭിച്ച ആകെ 12619 മീറ്റർ ദൂരത്തിെ റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിലാണ് കുറവ് വന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

| | |
|---|---|
| **യഥാർത്ഥത്തിൽ കണക്കാക്കേണ്ടത്**<br>റിസ്റ്റോറേഷൻ ഏരിയ | 12619m - 1.75(മാൻ ഹോൾ) |
| | = 12617.25 m |
| റിസ്റ്റോറേഷൻ വിഡ്ത്ത് | =12617.25 m x 1 m= 12617.25 $m^2$ |
| റിസ്റ്റോറേഷൻ ചാർജ്ജ് | =12617.25 $m^{22}$ x 1521/ $m^2$ |
| | = 1,91,90,838<br>======= |
| ഈടാക്കിയതിൽ കുറവ് | = 1,91,90,838-1,43,93,787 (1,47,35,953-3,42,166<br>ഫുട്പാത്ത് ചാർജ്ജ്) |
| | = 47,97,051 |

റെസ്റ്റോറേഷൻ ചാർജ്,തറ വാടക എന്നീ ഇനങ്ങളിൽ ഈടാക്കുന്ന തുകകളിന്മേൽ സേവ നികുതി നിയമത്തിലെ 65ബി ക്ലോസ് 44 പ്രകാരം ഈടാക്കേണ്ടുന്ന സേവന നികുതി ഈടാക്കിയിട്ടി വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വിഷയം | തുക | സേവന നികുതി നിരക്ക് | ഈടാക്കേണ്ടുന്ന സേവന നികുതി |
|---|---|---|---|
| റെസ്റ്റോറേഷൻ ചാർജ് | 1,91,90,838 | 15% | 28,78,626 |

| | | | |
|---|---|---|---|
| ഇനത്തിൽ ഈടാക്കേണ്ടുന്ന തുക | | | |
| തറ വാടക | 97,656 | 15% | 14,648 |
| **ആകെ** | **1,92,88,494** | **15%** | **28,93,274** |

റെസ്റ്റോറഷൻ ചാർജ് ഈടാക്കിയതുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങ ചുവടെ കൊടുക്കുന്നു.

1) കേരള സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് ഡയരകക്ടർക്ക് One Time Contributio ആയി കിലോമീറ്ററിന് 75,000/- രൂപ പ്രകാരം ആകെ 946425/- രൂപ (13.019-400=12.619x7500 ഒടുക്കിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

2)കുഴി എടുക്കുന്ന നീളത്തിന് ആനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റിനത്തിൽ കേര സംസ്ഥാന വിവര സാങ്കേതിക വകുപ്പിന് ഹാജരാക്കിയ ബാങ്ക് ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ ഓഡി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

റിലയൻസ് ജിയോ ഇൻ ഫോകോം എന്ന സ്ഥാപനത്തിൽ നിന്നും റിസ്റ്റോറേഷൻ ചാർ ഈടാക്കിയതിൽ 47,97,051/- രൂപ കുറവ് വന്നതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനായി 19-10-201 ന് 49/2016-17 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടി .റിസ്റ്റോറേഷൻ ചാർജിനത്തിൽ കുറവു വന്ന 47,97,051/- രൂപയും സേവന നികുതി ഇനത്തി ഈടാക്കേണ്ടുന്ന 28,93,274/- രൂപയും മേൽ സ്ഥാപനത്തിൽ നിന്ന് ഈടാക്കി കോർപ്പറേഷ ഫണ്ടിൽ വരവു വയ്ക്കേണ്ടതാണ്. ആല്ലാത്തപക്ഷം ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനിയറിൽ നിന്ന ഈടാക്കേണ്ടതാണ്. . One Time Contribution ആയി കേരള സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജ വകുപ്പ് ഡയരകക്ടറുടെ പേരിലടച്ച 946425/- രൂപയുടെ രശീതി പരിശോധനയ്ക്കായി ഓഡിറ്റി ഹാജരാക്കേണ്ടതാണ്.

# 2-6 ബിൽഡിംഗ് പെർമിറ്റ് ഫീ- എഫ്.എ.ആറിന് ആനുപാതികമായി തുക ഈടാക്കിയിട്ടില്ല- 1,34,460/- രൂപ നഷ്ടം. ( കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്)

കണ്ണൂർ കോർപ്പറേഷനിലെ ബിൽഡിംഗ് ഫയൽ പരിശോധിച്ചതിൽ നിന്നും (ഇ3/22712/22.9.1 ലെ അപേക്ഷ) ഇ3/ബിഎ/381/16 തീ.28.06.17 നമ്പർ ലൈസൻസ് പ്രകാരം ആഷിഖ് മുഹമ്മദ് കണ്ണോത്തുംചാൽ എന്നവർക്ക് കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. പ്ലോട്ടിന്റെ വിസ്തീർണ്ണ 4.15 ആർ ആണ്. (4.15 x100=415 ച.മീ) അംഗീകരിച്ച പെർമിറ്റിലെ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണ താഴെ പറയും പ്രകാരമാണ്.

| നിലകളുടെ വിവരം | പ്ലിന്ത് ഏരിയ (ച.മീറ്ററിൽ) |
|---|---|
| ബേസ് മെന്റ് ഫ്ലോർ | 225.35 |
| ഗ്രൗണ്ട് ഫ്ലോർ (കമേഴ്സ്യൽ) | 95.00 |
| | |

| | |
|---|---|
| ഗ്രൗണ്ട് ഫ്ലോർ(റസിഡൻഷ്യൽ) | 105.01 |
| ഫസ്റ്റ് ഫ്ലോർ (കമേഴ്സ്യൽ) | 81.98 |
| ഫസ്റ്റ് ഫ്ലോർ (റസിഡൻഷ്യൽ) | 108.90 |
| സെക്കന്റ് ഫ്ലോർ (റസിഡൻഷ്യൽ) | 225.35 |
| തേഡ് ഫ്ലോർ (റസിഡൻഷ്യൽ) | 225.35 |
| ഫോർത്ത് ഫ്ലോർ | 196.78 |
| ടെറസ്സ് ഫ്ലോർ | 43.95 |
| | •1307.67◘ |

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 31 കുറിപ്പ് (ii) പ്രകാരം ഒന്നിര കൂടുതൽ കൈവശം ഉൾപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണാനുപാതം ഏറ്റവു നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാര വാണിജ്യ/ ഗാർഹിക വിഭാഗത്തിൽപെടുന്ന ഈ കെട്ടിടത്തിന് അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി എഫ്.എ.ആർ-2.50 ആണ്. (1999 ലെ കേര മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 31(2)) ആയതിനാൽ 415 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പ്രസ്തുത ഫ്ലോട്ടിൽ അധിക ഫീസില്ലാതെ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി വിസ്തീർണ്ണ 1037.5ചതുരശ്ര മീറ്റർ മാത്രമാണ്. ( 415 x2.50). കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങ 1999 ചട്ടം 31(2) ൽ പട്ടിക (2) അനുസരിച്ച് എഫ്.എ.ആർ 2.50 ൽ കവിഞ്ഞ അധിക തറവിസ്തീർണ്ണത്തിന്റെ ഒരു ചതുര മീറ്ററിന് 3000/- രൂപ എന്ന തോതിൽ അധിക ഫീസോടുകൂടി എഫ്.എ.ആർ വരെ നിർമ്മിക്കാവുന്നതാണ്. ഈ ഓഫീസിന്റെ 48/2016-17/സിഎം1/17ാം നമ്പ എൻക്വയറിക്ക് എഫ്.എ.ആർ കണക്കാക്കാനായി ഫ്ലോർ ഏരിയ ആണ് പരിഗണിക്കുന്നത് എന്ന മറുപടി തൃപ്തികരമല്ല.കെട്ടിടത്തിന്റെ തറവിസ്തീർണ്ണം കണക്കാക്കുന്നതിന് കേരള ബിൽഡിംഗ് റൂൾ 199 ചട്ടം 8 (ബി) (1) പ്രകാരം ഫ്ലോർ ഏരിയ പ്ലിന്ത് ലെവൽ ആയി കണക്കാക്കേണ്ടതാണ് എന്ന വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള ഈ കെട്ടിടത്തിന്റെ എഫ്.എ.ആർ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ബേസ് മെന്റ് ഫ്ലോർ(പാർക്കിംഗ് ഏരിയ) | 225.35 ച.മീ |
| ഗ്രൗണ്ട് ഫ്ലോർ (കമേഴ്സ്യൽ) | 95.00 |
| ഗ്രൗണ്ട് ഫ്ലോർ (റസിഡൻഷ്യൽ) | 105.01 |
| ഫസ്റ്റ് ഫ്ലോർ (കമേഴ്സ്യൽ) | 81.98 |
| ഫസ്റ്റ് ഫ്ലോർ (റസിഡൻഷ്യൽ) | 108.90 |
| സെക്കൻഡ് ഫ്ലോർ (റസിഡൻഷ്യൽ) | 225.35 |
| തേഡ് ഫ്ലോർ (റസിഡൻഷ്യൽ) | 225.35 |

| | |
|---|---|
| ഫോർത്ത് ഫ്ലോർ | 196.78 |
| ടെറസ്സ് ഫ്ലോർ | 43.95 |
| ആകെ തറ വിസ്തീർണ്ണം(പ്ലിന്ത് ഏരിയ) | 1307.67 ച.മീ |
| (കുറയ്ക്കുക)പാർക്കിംഗ് ഏരിയ | 225.35 |
| എഫ്.എ.ആറിന് കണക്കാക്കുന്ന അനുവദനീയമായ ആകെ തറ വിസ്തീർണ്ണം | 1082.32 |
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണാനുപാതം | 1082.32<br>415 |
| | 2.608 |
| പരിധിയിൽ അധികരിച്ച എഫ്.എ.ആർ | 2.608-2.50 |
| | 0.108 |
| പരിധിയിൽ അധികരിച്ച് അനുവദിച്ച തറ വിസ്തീർണ്ണം (0.108 x 415) = 44.82 | 1082.32-<br>1037.50<br>44.82 |
| അധിക ചതുരശ്ര മീറ്ററിന് 3000/- രൂപ നിരക്കിൽ ഈടാക്കേണ്ട തുക | 44.82 x 3000 |
| | = 134460 |
| പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കേണ്ട തുക | 134460/- |

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന് വിധേയമായി കണക്കാക്കിയ എഫ്.എ.ആറിൽ വന പിഴവുമൂലം 1,34,460/- രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ആയത് ഉത്തരവാദിയായ മുനിസിപ്പ എഞ്ചിനീയറിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 2-7 നഗരസഭ കെട്ടിടങ്ങളുടെ വാടക കരാർ കാലാവധി അവസാനിച്ചിട്ടുംപുതുക്കി നിശ്ചയിച്ചിട്ടില്ല- കുറഞ്ഞ നിരക്കിൽ ഈടാക്കുന്നത് വഴി നഗരസഭയ്ക്ക് വൻ നഷ്ടം. (കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്)

കണ്ണൂർ നഗരസഭ വക കെട്ടിടങ്ങൾ ലേലം/ടെണ്ടർ പ്രകാരമുള്ള കരാർ കാലാവധി കഴിഞ്ഞ കെട്ടിടങ്ങൾക്ക് പുതുക്കിയ നിയമാവലി പ്രകാരം പുതുക്കിയ നിരക്കിൽ വാടക ഈടാക്കേണ്ടതുണ്ട എന്നാൽ 2016-17 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 282 കെട്ടിടങ്ങളുടെ വാടക കരാ കാലാവധി കഴിഞ്ഞിട്ടും പുതുക്കി നിശ്ചയിച്ചിട്ടില്ല. എന്നാണ് കാണാൻ കഴിഞ്ഞത്(കെട്ടിടങ്ങളു വിശദവിവരം അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

മരക്കാർ കണ്ടി ബിൽഡിംഗ്, മരക്കാർ കണ്ടി മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റ്, പട്ടികജാതി/വർ വനിതകൾക്ക് സംരംഭം എന്നീ കെട്ടിടങ്ങളുടെയും വാടക പുനർ നിർണ്ണയിച്ചിട്ടില്ല. വാടക കെട്ടിടങ്ങളു വാടക പുനർ നിർണ്ണയിക്കാത്തതിനാൽ നഗരസഭയ്ക്ക് വൻ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് എത്രയു പെട്ടെന്ന് പുനർ നിർണ്ണയിച്ച് വാടകക്കാരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 01.11.2016 ന് കണ്ണൂർ കോർപ്പറേഷൻ രൂപീകരിക്കുന്നതിനു മുമ്പുള്ള വാടകയും പുനർ നിർണ്ണയിച്ച് നഗരസഭയുടെ തനത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-8 ഡി ആന്റ് ഒ ലൈസൻസ്-ലൈസൻസ് പുതുക്കുന്നതിന് യഥാസമയം സമർപ്പിക്കാത്ത അപേക്ഷകളിന്മേൽ നിയമാനുസൃത പിഴ ഈടാക്കുന്നില്ല.

26.01.1999 ലെ കണ്ണൂർ മുനിസിപ്പാലിറ്റിയുടെ ബൈലോ ഖണ്ഡിക 6(3) (ബി) പ്രകാരം ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ സാമ്പത്തിക വർഷം തുടങ്ങുന്നതിന് 9 ദിവസങ്ങൾക്ക് മുമ്പ് സമർപ്പിച്ചിരിക്കേണ്ടതാണ്. 2016-17 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 31.12.2015നകം സമർപ്പിക്കേണ്ടതായിരുന്നുവെങ്കിലും കോർപ്പറേഷനിൽ മിക്ക അപേക്ഷകളും ഈ സമയക്രമം പാലിക്കാതെയാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണ ചുവടെ കൊടുക്കുന്നു.

| | അപേക്ഷകന്റെ പേര് | വാർഡ്/റൂം നമ്പർ | സ്ഥാപനം | അപേക്ഷ നമ്പർ തീയ്യതി | ഈടാക്കിയ ഫീസ്/രശീതി നമ്പർ |
|---|---|---|---|---|---|
| 1) | അഫ് സൽ ഖാൻ, ചോലയിൽ വീട്, ചിറക്കൽ കുളം സിറ്റി | സി.കെ. 31/36എ | ചിക്കൻ സ്റ്റാൾ | എച്ച്2-6206/ 12.03.06 | ₹350 21/214 |
| 2) | വിനായകൻ.കെ, സോപാനം, കക്കറ , തോട്ടട | സി.കെ.31/ 141 | സ്കൂട്ടർ വർക്ക് ഷോപ്പ് | എച്ച്2-9975 23.03.16 | ₹75 01/072 |
| 3) | നാസർ.എം, മൈലാഞ്ചിക്കൽ ഹൗസ്, | സി,കെ.31/79 | ഫ്ലോർ മിൽ | എച്ച്2-10079 24/3/16 | ₹250 21/858 |
| 4) | ഷജിൽ ദേവദാസ്, ശലോം, എച്ച്.ക്യൂ ഹോസ്പിറ്റൽ | സി.കെ.31/ 144എഫ് | ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് | എച്ച്2-10077/ 24.03.16 | ₹300 21/851 |
| 5) | മൊയ്തു.പി.കെ, പി.കെ.ഹൗസ്, കണ്ണൂർ | സി.കെ. 31/1445 | ടൈലറിംഗ് | എച്ച്2-10064/ 24.03.16 | ₹100 21/359 |
| 6) | സതീശൻ.കെ, കാരക്കണ്ടി ഹൗസ്, ചാലാട്. | 35/305ഡി | ടൈലറിംഗ് | എച്ച്28250/ 27.03.16 | ₹100 21/122 |

മേൽ പറഞ്ഞ ബൈലോവിലെ ഖണ്ഡിക 6(3) (സി) പ്രകാരം സമയപരിധി കഴിഞ്ഞ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ലൈസൻസ് ഫീസിന്റെ 75 ശതമാനം ബിലേറ്റഡ് ഫീസ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. കോർപ്പറേഷനിൽ വൈകി ലഭിച്ച അപേക്ഷകളിന്മേര ഇത്തരത്തിൽ ബിലേറ്റഡ് ഫീ ഈടാക്കാതെയാണ് ലൈസൻസ് പുതുക്കി നൽകി കാണുന്നത ലൈസൻസുകൾ യഥാസമയം പുതുക്കുന്നുണ്ടെന്നും പുതുക്കാത്തവരിൽ നിന്നും ബിലേറ്റഡ് ഫീസ ഈടാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

# 2-9 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന 6,420/- രൂപ ഈടാക്കേണ്ടതാണ്.(കണ്ണൂർ നഗരസഭ ഹെഡ് ഓഫീസ്)

2016-17 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അവരുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടുന്ന നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര്/തസ്തിക | വാർഡ് | സ്ഥാപനം | ആകെ ശമ്പളം | വർഷം അർദ്ധ വർഷം 2016-17 | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | നിർമൽ.കെ ഡെപ്യൂട്ടി മാനേജർ | എസ് ബി | എച്ച് ഡി എഫ്. സി, എർ ഗോ ജനറൽ ഇൻഷ്വറൻസ് കമ്പനി. | 244242 | II | 1250 | 1000 | 250 |
| 2 | കോമളവല്ലി. പി.കെ, പി.ടി.എസ് | സിഇ | പി.ഡബ് ള്യു ഡി റോഡ്/ ബ്രിഡ് ജസ് ഡിവിഷൻ | 62784 | I | 600 | 450 | 150 |
| 3 | രജനി.കെ.കെ. പി.ടി.എസ് | സിഇ | വനിതസെൽ, കണ്ണൂർ | 65607 | I,II | 600+ 600 | 450 +450 | 300 |
| 4 | കവിത.പി.വി, പ്യൂൺ | സിഇ | കണ്ണൂർ ജില്ലാ പോലീസ് സഹകരണ സംഘം ലിമിറ്റഡ് | 128916 | II | 1250 | 1000 | 250 |
| 5 | സുരേജ്.പി.വി, പ്യൂൺ | സിഇ | കണ്ണൂർ ജില്ലാ പോലീസ് സഹകരണ സംഘം ലിമിറ്റഡ് | 128916 | II | 1250 | 1000 | 250 |
| 6 | നിഷ.സി, പ്യൂൺ | സിഇ | കണ്ണൂർജില്ലാ പോലീസ് സഹകരണ സംഘം ലിമിറ്റഡ് | 128916 | II | 1250 | 1000 | 250 |
| 7 | ജിതിൻ.എം.വി, പ്യൂൺ | സിഇ | -ടി- | 128916 | II | 1250 | 1000 | 250 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | നീന.ടി ,ആയ | ടിപിഎൻ | ശ്രീനാരായണ വിദ്യാ മന്ദിർ സീനിയർ സെക്ക ന്ററി സ്കൂൾ,തളാപ്പ് | 77610 | II | 750 | 600 | 150 |
| 9 | ശ്രീജിത്ത് ഇലക്ട്രീഷ്യൻ | ടിപിഎൻ | കിംസ് ഹോസ്പിറ്റൽ | 48000 | II | 450 | 300 | 150 |
| 10 | വിനോദ്.സി.ഒ, അസി.ജനറൽ മാനേജർ | ടിവി | ശ്രീഗോകുലം ചിട്ടി | 147450 | II | 1250 | 1000 | 250 |
| 11 | ജിതിൻ.കെ തസ്തിക രേഖപ്പെടുത്തി യിട്ടില്ല. | ടിവി | കോട്ടക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് I , തളാപ്പ് റോഡ്, കണ്ണൂർ | 37716 | II | 300 | 180 | 120 |
| 12 | ലിബീഷ്.ബി, തസ്തിക രേഖ പ്പെടു ത്തിയിട്ടില്ല. | ടിവി | കോട്ടക്ക് മഹീന്ദ്ര ബാങ്ക് ബ്രാഞ്ച് I, തളാപ്പ് റോഡ്, കണ്ണൂർ | 112075 | II | 1000 | 750 | 250 |
| 13 | ലിനി കനിയാൽ, തസ്തിക രേഖ പ്പെടുത്തി യിട്ടില്ല. | ടിവി | കോട്ടക്ക് മഹീന്ദ്ര ബാങ്ക് തളാപ്പ് റോഡ്, കണ്ണൂർ ബ്രാഞ്ച് I, | 75526 | II | 750 | 600 | 150 |
| 14 | പ്രഭിത.എ, തസ്തിക രേഖപ്പെടുത്തി യിട്ടില്ല. | ടിവി | കോട്ടക്ക് മഹീന്ദ്ര ബാങ്ക് തളാപ്പ് റോഡ്, കണ്ണൂർ ബ്രാഞ്ച് I, | 80737 | II | 750 | 600 | 150 |
| 15 | രാകേഷ്, കാമത്ത്.ജി തസ്തിക രേഖപ്പെടുത്തി യിട്ടില്ല. | ടിവി | കോട്ടക്ക് മഹീന്ദ്ര ബാങ്ക് തളാപ്പ് റോഡ്, കണ്ണൂർ ബ്രാഞ്ച് I, | 102726 | II | 1000 | 750 | 250 |
| 16 | രമ്യ.സി, തസ്തിക രേഖപ്പെടു ത്തിയിട്ടില്ല. | ടിവി | -ടി- | 46682 | II | 450 | 300 | 150 |
| 17 | ഷൈജ്ജ നരിക്കാടൻ, തസ്തിക രേഖപ്പെടു ത്തിയിട്ടില്ല. | ടിവി | -ടി- | 78352 | II | 750 | 600 | 150 |
| 18 | അരുൺകുമാർ. എം, തസ്തിക രേഖപ്പെടു ത്തിയിട്ടില്ല. | ടിവി | കോട്ടക്ക് മഹീന്ദ്ര ബാങ്ക് തളാപ്പ് റോഡ്, കണ്ണൂർ ബ്രാഞ്ച് II, | 71432 | II | 600 | 450 | 150 |
| 19 | ജിഷ.ടി.കെ, തസ്തിക രേഖപ്പെടുത്തി യിട്ടില്ല. | ടിവി | -ടി- | 101802 | II | 1000 | 750 | 250 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 20 | കാജൽ.വി.വി, തസ്തിക രേഖപ്പെടു ത്തിയിട്ടില്ല. | ടിവി | -ടി- | 85212 | II | 750 | 600 | 150 |
| 21 | നിധിൻരാജ്. എം.വി, തസ്തിക രേഖ പ്പെടുത്തിയിട്ടില്ല. | ടിവി | -ടി- | 70951 | II | 600 | 450 | 150 |
| 22 | പ്രസൂൺ പ്രതീഷ്. കെ, തസ്തിക രേഖപ്പെടു ത്തിയിട്ടില്ല | ടിവി | -ടി- | 72754 | II | 600 | 450 | 150 |
| 23 | രാഹുൽ.എച്ച്, തസ്തിക രേഖപ്പെടു ത്തിയിട്ടില്ല. | ടിവി | -ടി- | 140381 | II | 1250 | 1000 | 250 |
| 24 | രോഷ്ന.എം, തസ്തിക രേഖപ്പെടു ത്തിയിട്ടില്ല. | ടിവി | -ടി- | 88084 | II | 750 | 600 | 150 |
| 25 | ഷിജിൻ.ഇ.കെ, തസ്തിക രേഖപ്പെടു ത്തിയിട്ടില്ല | ടിവി | -ടി- | 83468 | II | 750 | 600 | 150 |
| 26 | ജാനറ്റ് മാർട്ടിൻ, സ്റ്റാഫ് നേഴ് സ് | ടിവി | മാധവറാവു സിന്ധ്യ ഹോസ്പിറ്റൽ | 75335 | II | 750 | 600 | 150 |
| 27 | സൗദാമിനി. കെ, പി.ടി.എസ് | എസ് ബി | ഫെഡറൽ ബാങ്ക്, തയ്യിൽ | 45426 | II | 450 | 300 | 150 |
| 28 | ചന്ദ്രൻ.എ (എസ്. ഐജി.ഇ) | പിഎം | പോലീസ് കൺ ട്രോൾ റൂം പയ്യാമ്പലം | 339264 | II | 1250 | - | 1250 |
| | | ആകെ | | | | | | •6420 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതിൽ കുറ വന്ന 6420/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകി ഓഡിറ്റ് അന്വേഷണത്തിന്(നം.54 തീയ്യതി.29.11.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കിയതിൽ കുറ വന്ന തുക 6,420/- രൂപ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-10 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല- 4,82,848/- രൂപ വരവ് നഷ്ടം.

2016-17 വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതി കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയായി കാണുന്ന വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | മൊബൈൽ ടവറിന്റെ/ ഉടമസ്ഥന്റെ പേര് | കാല യളവ് | അസസ്സ് മെന്റ് നം. | വാർഡ് നം. | കെട്ടിട നമ്പർ | നികുതി കുടിശ്ശിക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഐഡിയ മൊബൈൽ നെറ്റ് വർക്ക് | 2016-17 I,II | 1048 | ടികെ-I | 506/J | 11798x2=23596 |
| 2 | ജയ് പാൽ മേനോൻ | 2015-16 I,II<br>2016-17 I,II | 17722 | കെപി-21 | 130/A | 5855 x 4 = 23420 |
| 3 | ഭാരതീയ എയർ ടെൽ ലിമിറ്റഡ് | 2014-15 I മുതൽ<br>2016-7 II | 33463 | 35 | 574/O | 9269 x 6 =55614 |
| 4 | അഭിലാഷ്.എസ്<br>മാനേജ് മെന്റ് നെറ്റ് വർക്ക് ഐഡിയ മൊബൈൽ | 2010-11 മുതൽ 2016-17 II | 6441 | SB/5 | 1096/M | 5505x14=77070 |
| 5 | ജയ് പാൽ മേനോൻ ഭാരതീയ എയർ ടെൽ | 2016-17 I,II | 23595 | AK/32 | 293/A | 6741x2=13482 |
| 6 | ഭാരതീയ എയർ ടെൽ ലിമിറ്റഡ് | 2014-15 I<br>മുതൽ<br>2016-17 II | 37158 | pm/58 | 243/C | 10112x6=60672 |
| 7 | ഭാരതീയ എയർ ടെൽ | 2016-17 | 1047 | TK-I | 592/A | 11798x2=23596 |
| 8 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2015-16 I<br>മുതൽ<br>2016-17 II | 6618 | SB/5 | 1096/2 | 10112x4=40448 |
| 9 | റിലയൻസ് ജിയോ ഇൻ ഫോകോം | 2015-16 I<br>മുതൽ<br>2016-17 II | 3116 | TPN/3 | 258/G | 3852x4=15408 |
| 10 | ജനറൽ മാനേജർ ടെലികോം ബിഎസ് എൻ.എൽ | 2016-17 II | - | CHW/15 | 109/A | 9271 |
| 11 | റിലയൻസ് ഇൻ ഫോകോം | 2016-17 II | - | CHW/15 | 173/A | 1321 |
| 12 | ഭാരത് ടെലി. വെഞ്ചർ | 2015-16 I<br>മുതൽ | - | MP/25 | 34/c | 4404X4=17606 |

| | | | | | | |
|---|---|---|---|---|---|---|
| | | 2016-17ll | | | | |
| 13 | ബാബു നായർ<br>ഇൻ ഫോ സ്ട്രക്ചർ | 2015-16 l,<br>മുതൽ 2016-17 ll | - | MK/1/UAC | - | 10112X4=40448X3<br>=121344 |
| | | | | | ആകെ | 482848 |

ലഭ്യമായ രേഖകളിൽ നിന്നും മേൽ 13 മൊബൈൽ ടവറുകളിൽ നിന്നുമായി 4,82,848 രൂപ മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശിക വന്നിട്ടുണ്ട്. കുടിശ്ശിക വന്ന 4,82,848/- രൂപ ടവർ ഉടമകളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കാ താൽപര്യപ്പെടുന്നു.

ഇലക്ട്രിക്കൽ ഡിവിഷൻ, കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ലഭ്യമായ വിവരമനുസരി കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ 105 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയി ഭൂരിപക്ഷം ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല എന്നാണ് വ്യക്തമാകുന്നത്. മാത്രമ നികുതി ഈടാക്കുന്ന ടവറുകളിൽ നിന്നും വസ്തു നികുതി നിർണയം (പുതിയത്) നടത്താതെയാണ നികുതി ഈടാക്കി വരുന്നത്. മൊബൈൽ ടവറുകൾക്ക് പരിഷ്കരിച്ച നിരക്കിൽ വസ്തു നികുതി നിർണയ നടത്താത്തതിനാൽ വൻതുകയാണ് കോർപ്പറേഷനിൽ വസ്തുനികുതിയിനത്തിൽ നഷ്ട വന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

കോർപ്പറേഷനിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ മൊബൈൽ ടവറുകൾക്ക പരിഷ്കരിച്ച നിരക്കിൽ നികുതി നിർണയം നടത്തി, ആയത് കുടിശ്ശികയടക്കം പിരിച്ചെടുക്കാനുള നടപടി സ്വീകരിക്കാത്തകാര്യം നേരത്തെ ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും( ഓഡി അന്വേഷണം നം.55/ തീയ്യതി.06.12.2017)ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുത പരിഷ്കരിച്ച് കുടിശ്ശികയടക്കം ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ ഒടുക്കേണ്ടതും വിവരം രേഖക സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 2-11 കോർപ്പറേഷൻ പരിധിയിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല-1,10,000/- രൂപ വരവ് നഷ്ടം

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങളിലെ 3(2) മുതൽ 11 വരെയുള്ള ചട്ടങ്ങ പ്രകാരം നഗരസഭ / കോർപ്പറേഷൻ പരിധിയിൽ തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ തുടങ്ങിയവർ 1250/- രൂപ വീതം അർദ്ധ വാർഷിക തൊഴി നികുതി ഒടുക്കേണ്ടതാണ്. എന്നാൽ കോർപ്പറേഷനിലെ 2016-17 വർഷത്തെ തൊഴിൽ നികുതിയുമായ ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷം കോർപ്പറേഷൻ പരിധിയി തൊഴിൽ ചെയ്ത ഭൂരിഭാഗം അഭിഭാഷകരും തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. വിശ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് | അസസ്സ് മെന്റ് നം. | അഭിഭാഷക ന്റെ പേര് | 2016-17 വർഷം രണ്ട് അർദ്ധ | ഒടുക്കിയത് | വ്യത്യാസം |
|---|---|---|---|---|---|---|

| | | | | വർഷങ്ങളിലുമായി ഒടുക്കേണ്ട നികുതി | | |
|---|---|---|---|---|---|---|
| 1 | CE | 5261 | അഡ്വ.അജയ കുമാർ.പി | 2500 | - | 2500 |
| 2 | CE | 5262 | അഡ്വ.സരള.ടി | 2500 | - | 2500 |
| 3 | CE | 5265 | അഡ്വ.കെ.മഹേഷ് | 2500 | - | 2500 |
| 4 | CE | 5266 | അഡ്വ.പ്രമോദ് കുമാർ | 2500 | - | 2500 |
| 5 | CE | 5267 | അഡ്വ.എ.കെ.പ്രദീപ് കുമാർ | 2500 | - | 2500 |
| 6 | CE | 5268 | അഡ്വ.പി.വി.ശൈലജൻ | 2500 | - | 2500 |
| 7 | CE | 5269 | അഡ്വ.ശ്രീകുമാർ.സി.കെ | 2500 | - | 2500 |
| 8 | CE | 5271 | അഡ്വ.രമേശ് കുമാർ | 2500 | 1250 | 1250 |
| 9 | CE | 5272 | അഡ്വ.ടി.കെ.ഫൽഗുനൻ | 2500 | - | 2500 |
| 10 | CE | 5273 | അഡ്വ.ബി.പി ശശീന്ദ്രൻ | 2500 | - | 2500 |
| 11 | CE | 5274 | അഡ്വ.കെ.ആർ സതീശൻ | 2500 | - | 2500 |
| 12 | CE | 5275 | അഡ്വ.പി.രമേശൻ | 2500 | 1250 | 1250 |
| 13 | CE | 5276 | അഡ്വ.കെ.വിജയൻ | 2500 | - | 2500 |
| 14 | CE | 5277 | അഡ്വ.ഒ.കെ.രാധാകൃഷ്ണൻ | 2500 | - | 2500 |
| 15 | CE | 5279 | അഡ്വ.എം.സി. രമേശൻ | 2500 | - | 2500 |
| 16 | CE | 5280 | അഡ്വ.സുജിത.ആർ.എസ് | 2500 | - | 2500 |
| 17 | CE | 5281 | അഡ്വ.എം.കെ. സന്തോഷ് | 2500 | - | 2500 |
| 18 | CE | 5282 | അഡ്വ.എ.ടി.പ്രജിൽ | 2500 | - | 2500 |
| 19 | CE | 5283 | അഡ്വ.പി.വി.പ്രദീപ് | 2500 | - | 2500 |
| 20 | CE | 5284 | അഡ്വ.എ.കെ.സജിത്ത് | 2500 | - | 2500 |
| 21 | CE | 5285 | അഡ്വ.പി.വി.അബ്ദുൾ ഖാദർ | 2500 | - | 2500 |
| 22 | CE | 5286 | അഡ്വ.ടി.സി അനുരാഗ് | 2500 | - | 2500 |
| 23 | CE | 5287 | അഡ്വ.എ.വി.ബാലചന്ദ്രൻ | 2500 | - | 2500 |
| 24 | CE | 5288 | അഡ്വ.സി.വി.നാരായണൻ | 2500 | - | 2500 |

| | | | | | | |
|---|---|---|---|---|---|---|
| 25 | CE | 5289 | അഡ്വ.മനോജ്.കെ.വി | 2500 | – | 2500 |
| 26 | CE | 5290 | അഡ്വ.പ്രമോദ്.കെ | 2500 | – | 2500 |
| 27 | CE | 5291 | അഡ്വ.വി.പി.മോഹനൻ | 2500 | – | 2500 |
| 28 | CE | 5292 | അഡ്വ.ജി.വി.പങ്കജാക്ഷൻ | 2500 | – | 2500 |
| 29 | CE | 5293 | അഡ്വ.ജോയ്.കെ | 2500 | – | 2500 |
| 30 | CE | 5294 | അഡ്വ.പി.കെ.മഹേഷ് | 2500 | – | 2500 |
| 31 | CE | 5295 | അഡ്വ.കെ.വി. സജിത്ത് | 2500 | – | 2500 |
| 32 | CE | 5296 | അഡ്വ.പി.മഹമൂദ് | 2500 | – | 2500 |
| 33 | CE | 5297 | അഡ്വ.കെ.സുജിത | 2500 | – | 2500 |
| 34 | CE | 5298 | അഡ്വ.എം.കെ.അനിൽ കുമാർ | 2500 | – | 2500 |
| 35 | CE | 5299 | അഡ്വ.പി.പി.ലളിത | 2500 | – | 2500 |
| 36 | CE | 5300 | അഡ്വ.കെ.കെ.ബലറാം | 2500 | – | 2500 |
| 37 | CE | 5301 | അഡ്വ കസ്തൂരി ദേവൻ | 2500 | – | 2500 |
| 38 | CE | 5302 | അഡ്വ.ഒ.കെ. ശശീന്ദ്രൻ | 2500 | – | 2500 |
| 39 | CE | 5304 | അഡ്വ.എ.കെ.ശ്രീജ | 2500 | – | 2500 |
| 40 | CE | 5305 | അഡ്വ.ടി.ഒ. മോഹനൻ | 2500 | 1250 | 1250 |
| 41 | CE | 5306 | അഡ്വ.സന്തോഷ് കുമാർ | 2500 | – | 2500 |
| 42 | CE | 5307 | അഡ്വ.വി.പി.ജ്യോത്സ്ന | 2500 | – | 2500 |
| 43 | CE | 5308 | അഡ്വ രഞ്ജിത്ത് കുമാർ | 2500 | – | 2500 |
| 44 | CE | 5310 | അഡ്വ.കെ.നൗഷാദ് | 2500 | 1250 | 1250 |
| 45 | CE | 5311 | അഡ്വ.പി.വി.ഹരിദാസൻ | 2500 | – | 2500 |
| 46 | CE | 5312 | അഡ്വ.ഇന്ദിര.പി | 2500 | – | 2500 |
| | | | **ആകെ** | **•115000◘** | **5000** | **•110000◘** |

കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും വകുപ്പ് 245(1) പ്രകാരം മുനിസിപ്പാലിറ്റി കോർപ്പറേഷൻ പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ തുടർച്ചയായോ പലപ്പോഴായോ 60 ദിവസ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്ന തായിരിക്കും. എന്നാൽ മുനിസിപ്പൽ

കോർപ്പറേഷൻ പരിധിയിൽ സിഇ വാർഡിൽ 2016-17 വർഷം തൊഴിൽ ചെയ്ത മേൽ അഭിഭാഷകരി‌‌ നിന്നും 1,10,000/- രൂപ തൊഴിൽ നികുതി ഈടാക്കാൻ ബാക്കിയുള്ളതായി കാണുന്നു. ടി തു‌ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷ മേൽപ്പറഞ്ഞവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-12 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ- രേഖപ്പെടുത്തൽ നടത്തുന്നില്ല- തൊഴിൽ നികുതി വരവ് സംബന്ധിച്ച വിവരം അവ്യക്തത.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണമായതിനാൽ കോർപ്പറേഷനിൽ തൊഴി‌ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ആളുകളും തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടോ എന്ന പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി ഒടുക്കിയതായ രേഖപ്പെടുത്തിയ വാർഡുകളിലെ ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും രണ്ടു അർദ്ധവർഷങ്ങളിലെയു തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഉദാ:- എസ്.ബി.വാർഡിൽ നിന്നുമാത്രം തൊഴിൽ നികുതി ഒടുക്കാത്തതായി രജിസ്റ്റ പരിശോധനയിൽ കണ്ടെത്തിയ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വിവരങ്ങൾ താ കൊടുക്കുന്നു.

<u>രജിസ്റ്റർ പ്രകാരം നികുതി ഒടുക്കാത്ത എസ്.ബി.വാർഡിലെ ജീവനക്കാരുടെ വിവരം:-</u>

| ക്രമ നം. | വാർഡ് | രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ/ വ്യക്തിയുടെ പെര് | നികുതി പിരിച്ചെടുക്കാൻ ബാക്കിയുള്ള അർദ്ധ വർഷം 2016-17 | |
|---|---|---|---|---|---|
| 1 | എസ്.ബി | 11 | ജേക്കബ്ബ് & ജോർജ്ജ്, ചാർട്ടേഡ് , അക്കൗണ്ടന്റ്സ് | I | II |
| 2 | | 14 | സെക്രട്ടറി,റെഡിമെയ്ഡ് ഗാർമെന്റ്സ്, കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I | II |
| 3 | | 15 | മാനേജർ, രാമാനന്ദ, ഓയിൽ മിൽ | I | II |
| 4 | | 16 | പ്രിൻസിപ്പാൾ, സ്കൂൾ ഓഫ് മാത്തമറ്റിക്സ് | I | II |
| 5 | | 20 | അഗ്രിക്കൾച്ചറൽ ഓഫീസർ, കൃഷിഭവൻ | I | II |
| 6 | | 23 | മാനേജർ അർജ്ജുൻ ഗ്യാസ് ഏജൻസി | I | II |
| 7 | | 32 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, സിവിൽ ഡിവിഷൻ, ബി.എസ്.എൻ.എൽ | I | II |
| 8 | | 39 | അഡ് | | |

| | | | | | |
|---|---|---|---|---|---|
| | | | മിനിസ്ട്രേറ്റർ,പാർവ്വതി ദന്തൽക്ലിനിക്ക് | I | - |
| 9 | | 43 | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ, ബി.എസ്.എൻ.എൽ, മാനേജർ ,സൂര്യ ടെക് സ്റ്റൈൽസ് | I | II |
| 10 | | 47 | മാനേജർ സൂര്യ ടെക് സ്റ്റൈൽസ് | I | II |
| 11 | | 50 | ഷോപ്പ് ഇൻ ചാർജ് കൺസ്യൂമർ ഫെഡ്, ഫോറിൻ ലീക്കർ ഷോപ്പ് | I | II |
| 12 | | 56 | സെക്രട്ടറി, കണ്ണൂർ കോ-ഓപ്പറേറ്റീവ് ഓട്ടോറിക്ഷ ഡ്രൈവേഴ്സ് സൊസൈറ്റി | I | II |
| 13 | | 57 | മാനേജർ, ഐപിടി ഔട്ട് സോഴ്സിംഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | I | II |
| 14 | | 59 | പ്രിൻസിപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ ആന്റ് അക്കൗണ്ടിംഗ് | I | II |
| 15 | | 60 | ചീഫ് റപ്രെസന്റ്, യുടിഐ ഫണ്ട് | I | II |
| 16 | | 61 | മാനേജർ, കൊശമറ്റം ഫിനാൻസ് | I | II |
| 17 | | 62 | മാനേജർ, മമ്മുഹാജി അസോസിയേറ്റ്സ് | I | II |
| 18 | | 63 | മാനേജർ ഗ്രേസ് അസോസിയേറ്റ്സ് | I | II |
| 19 | | 64 | മാസ്റ്റർ എഞ്ചിൻ ബിൽ ഡേഴ്സ് | I | II |
| 20 | | 66 | സെക്രട്ടറി, ഗവ.കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I | II |
| 21 | | 68 | മാനേജർ, ടാറ്റ മോട്ടോർസ് ഫിനാൻസ് | I | II |
| 22 | | 69 | സെക്രട്ടറി, കണ്ണൂർ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I | II |
| 23 | | 71 | മാനേജർ, ഡോകോമോ, | I | II |

| | | | | | |
|---|---|---|---|---|---|
| | | | സെയിൽസ് ആന്റ് സർവ്വീസസ് | | |
| 24 | | 72 | മാനേജർ ഗുഡ് ലക്ക് ഫർണിച്ചർ | I | II |
| 25 | | 73 | മാനേജർ, ഹാരീസ് ബ്രദേഴ്സ് പെട്രോൾ പമ്പ് | I | II |
| 26 | | 75 | മാനേജർ ,അശോക സർവ്വീസ് സ്റ്റേഷൻ | I | II |
| 27 | | 88 | പ്രൊപ്രൈറ്റർ അനശ്വര സിൽക്സ് ,ജീമാൾ | I | II |
| 28 | | 89 | മാനേജർ,ഹൈപ്പർ മാർക്കറ്റ്, ജീമാൾ | I | II |
| 29 | | 90 | മാനേജർ, ട്രസ്റ്റ് സർജിക്കൽസ് | I | II |

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട കണ്ണൂർ കോർപ്പറേഷനിലെ സോഫ്റ്റ് വെയർ പൂർണമായു പ്രവർത്തന സജ്ജമാകാത്ത സാഹചര്യത്തിൽ തൊഴിൽ നികുതി വരവുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി മാസാന്ത്യ സംഗ്രഹം തയ്യാറാക്കി കോർപ്പറേഷൻ സെക്രട്ട സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ കോർപ്പറേഷനിലെ തൊഴിൽ നികുതി രജിസ്റ്ററിൽ തൊഴി നികുതി സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർത്തീകരിക്കേണ്ടതും, മേൽ സ്ഥാപനങ്ങളുടെതടക്കമുള്ള കോർപ്പറേഷനി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും രണ്ടു അർദ്ധ വർഷങ്ങളിലും ഈടാക്കുന്നുണ്ടെന്ന് കോർപ്പറേഷനധികൃത ഉറപ്പുവരുത്തേണ്ടതുമാണ്.

# 2-13 വസ്തു നികുതി അപാകങ്ങൾ(കണ്ണൂർ കോർപ്പറേഷൻ)

**1) അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരിച്ചിട്ടില്ല**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.01.2011 ലെ സ.ഉ(അ)17/2011 നമ്പർ ഉത്തരവിന്റെയും 14.01.20 ലെ സ.ഉ(അ) 18/2011 നമ്പർ ചട്ടങ്ങളുടെയും , 27.04.2015 ലെ സ.ഉ(എംഎസ്)114/2015 നമ്പ ഉത്തരവിന്റയും അടിസ്ഥാനത്തിൽ കണ്ണൂർ കോർപ്പറേഷനിൽ 01.04.2016 മുതൽ പ്രാബല്യത്തിൽ വ നികുതി പരിഷ്കരിക്കുന്നതിന് 14.11.2016 ലെ 47ാം നമ്പർ കൌൺസിൽ തീരുമാന പ്രകാര ഉത്തരവായിട്ടുണ്ട്.

ജി.ഒ(എംഎസ്) 371/13/തസ്വഭവ തീ.02.12.2013 പ്രകാരം മേൽ ചട്ടങ്ങൾ പുതി നികുതിദായകർക്ക 14.01.2011 മുതലും, നിലവിലുള്ള നികുതിദായകർക്ക്(വാർഷിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും ബാധകമാകുന്നതാണ്. എന്നാ കോർപ്പറേഷനിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ, അനധികൃ കെട്ടിടങ്ങളുടെ വസ്തു നികുതി മേൽ ചട്ടങ്ങൾ പ്രകാരം പരിഷ്കരിച്ചിട്ടില്ല. മാത്രമല്ല 1994 ലെ കേര മുനിസിപ്പാലിറ്റി നിയമത്തിലെ 242ാം വകുപ്പ് പ്രകാരം ഒരു അനധികൃത കെട്ടിടത്തിന്റെ വസ്തു നികുതി പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരു

വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിയും ചേർത്തുള്ള തുകയായിരിക്കും. എന്നാൽ കോർപ്പറേഷനിലെ അനധികൃത കെട്ടിടങ്ങളിൽ നിന്ന് നിയമാനുസൃത കെട്ടിടങ്ങളിൽ നിന്ന് ഈടാക്കുന്ന അതേ നിരക്കിലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | ഉടമസ്ഥന്റെ പേര് | കെട്ടിടം/വാർഡ് | അസസ്സ് മെന്റ് വർഷം | ഫയൽ നമ്പർ |
|---|---|---|---|---|
| 1 | എം.എം.തങ്കവല്ലി,ആൾ കേരള ബാങ്ക് എംപ്ലോയിസ് | UAC/811A<br>വാർഡ്--CE | 2004-05 II | R5-1283/06/ 26.04.2006 |
| 2 | ഫെഡറേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റി | UAC/778A<br>വാർഡ്--TV | 2006-07 I | R5-3868/07/ 02.03.2007 |
| 3 | കരയൻ മാർത്താകണ്ടി രഘുദാസ്, കെ.എം. ഹൗസ്, നിയർ ആശിർവാദ്ഹോസ്പിറ്റൽ | UAC/811C<br>വാർഡ്--CE | 2006-07 I | R5-726/07/<br>07.02.2007 |
| 4 | ചെങ്ങളവൻ കുറുക്കൻ വളപ്പിൽ റഹ് മത്തുള്ള | UAC/45-CD<br>വാർഡ്--KT | 2006-07 II | R5-26942/12 |
| 5 | കല്ലിങ്കിൽ പുതിയപുരയിൽ അബൂബക്കർ | UAC/303/A<br>വാർഡ്—CW 35 | 2008-09 II | |
| 6 | പൂലേരി ശിവദാസ്, S/o നാരായണൻ നമ്പ്യാർ, ലീലാ സദനം, ചാല വെസ്റ്റ് | UAC/1398JKL/A<br>വാർഡ്—KT | 2007-08 I | |
| 7 | കണ്ണൂക്കാരത്തി നീയാദ് | UAC/405Y<br>വാർഡ്—SB | 2005-06 II | |
| 8 | കണ്ണൂക്കാരത്തി റിമാദ് | UAC/405/Z<br>വാർഡ്—SB | 2005-06 II | |
| 9 | പി.ഇബ്രാഹിം , നിഷാൻ മഹൽ, താണ , കണ്ണൂർ | UAC/TV 1<br>വാർഡ്—TV 33 | 2013-14 I | |

യുഎസി രജിസ്റ്റർ പ്രകാരം കോർപ്പറേഷൻ പരിധിയിൽ ഉള്ള മേൽ കെട്ടിടങ്ങളടക്ക നിലവിലുള്ള മുഴുവൻ അനധികൃത കെട്ടിടങ്ങളുടെയും വസ്തു നികുതി മേൽ ചട്ട പ്രകാര നിർണയിക്കേണ്ടതും, ആയത് നികുതി പരിഷ്കരണത്തിന്റെ പരിധിയിൽ കൊണ്ടുവന കുടിശ്ശികയടക്കം പിരിച്ചെടുത്ത് വസ്തു നികുതി വരുമാനയിനത്തിൽ മുതൽക്കൂട്ടേണ്ടതുമാണ്. യു.എ.സ രജിസ്റ്ററിൽ കെട്ടിടത്തിന്റെ തരം, തറ വിസ്തീർണം, കെട്ടിട നിർമ്മാണ തരം എന്നിറ രേഖപ്പെടുത്താത്തതിനാൽ( ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയ ഹാജരാക്കിയിരുന്നില്ല) പ്രസ്തുത കെട്ടിടങ്ങളിൽ നിന്ന് യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വ നികുതി എത്രയാണെന്ന് തിട്ടപ്പെടുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>2) സർക്കാർ കെട്ടിടങ്ങൾ- നികുതി പരിഷ്കരണം നടത്തിയിട്ടില്ല-</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.01.2017 ലെ സ.ഉ(അ)17/2011 നമ്പർ ഉത്തരവ് പ്രകാരം കണ്ണൂ കോർപ്പറേഷൻ പരിധിയിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങൾക്കും 01.04.2016 മുതൽ പ്രാബല്യത്തിറ വസ്തു നികുതി പരിഷ്കരിക്കുന്നതിന് 14.11.2016 തീയതിയിലെ 47ാം നമ്പർ കൗൺസിൽ തീരുമാ പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ കോർപ്പറേഷനിൽ നിലവിലുള്ള ഗവണ്മെന്റ് കെട്ടിടങ്ങളാ കലക്ടേറ്റ് കെട്ടിടം, റെയിൽവെ, ആകാശവാണി തുടങ്ങിയവയുടെ വസ്തു നികുതി പരിഷ്കരി കാണുന്നില്ല.തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉചിതമാർഗ്ഗമായ വസ്തു നികുതി പരിഷ്കരി പിരിച്ചെടുക്കാത്തതിനാൽ തനതു വരുമാനത്തിൽ ഈയിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് ഓഡിറ്റിറ വിലയിരുത്തുന്നു. വസ്തു നികുതിയ്ക്ക് വിധേയമായ എല്ലാ സർക്കാർ കെട്ടിടങ്ങളുടെ നികുതി പരിഷ്കരി വസ്തു നികുതിയിനത്തിലുള്ള വരവ് മുതൽക്കൂട്ടേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേ ശ്രദ്ധ ക്ഷണിക്കുന്നു.

<u>3) നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളും അസസ് മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.</u>

കെട്ടിട നികുതി നിർണയിച്ചതും എന്നാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകു 255(1) പ്രകാരം വസ്തു നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടതുമായ എല്ലാ കെട്ടിടങ്ങളുടെയു വിവരം അസസ് മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഫാറം 4 പ്രകാരമുള്ള വസ്തു നികുതി നിർണ രജിസ്റ്ററിൽ ഇത്തരം കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തേണ്ടതും കോളം 6 ൽ നികു ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

# 2-14 ഡി ആന്റ് ഒ ലൈസൻസ് -ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഡിമാന്റ് റജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. (പുഴാതി സോണൽ ഓഫീസ്)

പുഴാതി സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ വ്യാപാര സ്ഥാപനങ്ങളു വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് സോണൽ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല.ട്രേഡേഴ്സ് ലിസ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഇനത്തിൽ ലഭിക്കേണ്ട തുകയുടെ ഡിമാ വിവരം അടങ്ങിയ ഡിമാന്റ് റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ഇത്തരം റജിസ്റ്റ സൂക്ഷിക്കാത്തതിനാൽ സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാ സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണോ പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റിൽ പരിശോധിക്കാ സാധിച്ചിട്ടില്ല.നിലവിൽ ഒരു റജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ തൻവർഷം ഡി & ലൈസൻസിനായി അപേക്ഷിക്കുന്നവരിൽ നിന്നും ഈടാക്കിയ തുകയുടെ വിവരം മാത്ര

ചേർത്തുകാണുന്നുള്ളൂ.വരവു വരുന്ന തുക തന്നെ ഡിമാന്റായി പരിഗണിക്കുന്ന ഒരു നടപടിക്രമമാണ സോണൽ ഓഫീസ് തലത്തിൽ തുടർന്നു വരുന്നതെന്ന് ഇതിനാൽ വ്യക്തമാണ്.ഡി & ഒ ലൈസൻസ് എന്നത് അക്രൂവൽ അടിസ്ഥാനത്തിൽ വരവ് വയ്ക്കേണ്ട ഒരിനമാണ്.ആയതുകൊണ്ട് തന്നെ ഈ ഇനത്തിന്റെ ഡിമാന്റ് മുൻകൂട്ടി നിജപ്പെടുത്തേണ്ടതായിട്ടുണ്ട്.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന അടിസ്ഥാനത്തിൽ ഡിമാന്റ് കണക്കാക്കാതെ തൻവർഷം ലഭ്യമാകുന്ന അപേക്ഷ ഫീസിന് തുല്യമാ തുകതന്നെ ഡിമാന്റായി കണക്കാക്കുമ്പോൾ സോണൽ ഓഫീസിന് ഈ ഇനത്തിൽ ലഭ്യമാകേണ ഭീമമായ തുക തുടർച്ചയായി നഷ്ടപ്പെടുന്നു. ട്രേഡേഴ്സ് ലിസ്റ്റ് /ഡിമാന്റ് റജിസ്റ്റർ എന്നിവ തയ്യാറാക്ക ഇത്തരം അപാകം ആവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 2-15 ഡി ആന്റ് ഒ ലൈസൻസ് -ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സംവിധാനമില്ല.(പുഴാതി സോണൽ ഓഫീസ്)

പുഴാതി സോണൽ ഓഫീസിൽ സൂക്ഷിച്ചുപോരുന്ന റജിസ്റ്ററിൽ നിന്നും മുൻവർഷങ്ങളിൽ അനുവദി മുഴുവൻ ലൈസൻസുകളും 2016-17 സാമ്പത്തിക വർഷത്തിൽ പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

2016-17 സാമ്പത്തിക വർഷത്തിൽ ആകെ 611ലൈസൻസുകളാണ് അനുവദിച്ചത്.ഇതിൽ 55 എണ്ണം ലൈസൻസ് പുതുക്കി നൽകിയതും 53 എണ്ണം പുതിയവയുമാണ്. 2015-16 വർഷത്തിൽ ആക അനുവദിച്ച 596 ലൈസൻസുകളിൽ 558 എണ്ണം മാത്രമെ 2016-17 വർഷത്തിൽ പുതുക്കിയിട്ടുള്ളൂ.3 ലൈസൻസുകൾ പുതുക്കിയിട്ടില്ല.മേൽ സ്ഥാപനങ്ങൾ വ്യാപാരം നിർത്തിയിട്ടുണ്ടെങ്കിൽ ആ വിവര ലഭ്യമാക്കേണ്ടതാണ്.

സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന ധനലക്ഷ്മി വീവിംഗ് മിൽ, ധനലക്ഷ ആശുപത്രിയുടെ ഭാഗമായി സോണൽ ഓഫീസ് പരിധിയിൽ നടത്തിവരുന്ന നഴ്സിംഗ് ഹോസ്റ്റലുക എന്നിവിടങ്ങളിൽ നിന്നും ബൈലോ അനുശാസിക്കും പ്രകാരമുള്ള ഫീസ് ഈടാക്കി വരുന്നുണ്ട എന്നാരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് അന്വേഷണം 06/2016-17 തീയ്യത 08.06.2017) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾ നിലവില പ്രവർത്തിക്കുന്നുണ്ടെങ്കിൽ യഥാവിധി ലൈസൻസ് എടുത്തിട്ടാണോ അവ പ്രവർത്തിക്കുന്നത് എന നഗരസഭ കൗൺസിൽ ഉറപ്പു വരുത്തേണ്ടതാണ്.

# 2-16 പാരാമെഡിക്കൽ സ്ഥാപനങ്ങൾ-റജിസ്ട്രേഷൻ ഫീ ഈടാക്കുന്നില്ല.(പുഴാതി സോണൽ ഓഫീസ്)

1997 ലെ കേരള മുനിസ്സിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്ക സ്ഥാപനങ്ങ ളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഒരു മുനിസ്സിപ്പൽ പ്രദേശത്തിന അതിർത്തിക്കുള്ളിൽ മുൻകൂട്ടി റജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവു സ്ഥാപിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പുഴാതി സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങൾ മേൽ ചട്ട പ്രകാരം റജിസ്റ്റർ ചെയ്യാത പ്രവർത്തിക്കുന്നതായി കാണുന്നു.

1.സി എം മെഡിക്കൽ ലാബ്,ഹാജി ബിൽഡിംഗ്

2.മലബാർ ഡെന്റൽ ക്ലിനിക്ക്,കാസാ മറീന കോംപ്ലക്സ്,തളാപ്പ്

3.ഡെന്റൽ ക്ലിനിക്ക്,കക്കാട്

4.ഹോമിയോ ക്ലിനിക്ക്,പൊടിക്കുണ്ട്.

ഇത്തരത്തിൽ റജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്ക സത്വര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-17 ബാക്കി വന്ന രസീതികൾ-തുടർ നടപടികൾ സ്വീകരിച്ചില്ല. (ചേലോറ സോണൽ ഓഫീസ്)

ചേലോറ സോണൽ ഓഫീസിൽ 2015-16ൽ പഞ്ചായത്ത് കാലയളവിൽ അനുവദിച്ച കൈയെഴുത്ത രസീതി ബുക്കുകളിൽ 21939 മുതൽ 21962 വരെ നമ്പറായുള്ള 24 രസീതി ബുക്കുകൾ ഉപയോഗിക്കാതെ കിടക്കുന്നതായി കാണുന്നു.ഇതിൽ 21939 മുതൽ 21955 വരെയുള്ളത് സോണൽ ഓഫീസിന്റെ സീല പതിച്ചവയും 21956 മുതൽ 21962വരെ സീൽ പതിക്കാത്തവയുമാണ്.മേൽ രസീതി ബുക്കുക ദുരുപയോഗം ചെയ്യാത്തവിധത്തിലുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി മുൻവർഷ ഓഡിറ്റില നിർദ്ദേശിച്ചിരുന്നുവെങ്കിലും യാതൊരുവിധ തുടർ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.മേല വിഷയത്തിൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിക്കാത്തത് ഉത്തരവാദപ്പെട്ടവരുടെ അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-18 അനുവദിച്ച രസീതി ബുക്കിൽ ഇരട്ടിപ്പ്.(ചേലോറ സോണൽ ഓഫീസ്)

ചേലോറ സോണൽ ഓഫീസിലെ രസീതി ബുക്കിന്റെ സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചതിൽ നിന്നു 24-10-2016,11-11-2016 എന്നീ തീയതികളിൽ ലഭ്യമായ 10 രസീതി ബുക്കുകളിൽ രേഖപ്പെടുത്തിയ അതേ ബുക്ക്/രസീതി നമ്പറിലുള്ളവ തന്നെ 13-3-2017 ലും ലഭ്യമായതായി റജിസ്റ്ററിൽ രേഖപ്പെടുത്തുകയു തുടർന്ന് ഔട്ട് ഡോർ കലക്ഷനായി വസ്തു നികുതി പിരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നൽകിയതായു കാണുന്നു. 2016-17 കണ്ണൂർ കോർപ്പറേഷനിൽ നിന്നും ഒരേ നമ്പറായുള്ള രസീതി ബുക്കുകൾ തന്നെയാണ വീണ്ടും അനുവദിച്ചതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ബുക്ക് നമ്പർ | രസീതി നമ്പർ | ഔട്ട് ഡോർ കലക്ഷനായി രസീതി കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് | |
|---|---|---|---|
| | | 24-10-2016, 11-11-2016 തീയതികളിൽ ലഭ്യമായവയുടെ വിവരം | 13-3-2017 തീയതിയിൽ ലഭ്യമായവയുടെ വിവരം |
| 471 | 23501-23550 | സുമേഷ് എൻ, ക്ലാർക്ക് | രവീന്ദ്രൻ ,ക്ലാർക്ക് |
| 472 | 23551-23600 | സുമേഷ് എൻ, ക്ലാർക്ക് | സുമേഷ് എൻ, ക്ലാർക്ക് |

| | | | |
|---|---|---|---|
| 473 | 23601-23650 | സുമേഷ് എൻ, ക്ലാർക്ക് | പ്രേമരാജൻ |
| 474 | 23651-23700 | സുമേഷ് എൻ, ക്ലാർക്ക് | ദാസൻ.കെ, ക്ലാർക്ക് |
| 475 | 23701-23750 | ദാസൻ കെ, ക്ലാർക്ക് | മധു,ഓഫീസ് അസിസ്റ്റന്റ് |
| 476 | 23751-23800 | രവീന്ദ്രൻ ,ക്ലാർക്ക് | മധു,ഓഫീസ് അസിസ്റ്റന്റ് |
| 477 | 23801-23850 | സുമേഷ് എൻ, ക്ലാർക്ക് | രവീന്ദ്രൻ ,ക്ലാർക്ക് |
| 478 | 23851-23900 | ദാസൻ കെ, ക്ലാർക്ക് | രവീന്ദ്രൻ ,ക്ലാർക്ക് |
| 479 | 23901-23950 | രവീന്ദ്രൻ ,ക്ലാർക്ക് | സുമേഷ് എൻ, ക്ലാർക്ക് |
| 480 | 23951-24000 | രവീന്ദ്രൻ,ക്ലാർക്ക് | മധു,ഓഫീസ് അസിസ്റ്റന്റ് |

മേൽ രസീതികൾ മുഖേന പിരിച്ചെടുത്ത തുക കോർപ്പറേഷൻ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കില ഡിമാന്റ് രജിസ്റ്ററിൽ ഈ രശീതി പ്രകാരം വരവ് വന്ന തുക ഒരേ നമ്പറിലുള്ള രണ്ട് രശീതിക വന്നതിനാൽ രേഖപ്പെടുത്തിയത് എങ്ങനെയെന്ന് ഓഡിറ്റിൽ വ്യക്തമാക്കേണ്ടതാണ്.ആദ്യം അനുവദി അതേ നമ്പർ രസീതി ബുക്ക് തന്നെ വീണ്ടും കൈപ്പറ്റിയിട്ട് ആ വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനേ അനുവദിച്ച സോണൽ ഓഫീസറോ രശീതി ബുക്ക് രണ്ടാമത് ഉപയോഗിച്ച് വരവ് തുകയുടെ അട വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതുവരെ അറിഞ്ഞില്ലെന്നത് ശ്രദ്ധേയമാണ്(രസീതി ബുക നം.472).ധനസമാഹരണവുമായി ബന്ധപ്പെട്ട സുപ്രധാന രേഖയായ രസീതി ബുക്കുക അച്ചടിക്കുന്നതിലും ആയതിന്റെ വിവരം കോർപ്പറേഷന്റെയും സോണൽ ഓഫീസിന്റെയും സ്റ്റോക രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതിലും കാണിച്ച വീഴ്ച തികഞ്ഞ അലംഭാവമായി ഓഡി വിലയിരുത്തുന്നു.

# 2-19 പുതുക്കിയ വസ്തു നികുതി നിരക്ക് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല-36,354 രൂപയുടെ വരുമാന നഷ്ടം. (ചേലോറ സോണൽ ഓഫീസ്)

കണ്ണൂർ കോർപ്പറേഷൻ പരിധിയിലുള്ള കെട്ടിടങ്ങൾക്ക് 1-4-2016 മുതൽ പ്രാബല്യത്തിൽ വ നികുതി പരിഷ്കരിക്കുന്നതിന് (14.03.17 ലെ 35 ാം നമ്പർ തീരുമാനം) നഗരസഭ കൗൺസി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ വിവിധ കെട്ടിടങ്ങളിൽ നിന്ന ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക് 24.04.2017ലെ വിജ്ഞാപനം വഴി വിവിധ പത്രങ്ങ വഴി പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സോണൽ ഓഫീസുകളിൽ 2016-17 സാമ്പത്തി വർഷത്തിൽ പഞ്ചായത്ത് നിരക്കിലാണ് വസ്തു നികുതി പിരിച്ചെടുത്തിട്ടുള്ളത്. മേൽ വിജ്ഞാപ

പ്രകാരമുള്ള പരിഷ്കരിച്ച വസ്തുനികുതിയാണ് ഈടാക്കിയിരുന്നെങ്കിൽ നഗരസഭയുടെ തനത് ഫണ്ടിറ വൻ വർദ്ധനവ് ഉണ്ടാകുമായിരുന്നു. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണംx(@4 പഞ്ചായത്ത് നിരക്ക്) | 2016-17 ൽ ഈടാക്കിയ നികുതി (മേഖല കണക്കാക്കി) | പുതിയ വിജ്ഞാപന പ്രകാരം ഈടാക്കേണ്ട നികുതി | പുതിയ വിജ്ഞാപന പ്രകാരം നികുതിയിലുണ്ടാവുന്ന വർദ്ധനവ് |
|---|---|---|---|---|
| റിംസ് ഇന്റർ നാഷണൽ സ്കൂൾ | 2818.66x4 | 11569 | 47929 | 36354 |

മേൽ വിജ്ഞാപന പ്രകാരം നികുതി പരിഷ്കരിക്കുമ്പോൾ 2016-17 വർഷത്തിൽ മാത്രം വൻതു‹ കുടിശ്ശികയായി വരുന്നു എന്നാണ് ഇത് വ്യക്തമാകുന്നത്. പുതുക്കിയ വിജ്ഞാപനം പ്രകാരമുള്ള നികുത നിരക്കുകൾ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാനും തുടർന്ന് 2016-1 വർഷത്തെ കുടിശ്ശിക പിരിച്ചെടുക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-20 ബിൽഡിംഗ് പെർമിറ്റ്-അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം (ചേലോറ സോണൽ ഓഫീസ്)

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 14,15 പ്രകാരം കെട്ടിട നിർമ്മാണ നടത്തുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷയോ കെട്ടിട നിർമ്മാണത്തിന്റെ സൈറ്റ് പ്ലാനിറ അംഗീകാരത്തിനായുള്ള അപേക്ഷയോ ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ ആയത് അംഗീകരിക്കുകയേ നിരസിക്കുകയോ ചെയ്തുകൊണ്ടുള്ള വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ ചേലോ സോണൽ ഓഫീസിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിറ താഴെ പറയുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസ്സം ഉണ്ടായിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | അപേക്ഷ തീയ്യതി | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ ഏരിയ(ച.മീ) | പെർമിറ്റ് തീയ്യതി |
|---|---|---|---|---|
| 1 | 26.11.2016 | മുത്തപ്പൻ.കെ.വി | 63.83 | 07.01.17 |
| 2 | 26.11.2016 | ആർ.വി.പ്രദീപൻ | 716.52 | 15.02.17 |
| 3 | 13.12.2016 | ചിമ്മിണിയൻ ഷീല രത്തൻകുമാർ | 330 | 25.03.17 |
| 4 | 15.12.2016 | കീരപ്പൊയിൽ സൈബുന്നീസ | 225.50. | 23.02.17 |

അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 2-21 ഡി ആന്റ് ഒ ലൈസൻസ് -അപാകങ്ങൾ (എടക്കാട് സോണൽ ഓഫീസ്)

2016-17 സാമ്പത്തിക വർഷത്തിൽ എടക്കാട് സോണൽ ഓഫീസിലെ ഡി ആന്റ് ‌ ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങ കാണുകയുണ്ടായി.

**1) ട്രേഡേഴ്സ് ലിസ്റ്റ്/ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല-**

സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും വിവര അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് തുക ഡിമാ ചെയ്യുകയുമാണ് ചെയ്യേണ്ടത്. എന്നാൽ സോണൽ ഓഫീസിൽ ഇത്തരത്തിലുള്ള രജിസ്റ്റ സൂക്ഷിക്കുന്നില്ല.

**2) ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല-**

ട്രേഡേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അതാതു വർഷം ലൈസൻസ് ഫീസ് ഒടുക്കേണ്ടവരി നിന്നും ഡിമാന്റ് ചെയ്യുന്നതിനായുള്ള തുകയുടെ വിവരം അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ച് പോരേണ്ടതും തു ഒടുക്ക് വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ഡിമാന്റ് രജിസ്റ്റ സൂക്ഷിക്കാത്തതിനാൽ ലൈസൻസ് പുതുക്കാത്തവരുടെ വിവരം വ്യക്തമല്ല. അപേക്ഷിക്കുന്നവരി നിന്നും ഫീസ് ഈടാക്കി വിവരം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നുവരുന്നത വാർഡ് തിരിച്ച് സ്ഥാപനത്തിന്റെ വിവരം രേഖപ്പെടുത്തുന്ന ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**3) ഫുഡ്സേഫ്റ്റി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല.**

ഭക്ഷ്യോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിൽപന നടത്തുന്നതിനും 2006 ലെ ഫുഡ് സേഫ് ആന്റ് സ്റ്റാന്റേർഡ് നിയമ പ്രകാരം അനുവദിക്കുന്ന ലൈസൻസ് ഹാജരാക്കുന്ന മുറയ്ക്ക് മാത്ര ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാവൂ എന്നിരിക്കെ ഭൂരിഭാഗം കച്ചവടക്കാര മേൽ പറഞ്ഞ ലൈസൻസുകൾ ഹാജരാക്കാതെ തന്നെ ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നു. മേ ലൈസൻസ് ഹാജരാക്കുന്നുണ്ടെന്ന ഉറപ്പു വരുത്തേണ്ടതാണ്.

**4) അപേക്ഷകൾ പൂർണ്ണമല്ല-**

ലൈസൻസിനായി സമർപ്പിക്കുന്ന ഭൂരിഭാഗം അപേക്ഷയും പൂർണ്ണമായും പൂരിപ്പിക്കുന്നില്ല. മിക അപേക്ഷകളും മുഴുവനും പൂരിപ്പിക്കാതെ അപേക്ഷകരുടെ ഒപ്പുവെച്ച് നൽകിയതായാണ് കാണുന്നത്.

**5) ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട്, സമ്മതപത്രം, ഡിക്ലറേഷൻ, മെഡിക്കൽ സർട്ടിഫിക്ക എന്നിവയില്ല.**

ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് എന്ന പേജി ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല. പ്ലാസ്റ്റിക്കിന്റെ ഉപയോഗം സംബന്ധി ഡിക്ലറേഷനോ സമ്മതപത്രമോ അപേക്ഷകനിൽ നിന്നും വാങ്ങുന്നില്ല. ഭക്ഷ്യോൽപന്നങ്ങ കൈകാര്യം ചെയ്യുന്നവരിൽ നിന്നും( ഹോട്ടൽ, ബേക്കറി തുടങ്ങിയ) മെഡിക്കൽ സർട്ടിഫിക്ക ആവശ്യപ്പെടുന്നില്ല- ലൈസൻസ് നൽകുന്നതിന് മുമ്പ് മേൽ നടപടികൾ പാലിക്കുന്നുണ്ടെന ഉറപ്പുവരുത്തേണ്ടതാണ്.

**6) ലൈസൻസുകൾ യഥാസമയം വിതരണം ചെയ്യുന്നില്ല-**

ലൈസൻസുകൾ പുതുക്കുന്നതിനും മറ്റും ഫീസ് അടക്കുന്ന മുറയ്ക്ക് തന്നെ ലൈസൻസ് വിതരണ ചെയ്യുന്നില്ല. ലൈസൻസിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി അവ യഥാസമയം തന്നെ അപേക്ഷക ലഭ്യമാക്കുന്നുണ്ടെന്നും തുടർന്ന് അവ സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്നുണ്ടെന്നും ഉറ വരുത്തേണ്ടതുമാണ്.

# 2-22 പാരാ മെഡിക്കൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ ഫീ ഈടാക്കുന്നില്ല (എടക്കാട് സോണൽ ഓഫീസ്)

1997 ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്ക സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തി അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ഒരു സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവ പ്രവർത്തിക്കുവാൻ പാടില്ല.

എടക്കാട് സോണൽ ഓഫീസ് പരിധിയിൽ മേൽ ചട്ടം ലംഘിച്ച് രജിസ്ട്രേഷൻ ഇല്ലാ സ്ഥാപനങ്ങൾ പ്രവർക്കുന്നതായി കാണുന്നു. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ഡി ആന്റ് ലൈസൻസ് ഫീ ഈടാക്കുന്നുണ്ട്. (ഡി ആന്റ് ഒ രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരം) എന്നാൽ മേ പറഞ്ഞ ചട്ട പ്രകാരമുള്ള രജിസ്ട്രേഷൻ ഫീ ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം/തരം | ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | വാർഡ് കെട്ടിട നമ്പ്ര |
|---|---|---|---|---|
| 1 | മുഹമ്മദ് ഫാറൂഖ്, കുറ്റിക്കകം, മണ്ഡപം, തെരു | ഹോമിയോ ക്ലിനിക്ക് | 170 | 11/185 |
| 2 | ഡോ.നവീദ് സേട്ട്, നായനാർ കോളനി, തോട്ടട | ഡെന്തൽ ക്ലിനിക്ക് | 117 | 15/105 |
| 3 | കെ.സി.വിനീത, സുഷമ നിവാസ്, കിഴുന്ന | മെഡിക്കൽ ലാബ് | 168 | 4/74 |

സോണൽ ഓഫീസ് പ്രദേശത്ത് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷ ഫീ ഈടാക്കുന്നുണ്ടെന്നും എല്ലാ വർഷവും രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

# 2-23 ബിൽഡിംഗ് പെർമിറ്റ്-അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം (എടക്കാട് സോണൽ ഓഫീസ്)

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 14,15 പ്രകാരം കെട്ടിട നിർമ്മാണ നടത്തുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷയും കെട്ടിട നിർമ്മാണത്തിന്റെ സൈറ്റ് പ്ലാനിറെ അംഗീകാരത്തിനായുള്ള അപേക്ഷയും 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്തുകൊണ്ടുള്ള വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ എടക്കാട് സോണൽ ഓഫീസിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസ്സം ഉണ്ടായിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | അപേക്ഷ തീയ്യതി | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ ഏരിയ(ച.മീ) | പെർമിറ്റ് തീയ്യതി |
|---|---|---|---|---|
| 1 | 14.01.2016 | മുബീന.ടി, നിയാസ്.പി.വി | 148.86 | 28.04.2016 |
| 2 | 15.12.2016 | മാടത്താംകണ്ടി രാജസുന്ദരൻ | 2705.17 | 06.05.2016 |
| 3 | 23.03.2016 | നാസർ മയിലാൻ ചിക്കാൻ | 161.57 | 03.05.2016 |
| 4 | 28.10.2015 | പറമ്പത്ത് അനിൽ കുമാർ | 148.91 | 28.04.2016 |
| 5 | 20.01.2016 | പൂവൻ മനോജ് | 130.16 | 27.04.2016 |
| 6 | 12.08.2016 | ഡോ.പി.അബ്ദുൾ സലീം | 3359.73 | 27.01.17 |

കാലതാമസം ഒഴിവാക്കി അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 2-24 പള്ളിക്കുന്ന് സോണൽ -ഭൗതിക സൗകര്യം ഒരുക്കുന്നില്ല.(പള്ളിക്കുന്ന് സോണൽ ഓഫീസ്)

1-11-2015ന് കണ്ണൂർ കോർപ്പറേഷൻ നിലവിൽ വന്നിട്ടും മറ്റു സോണൽ ഓഫീസിലെന്നപോലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൻ പള്ളിക്കുന്ന സോണൽ ഓഫീസിനെ അധികൃതർ പരിഗണിക്കുന്നില്ലെന്ന് ഓഡിറ്റിന് നേരിട്ട് ബോധ്യപ്പെടുകയുണ്ടായി.പഞ്ചായത്ത് കാലയളവിൽ ഫ്രണ്ട് ഓഫീസിനായി ഒരുക്കിയ ക്യാബിൻ കോർപ്പറേഷൻ രൂപീകരിച്ച തുടക്ക കാലത്ത് ഉപയുക്തമായിരുന്നെങ്കിലും നിലവിൽ പ്രവർത്തനക്ഷമമല്ല. പൊടിപിടിച്ച്, പൂട്ടിക്കിടക്കുന്ന ഈ ക്യാബിനിൽ ഉപയോഗശൂന്യമായി ഒരു കമ്പ്യൂട്ടറും പ്രിന്ററും കിടക്കുന്നുണ്ട്.ഓഫീസിനകത്ത് ആവശ്യമായ ഫർണ്ണിച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.ക്യാഷ് ചെസ്റ്റ് സൗകര്യ

ഒരുക്കിയിട്ടില്ല.ഓഫീസിനകത്തുള്ള കമ്പ്യൂട്ടർ പ്രവർത്തനക്ഷമമാണെങ്കിലും ആയതിൽ നെറ്റ് വർക സൗകര്യം ലഭ്യമാക്കിയിട്ടില്ല.സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കാൻ കഴിയാത്തതിനാൽ സോണ ഓഫീസിൽ ഇപ്പോഴും കൈയെഴുത്ത് രസീതി ബുക്ക് ഉപയോഗിച്ചാണ് ഈ ഓഫീസ് മുഖേനയുള്ള എല്ല വരവുകളും സ്വീകരിച്ചുവരുന്നത്. കോർപ്പറേഷന്റെ മറ്റു നാല് സോണൽ ഓഫീസുകളിലും ഭൗതി സൗകര്യം ഒരുക്കുന്നതിൽ ബഹുദൂരം മുന്നിട്ടിട്ടും പള്ളിക്കുന്ന് സോണൽ ഓഫീസ് ഇക്കാര്യത്തി ഇപ്പോഴും ശൈശവാവസ്ഥയിൽ തന്നെയാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്.ഈ വിഷയത്തി കൗൺസിലിന്റെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

# 2-25 രസീതി പരിശോധന. അപാകങ്ങൾ.(പള്ളിക്കുന്ന് സോണൽ ഓഫീസ്)

1) രസീതി ബുക്കിൽ ഇരട്ടിപ്പ്.

പള്ളിക്കുന്ന് സോണൽ ഓഫീസിന്റെ രസീതി ബുക്കിന്റെ സ്റ്റോക്ക് റജിസ്റ്ററിൽ 1-12-2016 തീയതിയിൽ കോർപ്പറേഷൻ മെയിൻ ഓഫീസിൽ നിന്നും 10 രസീതി ബുക്കുകൾ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ അതേ ബുക്ക്/രസീതി നമ്പറിലുള്ള 10 രസീതി ബുക്കുകൾ 13-3-2017 ൽ വീണ്ടും ലഭ്യമാക്കുകയും ആയത് സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തുകയും തുടർന്ന് ഫ്രണ്ട് ഓഫീസ്, ഔ ഡോർ കലക്ഷൻ എന്നിവയ്ക്കായി ഉദ്യോഗസ്ഥർക്ക് നൽകിയതായും കാണുന്നു. . 2016-17 കണ്ണൂർ കോർപ്പറേഷനിൽ നിന്നും ഒരേ നമ്പറായുള്ള രസീതി ബുക്കുകൾ തന്നെയാണ് വീണ്ടും അനുവദിച്ചതെന്ന ഇതിൽ നിന്നും വ്യക്തമാണ്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ബുക്ക് നമ്പർ | രസീതി നമ്പർ | രസീതി കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് | |
|---|---|---|---|
| | | 1-12-2016 തീയതിയിൽ ലഭ്യമായവയുടെ വിവരം | 17-3-2017 തീയതിയിൽ ലഭ്യമായവയുടെ വിവരം |
| 51 | 2501-2550 | ഫ്രണ്ട് ഓഫീസ്(കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) | ഫ്രണ്ട് ഓഫീസ്(കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) |
| 52 | 2551-2600 | " " | " " |
| 53 | 2601-2650 | " " | " " |
| 54 | 2651-2700 | " " | " " |
| 55 | 2701-2750 | " " | " " |
| 56 | 2751-2800 | " " | " " |
| 57 | 2801-2850 | മാധവൻ നമ്പൂതിരി.ക്ലാർക്ക് | റെനിമോൾ.ക്ലാർക്ക് |

| | | | |
|---|---|---|---|
| 58 | 2851-2900 | ഫ്രണ്ട് ഓഫീസ്(കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) | ഫ്രണ്ട് ഓഫീസ്(കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) |
| 59 | 2901-2950 | മാധവൻ നമ്പൂതിരി.ക്ലാർക്ക് | " " |
| 60 | 2951-3000 | ഫ്രണ്ട് ഓഫീസ്(കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) | ഫ്രണ്ട് ഓഫീസ്(കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) |

മേൽ രസീതികൾ മുഖേന പിരിച്ചെടുത്ത തുക കോർപ്പറേഷൻ അക്കൌണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിലും അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളിലെ ഡിമാന്റ് രേഖപ്പെടുത്തിയത് എങ്ങനെയെന്ന് ഓഡിറ്റിൽ വ്യക്തമാക്കേണ്ടതാണ്.ആദ്യം അനുവദിച്ച അതേ നമ്പർ രസീതി ബുക്ക് തന്നെ വീണ്ടും കൈപ്പറ്റിയിട്ട് വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ അനുവദിച്ച സോണൽ ഓഫീസറോ അറിഞ്ഞില്ലെന്ന് ശ്രദ്ധേയമാണ്.ധനസാഹരണവുമായി ബന്ധപ്പെട്ട സുപ്രധാന രേഖയായ രസീതി ബുക്കുകൾ അച്ചടിക്കുന്നതിലും ആയതിന്റെ വിവരം കോർപ്പറേഷന്റെയും സോണൽ ഓഫീസിന്റെയു സ്റ്റോക്ക് റജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതിലും കാണിച്ച വീഴ്ച തികഞ്ഞ അലംബാവമായി ഓഡി വിലയിരുത്തുന്നു.

2)<u>റജിസ്റ്ററിൽ രസീതികളുടെ വിവരം രേഖപ്പെടുത്തുന്നില്ല.</u>

ഫ്രണ്ട് ഓഫീസ് കലക്ഷനായി അനുവദിക്കുന്ന രസീതി മുഖേന പിരിച്ചെടുക്കുന്ന തുകയുടെ വിവര ബന്ധപ്പെട്ട റജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയതിന്റെ രസീതി ബുക്ക് നമ്പർ,രസീതി നമ്പ എന്നിവ രേഖപ്പെടുത്തുന്നില്ല.റജിസ്റ്ററിന്റെ ആദ്യ പേജിൽ രസീതി നമ്പർ ചേർക്കുന്നുണ്ടെങ്കിലും തുടർന്ന് വരുന്ന പേജുകളിൽ ഇവ രേഖപ്പെടുത്താത്തതിനാൽ ഏതിന്റെ തുടർച്ചയാണെന്ന് വിലയിരുത്താ ഓഡിറ്റിനായില്ല.

3) <u>രശീതികൾ കലക്ഷൻ രജിസ്റ്ററിൽ പതിപ്പിക്കുന്നില്ല.</u>

സോണൽ ഓഫീസിലെ അതാതു ദിവസത്തെ പിരിവ് കോർപ്പറേഷൻ മെയിൻ ഓഫീസിൽ ഒടുക്കുമ്പോൾ അവിടന്ന് ലഭ്യമാകുന്ന രസീതികൾ കലക്ഷൻ റജിസ്റ്ററിൽ ബന്ധപ്പെട്ട പേജിൽ

പതിപ്പിക്കാതെ ഒരു കെട്ടായി ഒടുക്കുതീയതിക്കനുസരിച്ച് ക്രമപ്പെടുത്താതെ സൂക്ഷിക്കുന്നതിനാൽ ഒടുക്കുവിവരത്തിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.ലഭ്യമാകുന്ന രസീതിക ബന്ധപ്പെട്ട റജിസ്റ്ററിൽ പതിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4) <u>രശീതി ബുക്ക് അനുവദിക്കുന്നതിനും കൃത്യതയില്ല.</u>

രസീതി സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചപ്പോൾ സെക്ഷന് രസീതി ബുക്ക് അനുവദിക്കുന തീയതിക്കു മുമ്പു തന്നെ അതു ഉപയോഗിച്ച് പണം പിരിവു നടത്തുന്നതായി കാണുന്നു.23-3-2017 ന രേഖാമൂലം അനുവദിക്കുന്ന രസീതി പ്രകാരം 22-3-2017 ന് തന്നെ പിരിവ് നടത്തി.രസീതി ബുക്കിന്റെ കസ്റ്റോഡിയനായ സോണൽ ഓഫീസറുടെ ഭാഗത്തുനിന്നുള്ള അലംഭാവമായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു.പണം പിരിവുമായി ബന്ധപ്പെട്ട സുപ്രധാന രേഖയായ രസീതി ബുക്കുക സൂക്ഷിക്കുന്നതിലും അത് സെക്ഷനുകൾക്ക് അനുവദിക്കുന്നതിലും കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

# 2-26 വസ്തു നികുതി-അപാകങ്ങൾ(പള്ളിക്കുന്ന് സോണൽ ഓഫീസ്)

**1)ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

2011 ലെ കേരള മുനിസ്സിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയു സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം നികുതി ഈടാക്കുന്നതിന് യോഗ്യമായ കെട്ടിടങ്ങളു വിവരം ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.സോണൽ ഓഫീസിൽ ഇത്തരത്തിൽ റജിസ്റ്റ സൂക്ഷിക്കാത്തതിനാൽ 2016-17 വർഷത്തിൽ വസ്തു നികുതി ഒടുക്കിയവരുടെയോ ഒടുക്കുവാ ബാക്കിയുള്ളവരുടെയോ വിവരം ലഭ്യമല്ല.തൻവർഷം നികുതി ഒടുക്കിയവരുടെയും ഒടുക്കുവാ ബാക്കിയുള്ളവരുടെയും എണ്ണം,വിവരം എന്നിവ തിരിച്ചറിയാൻ സോണൽ ഓഫീസ് സ്വീകരി നടപടിക്രമങ്ങളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

**2)കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

ഓരോ സാമ്പത്തിക വർഷാവസാനത്തിലും ഈടാക്കാൻ ബാക്കിയുള്ള തുക അടുത്ത സാമ്പത്തി വർഷാരംഭത്തിൽ കുടിശ്ശികയായി കുടിശ്ശിക ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സോണ ഓഫീസിൽ ഈ റജിസ്റ്റർ സൂക്ഷിക്കുന്നില്ല.എന്നാൽ ഡിമാന്റ് റജിസ്ററർ സൂക്ഷിക്കാത്തിടത്ത ഇത്തരമൊരു റജിസ്റ്ററിന് പ്രസക്തിയില്ല.

# 2-27 തൊഴിൽ നികുതി വരവ്- റിട്ടേണുകൾ രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല.(പള്ളിക്കുന്ന് സോണൽ ഓഫീസ്)

2016-17 വർഷത്തെ തൊഴിൽ നികുതിയിനത്തിലുള്ള വരവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളു മറ്റനുബന്ധരേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനു വേണ്ടി 31.05.17 തീയതിയിലെ കെ.എസ്.എ/കെ.എൻ.എം/170/സിഎം2/17 നമ്പർ ഓഡിറ്റ് റിക്വിസിഷൻ പ്രകാര ആവശ്യപ്പെട്ടിരുന്നു. എന്നാൽ 2016-17 വർഷത്തെ തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട് രണ്ടാ അർദ്ധ വർഷത്തെ ആകെ 49 സ്ഥാപനങ്ങളുടെ റിട്ടേണുകൾ മാത്രമാണ് പരിശോധനയ്ക്ക ഹാജരാക്കിയത്. (2015-16 വർഷത്തെ രജിസ്റ്റർ പ്രകാരം 61 സ്ഥാപനങ്ങൾ നികുതി ഒടുക്കിയതായ കാണുന്നു.) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, കുടിശ്ശിക രജിസ്റ്റർ എന്നിവ സോണ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ തൻവർഷം തൊഴിൽ നികുതിയിനത്തിൽ വരവുവന്ന തുകയുടെയും കുടിശ്ശികയിനത്തിൽ വരവു വന്ന തുകയുടെയും കൃത്യത ഓഡിറ്റിൽ പരിശോധിക്കാ സാധിച്ചിട്ടില്ല.

സോണൽ ഓഫീസിലെ പ്രധാന വരുമാന മാർഗ്ഗമായ തൊഴിൽ നികുതി സംബന്ധിച്ച ട്രേഡേ ലിസ്റ്റ് , തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ തയ്യാറാക്കി ഈയിനത്തി ലഭ്യമാക്കാനുള്ള മുഴുവൻ തുകയും പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റി അറിയിക്കേണ്ടതുമാണ്.

# 2-28 ഡി ആന്റ് ഒ ലൈസൻസ് - അപാകങ്ങൾ

# (പള്ളിക്കുന്ന് സോണൽ ഓഫീസ്)

പള്ളിക്കുന്ന് സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന മൊത്തം വ്യാപാ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് സോണൽ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തൻവർഷം ഡി ആന്റ് ഒ ലൈസൻസ ഇനത്തിൽ ലഭിക്കേണ്ട തുകയുടെ ഡിമാന്റ് വിവരമടങ്ങിയ ഡിമാന്റ് രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ ഇപ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസോടുകൂടിത്തന്നെയാണൊ പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2016-17 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് ഫീസ് വരവുമായ ബന്ധപ്പെട്ട് 91 അപേക്ഷകളും 238 അപേക്ഷകരിൽ നിന്ന് ഈടാക്കിയ ഡി ആന്റ് ഒ ലൈസൻസ് ഫീസ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററുമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.(2015-16 വർഷത്തെ രജിസ്റ്ററിൽ 456 സ്ഥാപനങ്ങൾ ലൈസൻസ് ഫീ ഒടുക്കിയതായി കാണുന്നു.)

വരവ് വന്ന തുക തന്നെ ഡിമാന്റായി പരിഗണിക്കുന്ന പ്രവണതയാണ് പള്ളിക്കുന്ന് സോണ ഓഫീസ് തുടർന്നു വരുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാ കണക്കാക്കാതെ തൻവർഷം ലഭ്യമാകുന്ന ഫീസ് മാത്രം ഡിമാന്റും കളക്ഷനും ആയി(ബാലൻസ് ഇല്ല കണക്കാക്കുമ്പോൾ ഈയിനത്തിൽ സോണൽ ഓഫീസുകളിൽ ലഭ്യമാകേണ്ട ഭീമമായ തുക വർഷ തോറും തുടർച്ചയായി നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്.

ട്രേഡേഴ്സ് ലിസ്റ്റ്, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക ഹാജരാക്കാത്തതിനാൽ ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഇനത്തിലെ തൻവർഷത്തെ വര തുകയുടെയും കുടിശ്ശിക ഇനത്തിൽ ഈടാക്കിയ തുകയുടെയും കൃത്യത ഓഡിറ്റിൽ പരിശോധിക്കാ സാധിച്ചിട്ടില്ല.

രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിലുള്ള സോണൽ ഓഫീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള വീഴ്ച കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ട്രേഡേഴ്സ് ലിസ്റ്റ് , ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റ എന്നിവ തയ്യാറാക്കി ലൈസൻസ് പുതുക്കി ഫീസ് ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാക ആവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 2-29 ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ- തുടർ നടപടികൾ സ്വീകരിക്കുന്നതിലെ അപാകങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ, അസഹ്യതയോ ഉണ്ടാക്കുന്നതോ, ഉണ്ടാകാ സാധ്യത ഉള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്കു ലൈസൻസ് ഇല്ലാതെയും നിബന്ധനകൾക്ക വിരുദ്ധമായും യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല പ്രസ്തു ആക്ടിലെ സെക്ഷൻ 447(3എ)യിൽ ലൈസൻസിനുള്ള അപേക്ഷകിട്ടി 30 ദിവസത്തിനകം സെക്രട്ട സ്ഥലം പരിശോധിച്ച് ലൈസൻസ് നൽകുകയോ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയേ ചെയ്യേണ്ടതാണ് എന്നു നിഷ്കർഷിക്കുന്നുണ്ട്. സെക്ഷൻ 447(6) പ്രകാരം ലൈസൻസിന് വേണ്ടിയുള അപേക്ഷയിന്മേൽ ആ അപേക്ഷ സെക്രട്ടറിക്ക് ലഭിച്ചതിന് ശേഷം 30 ദിവസത്തിനകമോ ഏതെങ്കില വിഭാഗം സംഗതികൾ സംബന്ധിച്ച് നിർണ്ണയിക്കാവുന്ന കൂടുതൽ കാലത്തിനുള്ളിലോ ഉത്തര അപേക്ഷകനെ അറിയിക്കാതിരുന്നാൽ ആ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന കാലത്തേക

നിയമത്തിനും ചട്ടത്തിനും ബൈലോക്കും എല്ലാ നിബന്ധനകൾക്കു വിധേയമായും ലൈസൻസ് അനുവദിച്ചതായി കരുതാവുന്നതാണെന്നു വ്യക്തമാക്കുന്നുണ്ട്.

എന്നാൽ സോണൽ ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കിയ 91 അപേക്ഷകളിൽ ഭൂരിഭാഗ അപേക്ഷകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം പരിശോധന നടത്തുകയോ പരിശോധന റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ലൈസൻസിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ 30 ദിവസത്തിനകം തുടർ നടപടികൾ ലഭ്യമാക്കാത്തപക്ഷം ലൈസൻസ് അനുവദിച്ചതായി കണക്കാക്കാമെന്ന കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 447(16) വകുപ്പിലെ വ്യവസ്ഥ പ്രകാരം സെക്രട്ടറിയുടെ അനുമതി കൂടാതെ തന്നെ അപേക്ഷകർ സോണൽ ഓഫീസ് പരിധിയിൽ വ്യാപാരം നടത്തിവരുന്നു എന്നു വ്യക്തമാകുന്നു.

കേവലം വരുമാന മാർഗ്ഗം എന്നതിലുപരി മനുഷ്യന്റെ ജീവനോ , ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നത് തടയുക എന്നതിനു വേണ്ടി കൂടിയാണ ഗവണ്മെന്റ് ഇത്തരത്തിലുള്ള ഒരു ലൈസൻസ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിനാൽ യാതൊര പരിശോധനയും നടത്താതെ യഥേഷ്ടം സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ അനുമതി ലഭ്യമാക്കിയതുവഴി സോണൽ ഓഫീസ് പരിധിയിലെ അപകടങ്ങൾ ഒഴിവാക്കാൻ വേണ്ടി ഗവണ്മെന്റ് ഏർപ്പെടുത്തിയ ഡ ആന്റ് ഒ ലൈസൻസിന്റെ ഉദ്ദേശ്യ ശുദ്ധിയെ തകിടം മറിക്കുകയാണ് ചെയ്യുന്നത്. അതിനാൽ അപേക്ഷകളിന്മേൽ വേണ്ട രീതിയിൽ പരിശോധന നടത്താതെ പ്രവർത്തിക്കാനനുമതി നൽകിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഭാവിയിൽ സംഭവിച്ചേക്കാവുന്ന അപകടത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന ഒഴിഞ്ഞ് നിൽക്കാൻ ആവില്ലെന്ന വസ്തുതയും കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 2-30 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.(പള്ളിക്കുന്ന് സോണൽ ഓഫീസ്)

1999 ലെ കേരള മുനിസിപ്പാലിറ്റി(ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ട 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായ പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിന് 100 രൂപ രജിസ്ട്രേഷൻ/ പുതുക്കൽ ഫീസ് സഹിത അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ പള്ളിക്കുന്ന് സോണൽ ഓഫീസിലെ 2016-17 ഓഡിറ്റുമായ ബന്ധപ്പെട്ട ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 2016-17 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | ഈടാക്കേണ്ട ഫീസ് |
|---|---|---|---|
| 1 | ബ്യൂട്ടിഫെമ്മി,ബ്യൂട്ടീഷൻ പരിശീലനം, തളാപ്പ് ശ്രീ സുന്ദരേശ്വര ക്ഷേത്രത്തിന സമീപം | മിനി പ്രദീപ് കുമാർ പഞ്ചവടി, കിസാൻ റോഡ്, മണൽ, ചാലാട് | 100 |
| 2 | കലാഗുരുകുലം, തളാപ്പ്, നിയർ ശ്രീ സുന്ദരേശ്വര ക്ഷേത്രം. | മിനി പ്രദീപ് കുമാർ പഞ്ചവടി, കിസാൻ റോഡ്, മണൽ, ചാലാട് | 100 |
| 3 | ആൽകെമി ടാലന്റ് സർച്ച് ആന്റ് കരിയർ ഗൈഡൻസ്,പൊടിക്കുണ്ട്, | ജോൺ.പി.സി, പുതുക്കുളങ്ങ ഹൗസ്, | 100 |

| | | | |
|---|---|---|---|
| | പള്ളിക്കുന്ന് | പുതുക്കുറ്റി, ചിറ്റാരിപ്പറമ്പ | |
| | | ആകെ | 300 |

ചട്ടങ്ങൾക്ക് വിരുദ്ധമായി സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിച്ച മേൽ സ്ഥാപനങ്ങളിൽ നിന്ന് ഫീസ്, പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-31 സ്വകാര്യ ആശുപത്രി- പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല(പള്ളിക്കുന്ന് സോണൽ ഓഫീസ്)

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വകാര്യ ആശുപത്രിയുടെയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായ പുതുക്കേണ്ടതും, അപ്രകാരം പുതുക്കുന്നതിന് 100 രൂപ രജിസ്ട്രേഷൻ/ പുതുക്കൽ ഫീസ് സഹിത അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ പള്ളിക്കുന്ന് സോണൽ ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കിയ സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റ പ്രകാരം താഴെപറയുന്ന 8 സ്ഥാപനങ്ങളും(2015-16 വർഷത്തെ രജിസ്റ്റർ പ്രകാരം) സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പ്ര | ലൈസൻസിയുടെ പേര് | സ്ഥാപനം | ഈടാക്കേണ്ട ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | ബാബുരാജ്.സി, അംബിക റോഡ്, പള്ളിക്കുന്ന് | സിബിആർ ആയുർ ഹെൽത്ത് സ്റ്റഡി ആന്റ് ട്രീറ്റ്മെന്റ് സെന്റർ | 100 |
| 2 | ഡോ.അനില.കെ, അഷാഖ്, നം.14, രോഹിണി, കൃഷ്ണമേനോൻ ഹൗസിങ്ങ് കോംപ്ലക്സ്, പള്ളിക്കുന്ന് | സായംകരുൺ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 100 |
| 3 | പ്രമോദ്.എ.പി, ശ്രീപത്മം, അന്നൂർ.പി.ഒ, പയ്യന്നൂർ | കണ്ണൂർ ന്യൂറോ സെന്റർ , ലക്ഷ്മി ബിൽഡിംഗ് തളാപ്പ് | 100 |
| 4 | ഡോ.ജെയ്സൺ.വി.എ, ജ്യോതിസ് ഐ കെയർ, പള്ളിക്കുന്ന്.പി.ഒ | ജ്യോതിസ് ,ഐകെയർ | 100 |
| 5 | കെ.ഭാസ്കരൻ മാനേജിംഗ് പാർട്ട്ണർ, കൊയിലി ഹോസ്പിറ്റൽ, കണ്ണൂർ | കൊയിലി ഹോസ്പിറ്റൽ | 100 |
| 6 | നവീൻ പവിത്രൻ. വി.കെ, അശോക , താളിക്കാവ് റോഡ് | അശോക ബീച്ച് റിസോർട്ട്, ആയുർവേദ ചികിത്സാ കേന്ദ്രം | 100 |

| | | | |
|---|---|---|---|
| 7 | ശ്രീമതി നിത്യസജീവൻ & അജയ് വേണുഗോപാലൻ, ആദിത്യ എസ്.എൻ.പാർക്ക്, കണ്ണൂർ | ആയൂർ ആരോഗ്യ വെൽനസ്സ് ആന്റ് പഞ്ചകർമ്മ സെന്റർ | 100 |
| 8 | അപേക്ഷ, അഡ്രസ്സ് എന്നിവ ഇല്ല | ജയലക്ഷ്മി ആയൂർവേദഹോസ്പിറ്റൽ, ചാലാട്(രജിസ്റ്റർ പ്രകാരം) | 100 |
| | | ആകെ | 800 |

മേൽ സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ പുതുക്കേ ഫീസ് 800/- രൂപ ഈടാക്കി കോർപ്പറേഷൻ ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 2-32 ഡി ആന്റ് ഒ ലൈസൻസ് -ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഡിമാന്റ് റജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. (എളയാവൂർ സോണൽ ഓഫീസ്)

എളയാവൂർ സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ വ്യാപാര സ്ഥാപനങ്ങളു വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് സോണൽ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല.ട്രേഡേഴ്സ് ലിസ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഇനത്തിൽ ലഭിക്കേണ്ട തുകയുടെ ഡിമാ വിവരം അടങ്ങിയ ഡിമാന്റ് റജിസ്റ്റർ സോണൽ ഓഫീസിൽ തയ്യാറാക്ക സൂക്ഷിക്കേണ്ടതായിട്ടുണ്ട്.എന്നാൽ ഇത്തരം റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ സോണൽ ഓഫീ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണോ പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.നിലവിൽ ഒരു റജിസ്റ്റ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ തൻവർഷം ഡി & ഒ ലൈസൻസിനായി അപേക്ഷിക്കുന്നവരി നിന്നും ഈടാക്കിയ തുകയുടെ വിവരം മാത്രമെ ചേർത്തുകാണുന്നുള്ളൂ.വരവു വരുന്ന തുക തന്നെ ഡിമാന്റായി പരിഗണിക്കുന്ന ഒരു നടപടിക്രമമാണ് എളയാവൂർ സോണൽ ഓഫീസ് തുടർന്ന വരുന്നതെന്ന് ഇതിനാൽ വ്യക്തമാണ്.

ഡി & ഒ ലൈസൻസ് ഫീ എന്നത് അക്രൂവൽ അടിസ്ഥാനത്തിൽ വരവ് വയ്ക്കേണ ഒരിനമാണ്.ആയതുകൊണ്ട് തന്നെ ഈ ഇനത്തിന്റെ ഡിമാന്റ് മുൻകൂ നിജപ്പെടുത്തേണ്ടതായിട്ടുണ്ട്.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഡിമാ കണക്കാക്കാതെ തൻവർഷം ലഭ്യമാകുന്ന അപേക്ഷ ഫീസിന് തുല്യമായ തുകതന്നെ ഡിമാന്റായ കണക്കാക്കുമ്പോൾ സോണൽ ഓഫീസിന് ഈ ഇനത്തിൽ ലഭ്യമാകേണ്ട ഭീമമായ തുക തുടർച്ചയായ നഷ്ടപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ (ഓഡിറ്റ് അന്വേഷണം നം.13/2016-1 തീയ്യതി.12.07.2017)ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് /ഡിമാ റജിസ്റ്റർ എന്നിവ തയ്യാറാക്കി തുടർന്നങ്ങോട്ട് മേൽ അപാകം ആവർത്തിക്കുന്നില്ലെന്ന് ഉറ വരുത്തേണ്ടതാണ്.

# 2-33 ഡി ആന്റ് ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.(എളയാവൂർ സോണൽ ഓഫീസ്)

എളയാവൂർ സോണൽ ഓഫീസിൽ സൂക്ഷിച്ചുപോരുന്ന ഡി ആന്റ് ഒ ലൈസൻസുമായി ബന്ധപ്പെ രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിൽ അനുവദിച്ച മുഴുവ ലൈസൻസുകളും 2016-17 സാമ്പത്തിക വർഷത്തിൽ പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതായ കാണുന്നില്ല.

2016-17 സാമ്പത്തിക വർഷത്തിൽ ആകെ 680 ലൈസൻസുകളാണ് അനുവദിച്ചത്. ഇതിൽ 64 എണ്ണം ലൈസൻസ് പുതുക്കി നൽകിയതും 37 എണ്ണം പുതിയവയുമാണ്. 2015-16 വർഷത്തിൽ ആകെ അനുവദിച്ച 686 ലൈസൻസുകളിൽ 643 എണ്ണം മാത്രമെ 2016-17 വർഷത്തിൽ പുതുക്കിയിട്ടുള്ളൂ. 4 ലൈസൻസുകൾ പുതുക്കിയിട്ടില്ല. ആയതിന്റെ വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡി അന്വേഷണത്തിന് **(ഓഡിറ്റ് അന്വേഷണം നം.14/2016-17 തീയ്യതി. 12.07.2017)** മറുപ ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾ വ്യാപാരം നിർത്തിയിട്ടുണ്ടെങ്കിൽ ആ വിവര ഉറപ്പുവരുത്തേണ്ടതും ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചുവരുന്നതെങ്കിൽ അവയ്ക്കെതിരെ നടപടിക സ്വീകരിക്കേണ്ടതുമാണ്.

# 2-34 ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നില്ല.(എളയാവൂർ സോണൽ ഓഫീസ്)

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 447(1)ന്റെ അടിസ്ഥാനത്തിൽ കേര സർക്കാർ വിജ്ഞാപനം മുഖേന പുറപ്പെടുവിച്ച കണ്ണൂർ മുനിസിപ്പാലിറ്റിയുടെ ബൈലോയിലെ ക്രമ നമ്പ 94 പ്രകാരം ആശുപത്രികൾ, ഡിസ്പെൻസറികൾ, ക്ലിനിക്കുകൾ എന്നിവ നടത്തുന്നതിന് ഡി & ലൈസൻസ് ഫീസ് ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ എളയാവൂർ സോണൽ ഓഫീസ പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ ഈടാക്കിയിട്ടില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| **ഉടമസ്ഥന്റെ പേര്** | **സ്ഥാപനത്തിന്റെ തരം** |
|---|---|
| ഡോ.എ.ബഷീർ | വാരം ഹോസ്പിറ്റൽ |
| വി. പി. ഹരിപ്രസാദ് | ഹോമിയോ ക്ലിനിക്ക് |
| ഡോ.സരുൺ | ഡന്റൽ ക്ലിനിക്ക്, താഴെ ചൊവ്വ |
| ജസിന്ത് ജനാർദ്ദനൻ | ഹോമിയോ ക്ലിനിക്ക് |
| ഡോ.എ സി ജയറാം | ക്ലിനിക്ക് |

ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തതി കാരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡി

അന്വേഷണം നം.15/2016-17 തീയ്യതി.12.07.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. സോണൽ ഓഫീസ പരിധിയിൽ ലൈസൻസില്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ബന്ധപ്പെട്ടവ ഉറപ്പുവരുത്തേണ്ടതാണ്. ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കി തനതു വരുമാന വർദ്ധിപ്പിക്കുവാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

# 2-35 തൊഴിൽ നികുതി-സി.ബി.എസ്.ഇ/ഐ.സി എസ്.ഇ അഫിലിയേഷൻ ബൈലോ പ്രകാരം നൽകുന്ന ശമ്പളം രേഖപ്പെടുത്തുന്നില്ല.കോർപ്പറേഷൻ തൊഴിൽ നികുതി ഇനത്തിൽ നഷ്ടം.

**എ). സി.ബി.എസ്.ഇ സ്കൂളുകൾ.**

കേന്ദ്ര സർക്കാർ 29.09.2009 ൽ പുറപ്പെടുവിച്ച 1/2009 നമ്പർ സർക്കുലർ പ്രകാരം സി ബി എസ ഇ അഫിലിയേഷൻ നിയമാവലിയുടെ അദ്ധ്യായം 2 ലെ റൂൾ 3.3 j(5) ൽ സി ബി എസ് ഇ അഫിലിയേഷനുള്ള സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സംസ്ഥാന സർക്കാരോ കേന്ദ്രസർക്കാരോ സമാനതസ്തികയിലുള്ള ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിലും മ അലവൻസുകളിലും കുറയാത്ത തുക നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എളയാവൂർ സോണൽ ഓഫീസ് പരിധിയിൽ സി ബി എസ് ഇ അഫിലിയേഷനുള്ള 2സ്കൂളുക പ്രവർത്തിച്ചുവരുന്നുണ്ട്.അമൃത വിദ്യാലയം കക്കാട്,ഉഞ്ചത്താചാര്യ വിദ്യാലയം എടചൊ എന്നിവയാണിവ. തൊഴിൽ നികുതി ഒടുക്കുന്നതിലേക്കായി ഈ സ്കൂളുകൾ സമർപ്പിച്ച അർദ്ധവർഷ സ്റ്റെയിറ്റ്മെന്റിൽ സി ബി എസ് ഇ മേൽ ബൈലോയിൽ നിഷ്കർഷിച്ച പ്രകാരമുള്ള ശമ്പളമ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സി.ബി.എസ്.ഇ നിഷ്കർഷിച്ച വിധത്തിലുള്ള ശമ്പളം തൊഴി നികുതി റിട്ടേണിൽ രേഖപ്പെടുത്താതെ കുറഞ്ഞ നിരക്കിലുള്ള ശമ്പളം രേഖപ്പെടുത്തി കോർപ്പറേഷ നികുതി ഒടുക്കിയതിനാൽ തൊഴിൽ നികുതി ഇനത്തിൽ കോർപ്പറേഷന് ലഭിക്കേണ്ട വരുമാനത്തി കുറവുവന്നതായി കാണുന്നു.ഉദാഹരണം ചുവടെ കൊടുക്കുന്നു.

| തസ്തിക | സംസ്ഥാന സർക്കാറിന്റെ 2016 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിരക്ക് | സമാന തസ്തികകൾക്ക് അമൃത വിദ്യാലയം കക്കാട് നൽകുന്നതായി രേഖപ്പെടുത്തിയ അർദ്ധവർഷത്തെ ആകെ ശമ്പളം |
|---|---|---|
| പോസ്റ്റ്ഗ്രാജുവേറ്റ്ടീച്ചർ | 39500-83000 | 124260 |
| ഗ്രാജുവേറ്റ് ടീച്ചർ | 29200-62400 | 93942 |
| പ്രൈമറി സ്കൂൾ ടീച്ചർ | 27800-59400 | 63000 |
| നേഴ്സറി ടീച്ചർ | 25200-54000 | 53874 |
| ലൈബ്രേറിയൻ | 20000-45800 | 63000 |
| അക്കൗണ്ടന്റ് | 25500-56700 | 55380 |
| ശിപായി | 16500-35700 | 39726 |

| | | |
|---|---|---|
| ഡ്രൈവർ | 18000-41500 | 54900 |
| ആയ | 16500-35700 | 48474 |

**ബി).ഐ.സി.എസ്.ഇ സ്കൂൾ.**

കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻസിന്റെ നിയമാവലിയുടെ ക്രമ നം.6 പ്രകാരം ഐ.സി.എസ്.ഇ. അഫിലിയേഷൻ നേടുന്ന സ്കൂളുകളിലെ ജീവനക്കാർക്ക് അതാത് സംസ്ഥാന സർക്കാറുകൾ അവരുടെ ജീവനക്കാർക്ക് നൽകുന്ന ശമ്പള നിരക്കിൽ കുറയാത്ത നിരക്കിലുള്ള ശമ്പളം നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എളയാവൂർ സോണൽ ഓഫീസിന്റെ പരിധിയിൽ ഐ.സി.എസ്.ഇ. അഫിലിയേഷനോടുകൂടി പ്രവർത്തിക്കുന്ന സെന്റ് ഫ്രാൻസിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ തൊഴിൽ നികുതി ഒടുക്കുന്നതിലേക്കായി സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ മേൽ നിഷ്കർഷിച്ച പ്രകാരമുള്ള യഥാർത്ഥ ശമ്പളം രേഖപ്പെടുത്തുന്നില്ല.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| തസ്തിക | സംസ്ഥാന സർക്കാറിന്റെ 2016 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിരക്ക് | സമാന തസ്തികൾക്ക് സെന്റ് ഫ്രാൻസിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ നൽകുന്ന അർദ്ധവർഷത്തെ ആകെ ശമ്പളം |
|---|---|---|
| ഗ്രാജ്വേറ്റ് ടീച്ചർ | 29200-62400 | 44536 |
| ലൈബ്രേറിയൻ | 20000-45800 | 89100 |
| ശിപായി | 16500-35700 | 52900 |
| ഡ്രൈവർ | 18000-41500 | 47250 |

സംസ്ഥാന സർക്കാർ മേൽ തസ്തികകളിലെ തുടക്കക്കാർക്ക് നല്കുന്ന ശമ്പള സ്കെയിലിന്റെ അടിസ്ഥാന ശമ്പളം മാത്രം കണക്കാക്കുന്ന തുക പോലും വർഷങ്ങളായി ഈ തസ്തികകളിൽ ജോലിചെയ്തുവരുന്നവർക്ക് ഒരർദ്ധ വർഷത്തെ മൊത്തശമ്പളമായി (അടിസ്ഥാന ശമ്പളം, ഡിഎ മ അലവൻസ് ഉൾ പ്പെടെ) നൽകിയതായി രേഖപ്പെടുത്തുന്നില്ല. മേൽ തസ്തികകളിലെ ശമ്പള സ്കെയിലിന്റെ അടിസ്ഥാന ശമ്പളം മാത്രം കണക്കാക്കിയാൽ തന്നെ മുകളിൽ കാണിച്ച സി.ബി.എസ്.സി ഐ.സി.എസ്.ഇ സ്കൂളുകൾ നിലവിൽ കോർപ്പറേഷന് നൽകി വരുന്ന തൊഴിൽ നികുതിയുടെ ഏകദേശ ഇരട്ടിയോളം തുക നൽകേണ്ടി വരും.ഈ സ്കൂളുകൾ അവരുടെ ജീവനക്കാർക്ക് അഫിലിയേഷൻ നിയമാവലി നിഷകർഷിക്കും പ്രകാരം നൽകുന്ന ശമ്പളം തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെൻറിൽ രേഖപ്പെടുത്താത്തതിനാൽ തൊഴിൽ നികുതി ഇനത്തിൽ നല്ലൊരു തുക കോർപ്പറേഷന് വർഷംതോറു നഷ്ടപ്പെടുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 9പ്രകാരം നഗരസഭയിൽ സമർപ്പിച്ച കണക്കുകൾ അവാസ്ഥവമാണെന്ന് നഗരസഭ സിക്രട്ടറിക്ക് ബോധ്യപ്പെടുന്ന മുറയ്ക്ക് ചട്ടം 4 (3 ൽ (2) പ്രകാരം സാമാന്യ പരിഗണനകളെ അടിസ്ഥാനമാക്കി,ഉചിതമായ വിഭാഗത്തിൽപ്പെടുത്ത തൊഴിൽ നികുതി നിർണ്ണയിക്കേണ്ടതും ബിൽ നൽ കേണ്ടതുമാണ്.

1994 ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245(2)പ്രകാരം ഉപവകുപ്പ് (1)ൽ നിർദ്ദിഷ്ടമായ എല്ലാ മാർഗ്ഗങ്ങളിൽകൂടിയുള്ള അയാളുടെ ആകെ വരുമാനത്തിന് അനുസൃതമാ വിഭാഗത്തിൽ ഉൾ പ്പെടുത്തി തൊഴിൽ നികുതി ചുമത്തേണ്ടതാണ്.സി ബി എസ് ഇ/ഐ.സി.എസ്.ഇ എന്നിവയുടെ അഫിലിയേഷൻ നിയമാവലിയുടെ മേൽ റൂളുകൾ പ്രകാരം ജീവനക്കാർക്ക്നൽകു യഥാർത്ഥ ശമ്പളം സ്റ്റേറ്റ്മെൻറിൽ രേഖപ്പെടുത്താതെ കുറഞ്ഞ മൊത്ത ശമ്പളം കാണി അതിനനുസൃതമായി തൊഴിൽ നികുതി ഒടുക്കിയത് മേൽ ചട്ടലംഘനമായ കണക്കാക്കാവുന്നതാണ്.മേൽ ചട്ടലംഘനത്തിന് മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 538 പ്രകാര പിഴചുമത്താവുന്നതാണ്.

സോണൽ ഓഫീസ് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകൾ യഥാർത്ഥ വരുമാന രേഖപ്പെടുത്തിയ പത്രിക സമർപ്പിക്കുന്നുണ്ടെന്നും അതു പ്രകാരമുള്ള തൊഴിൽ നികുത ഈടാക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

# 2-36 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കുന്നില്ല. (എളയാവൂർ സോണൽ ഓഫീസ്)

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്ക സ്ഥാപനങ്ങളുടെയും റജിസ്ട്രേഷൻ)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തി അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവു സ്ഥാപിക്കാൻ പാടില്ല. എന്നാൽ സോണൽ ഓഫീസ് പരിധിയിൽ ഇത്തരം സ്ഥാപനങ്ങൾ മേൽ ചട്ട പ്രകാരം രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ഡി ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിലും (ഡി ആന്റ് ഒ റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട രജിസ്ട്രേഷൻ ഫീ ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| സ്ഥാപന ഉടമയുടെ പേര് | സ്ഥാപന തരം | ഡി &ഒ റജിസ്റ്റർ പ്രകാരം ക്രമ നമ്പർ | വാർഡ് &കെട്ടിട നമ്പർ |
|---|---|---|---|
| പ്രഭാകരൻ. പി. വി അപർണ്ണ താഴെ ചൊവ്വ | ക്ലിനിക്ക് , മെഡിക്കൽ ലാബ് | 377 | 9-602 |
| സലീം എം .എസ് അൽകൈഫ് മുണ്ടയാട് | ആയുർവേദ ഡിസ്പെൻസറി | 629 | 17-471 |

സോണൽ ഓഫീസ് പ്രദേശത്ത് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും റജിസ്ട്രേഷ ഫീ ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പെയിൻ ആന്റ് പാലിയേറ്റീവ് . മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. 9,31,949 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 797/16-17 പാലിയേറ്റീവ് പരിചരണം |
| ബിൽ നമ്പർ, തുക | 490/30.3.17/ 931949 രൂപ(വികസനഫണ്ട്) |
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |
| തുക നൽകിയ വിവരം | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ PNB 36240018000000 |

31,50,000 രൂപ വകയിരുത്തിയ മേൽ പ്രോജക്ടിന്റെ ഭാഗമായി പാലിയേറ്റീവ് രോഗികൾക്കായ മെഡിക്കൽ ഉപകരണങ്ങളും മരുന്നും വാങ്ങിക്കുവാനായി മേൽ കാണിച്ച പ്രകാരം 9,31,949 രൂപ കേര മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

മേൽ ഇനങ്ങളുടെ സ്റ്റോക്ക് റജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് തീയ്യതി വരെ മേ ഇനങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലെന്നാണ് അന്വേഷിച്ചപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിക്കുകയുണ്ടായത്.

സ്റ്റോക്ക് റജിസ്റ്ററിന്റെ അഭാവത്തിൽ ചെലവ് തുകയായ 9,31,949 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് റജിസ്റ്റർ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം.20/16-17 തീ.8.8.17)

# 3-2 തെരുവ് നായ്ക്കളുടെ നിയന്ത്രണം . വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. 10,00,000 രൂപ ഓഡിറ്റിൽ തസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 457/16-17<br>ABC പ്രോഗ്രാം . തെരുവ് നായ്ക്കളുടെ നിയന്ത്രണം |
| ബിൽ നമ്പർ, തുക | 2/30.3.17/ 10,00,000രൂപ<br>(വികസന ഫണ്ട്) |
| നിർവഹണോദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ |
| തുക നൽകിയ വിവരം | ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറി |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016) അനുബന്ധം15 ഖണ്ഡിക6(3) പ്രകാരം പേവിഷ നിർമാർജനത്തിനും തെരു നായ്ക്കളെ നിയന്ത്രിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ അനുമതി നല്കിയിട്ടുണ്ട്. ഇതി പ്രകാരം ജില്ലാപഞ്ചായത്തുമായി സംയോജിച്ച് നടത്തുന്ന മേൽ പദ്ധതിയിലേക്ക് കോർപ്പറേഷ വിഹിതം നൽകുന്നതിനാണ് ഈ പ്രോജക്ട്.

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 779011400000198 എന്ന SBI അക്കൗണ്ടിലേക ജില്ലാട്രഷറിയിലെ സീനിയർ വെറ്ററിനറി സർജന്റെ അക്കൗണ്ടിൽ നിന്നും 10,00,000രൂപ മേ പദ്ധതിക്കായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ടോ തുകയുടെ വിനിയോഗ സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റോ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

ഈ സാഹചര്യത്തിൽ ചെലവ് തുകയായ 10,00,000രൂപ ഓഡിറ്റിൽ തസ്സപ്പെടുത്തുന്ന (ഓഡിറ്റ് അന്വേഷണം.21/16-17 തീ.8.8.17)

# 3-3 ടോയ് ലറ്റ് നിർമാണം-സ്വച്ഛ് ഭാരത് മിഷൻ - പ്രവൃത്തി പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 1/17 | യൂനിറ്റ് കോസ്റ്റ് - 15600/ 10,067 (നഗരസഭാ ഫണ്ട്) + 5333 (സ്വച്ച് ഭാരത് മിഷൻ) |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ | |
| വകയിരുത്തിയ തുക | 24,02,478 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+ 12,47,922 (സ്വച്ച് | 234x10067 = 23,55,678 |

| | | |
|---|---|---|
| | ഭാരത് മിഷൻ) = 36,50,400 | 234x200 = + (മറ്റ് ചെലവ് ) 46,800<br>24,02,478<br>234x5333 = 12,47,922<br>36,50,400 |
| ചെലവഴിച്ച തുക | 8,65,762 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 86x10067= 8,65,762 |

സ്വച്ച് ഭാരത് മിഷനും കണ്ണൂർ കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കിയ ടോയ് ല നിർമാണം എന്ന ഈ പദ്ധതിക്ക് അർഹതാ മാനദണ്ഡ പ്രകാരം 234 ഗുണഭോക്താക്കളേയാണ തെരഞ്ഞെടുക്കുകയുണ്ടായത്.

മേൽ കാണിച്ച ധനകാര്യ വിശകലന പ്രകാരം ടോയ് ലറ്റ് നിർമാണം പൂർത്തീകരിച്ച കഴിഞ്ഞാ കോർപ്പറേഷൻ വിഹിതത്തിന് പുറമേ സ്വച്ഛ് ഭാരത് മിഷൻ വിഹിതവും ഗുണഭോക്താക്കളു അക്കൗണ്ടിൽ നേരിട്ട് വരികയാണ് ചെയ്യുന്നത്.

234 ഗുണഭോക്താക്കളിൽ 135 പേരെ മാത്രമാണ് അന്തിമ പരിശോധനയി തിരഞ്ഞെടുക്കുകയുണ്ടായത്.

പദ്ധതിയിൽ വകയിരുത്തിയ ധനകാര്യ കമ്മീഷൻ വിഹിതം ഓഡിറ്റ് കാലയളവിൽ 8 (86x10067=865762) പേർക്ക് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

234ഗുണഭോക്താക്കൾക്കുള്ള സ്വച്ച് ഭാരത് മിഷൻ വിഹിതമായ 234x5333= 1247922 രൂപ ICI ബാങ്കിന്റെ 18105 002431 അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതിൽ നിന്നും 135 പേർക്ക് 5000 രൂപ പരിധ വച്ച് അവരവരുടെ അക്കൗണ്ടിലേക്ക് മുൻകൂറായി ക്രഡിറ്റ് ചെയ്തിട്ടുള്ളതായി വിശദീകരിക്കുകയുണ്ടായ (ഇതിൽ രണ്ട് പേർ തുക തിരിച്ചൊടുക്കിയതായും വിശദീകരിക്കുകയുണ്ടായി)

അർഹതപ്പെട്ട 135 ഗുണഭോക്താക്കളിൽ ഓഡിറ്റ് കാലയളവ് അവസാനിക്കുമ്പോൾ 86 പേ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. 49 പേർ മുൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്ത പൂർത്തീകരിക്കുവാൻ ബാക്കിയാണ്.

മുൻകൂർ കൈപ്പറ്റിയവർ പ്രവൃത്തി പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.സ്വ ഭാരത് മിഷനിൽ നിന്നും അധികം കൈപ്പറ്റിയ തുക തിരിച്ചടക്കുവാനാവശ്യമായ നടപടികള സ്വീകരിക്കേണ്ടതാണ്.

# 3-4 എസ്. സി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം . മാർഗരേഖാ നിർദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 91/16-17<br>എസ്. സി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം |
| ബിൽ നമ്പർ, തുക | 468/30.3.17<br>42210രൂപ (എസ് സി പി) |
| നിർവഹണോദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി സി ഡി എസ് |
| തുക നൽകിയ വിവരം | അന്ന ഏജൻസീസിന്റെ വിജയാ ബാങ്ക്അക്കൗണ്ട് |

| | |
|---|---|
| | നം 4043110105003 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016 അനുബന്ധം15 ഖണ്ഡിക6(8)(4)&(5) പ്രകാരം മേൽ പ്രോജ നടപ്പിലാക്കുമ്പോൾ ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറ വരുത്തേണ്ടുന്നതിലേക്ക് ഉപകരണങ്ങൾ വാങ്ങിയാൽ സ്കൂൾ അധികൃതർ മുഖാന്തരം മാത്രമേ വിതരണ ചെയ്യാവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ആനുകൂല്യം സോണൽ ഓഫീസിൽ നിന വിദ്യാർഥികൾക്ക് നേരിട്ട് വിതരണം ചെയ്യുകയാണുണ്ടായത്. മേൽ വിഷയവുമായി ബന്ധപ്പെ നൽകിയ 22/16-17 തീ.08.08.2017 നമ്പർ അന്വേഷണത്തിന് മദ്ധ്യവേനൽ അവധി ആരംഭിച്ചതിനാ സ്കൂൾ മുഖാന്തരം വിതരണം നടത്തുന്നതിന് ബുദ്ധിമുട്ടാണെന്ന് സ്കൂൾ അധികൃതർ അറിയിച്ചതിനാലാണ സോണൽ ഓഫീസ് മുഖാന്തരം സൈക്കിൾ വിതരണം നടത്തിയതെന്ന മെമ്പർ സെക്രട്ടറിയുടെ മറുപ അംഗീകരിക്കുന്നില്ല.

മാർഗരേഖാനിർദേശം പാലിക്കാത്തതിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-5 സോഷ്യൽ സെക്യൂരിറ്റി മിഷന് ധനസഹായം. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 25,00,000രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 167/16-17 |
| ബിൽ നമ്പർ, തുക | 2500000/-(ജനറൽ)<br>(രശീതി നമ്പർ 051/22 dt 22/3/17 |
| നിർവഹണോദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| തുക നൽകിയ സ്ഥാപനം | കേരള സംസ്ഥാന സാമൂഹ്യ സുരക്ഷിതത്വ കൗൺസിൽ<br>(ജി.ഒ (ആർ.ടി) 1209/13 ത.സ്വ.ഭ.വ തീ 6/5/13 ഉത്തരവ് പ്രകാരം |

സൂചിത ഉത്തരവ് പ്രകാരം കേരള സംസ്ഥാന സാമൂഹ്യ സുരക്ഷിതത്വ മിഷ കോർപ്പറേഷനിൽനിന്ന് 25,00,000രൂപ ധനസഹായം അനുവദിക്കാമെങ്കിലും ആയതിന് സ്ഥാപന ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്.

സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രശീതി ഓഡിറ്റിന് ഹാജരാക്കിയെങ്കിലും ധനവിനിയോ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ധനവിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തി ചെലവ് തുകയായ 25,00,000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം.23/16-1 തീ.8.8.17)

# 3-6 വിദ്യാർഥികൾക്ക് പഠനോപകരണം . മാർഗരേഖാ

# നിർദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 39/16-17<br>എസ് സി വിദ്യാർഥികൾക്ക് ഫർണിച്ചർ |
| ബിൽ നമ്പർ, തുക | 465/30.3.17/ 32,000 രൂപ<br>(എസ് സി പി) |
| നിർവഹണോദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി സി ഡി എസ് |
| തുക നൽകിയ വിവരം | പ്രവീൺ എന്റർ പ്രൈസസിന്റെ ഫെഡറൽ ബാങ്ക്അക്കൗണ്ട് നം. 14610200005445 |

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 43/16-17<br>എസ് സി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം |
| ബിൽ നമ്പർ, തുക | 463/30.3.17/ 29,966 രൂപ<br>(എസ് സി പി) |
| നിർവഹണോദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി സി ഡി എസ് |
| തുക നൽകിയ വിവരം | പ്രവീൺ എന്റർ പ്രൈസസിന്റെ ഫെഡ ബാങ്ക്അക്കൗണ്ട് നം 14610200005445 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016) അനുബന്ധം15 ഖണ്ഡിക 6(8)(4)&(5) പ്രകാരം മേൽ പ്രോജ നടപ്പിലാക്കുമ്പോൾ ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറ വരുത്തേണ്ടുന്നതിലേക്ക് ഉപകരണങ്ങൾ വാങ്ങിയാൽ സ്കൂൾ അധികൃതർ മുഖാന്തിരം മാത്രമേ വിതരണ ചെയ്യാവൂ എന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ആനുകൂല്യം സോണൽ ഓഫീസിൽ നിന വിദ്യാർഥികൾക്ക് നേരിട്ട് വിതരണം ചെയ്യുകയാണുണ്ടായത്. ആയതിന് വിശദീകരണ ലഭ്യമാക്കുന്നതിനായി നൽകിയ 24/2016-17 തീ.08.08.17 നമ്പർ ആഡിറ്റ് അന്വേഷണത്തിന മദ്ധ്യവേനൽ അവധിയായതിനാൽ സ്കൂൾ മുഖാന്തിരം ഫർണിച്ചറുകൾ വിതരണ ബുദ്ധിമുട്ടായതിനാലാണ് സോണൽ ഓഫീസിൽ നിന്നു വിതരണം ഇല്ലാത്തതെന്ന മെമ്പ സെക്രട്ടറിയുടെ മറുപടി തൃപ്തികരമല്ല.

മാർഗരേഖാനിർദേശം പാലിക്കാത്തതിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്ന (ഓഡിറ്റ് അന്വേഷണം.24/16-17 തീ.8.8.17)

# 3-7 ഭവന പുനരുദ്ധാരണം. മുൻകൂർ തുക നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 729/16-17<br>ഭവന പുനപരുദ്ധാരണം |
| ബിൽ നമ്പർ, തുക | 2/29.3.17/ 4,20,986 (ജനറൽ) |
| നിർവഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ ,<br>കോർപ്പറേഷൻ |

| | |
|---|---|
| തുക നൽകിയ വിവരം | വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016) അനുബന്ധം15 ഖണ്ഡിക3.6 (5) പ്രകാരം മേൽ പ്രോജക്ട് നടപ്പിലാക്കുമ്പോ ജനറൽ വിഭാഗത്തിന് എൽ.എസ്.ജി.ഡി എൻജിനീയറുടെ അളവിന് വിധേയമായി പരമാവധി 2500 രൂപ അനുവദിക്കാവുന്നതാണ്. കരാറിലേർപ്പെട്ടശേഷം 50% തുക മുൻകൂറായി നൽകുവാനും മേ ഉത്തരവ് അനുമതി നൽകുന്നുണ്ട്.

ഇതിൻ പ്രകാരം താഴെ കാണിച്ചിട്ടുള്ള അഞ്ച് പേർ മുൻകൂർ തുകയായി 12500 രൂപ കൈപ്പറ്റി ശേഷം നാളിതുവരെ പണി പൂർത്തീകരിക്കുകയോ രണ്ടാം ഗഡു തുക കൈപ്പറ്റുകയോ ചെയ്തു കാണുന്നി വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പേര് | മുൻകൂർ തുക | വാലേ്വഷൻ തുക | അധികം | അന്തിമ വാലേ്വഷൻ | രണ്ടാം ഗഡു |
|---|---|---|---|---|---|---|
| 1 | കെ.അഹമ്മദ് കുഞ്ഞി | 12,500 | 2,632 | 9,868 | ഹാജരാക്കിയില്ല | ഇല്ല |
| 2 | പി നളിനി | 12,500 | - | 12,500 | ഹാജരാക്കിയില്ല | ഇല്ല |
| 3 | ജീവൻദാസ് | 12,500 | - | 12,500 | ഹാജരാക്കിയില്ല | ഇല്ല |
| 4 | സാവിത്രി | 12,500 | 8,420 | 4,080 | ഹാജരാക്കിയില്ല | ഇല്ല |
| 5 | അജി ബാലകൃഷ്ണൻ | 12,500 | 16,345 | - | ഹാജരാക്കിയില്ല | ഇല്ല |
| | **ആകെ** | | | 38,948 | | |

ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്ത മേൽ വ്യക്തികളിൽ നിന്നും അധികം നൽകി 38,948 രൂപ ഉചിത മാർഗേണ തിരിച്ചു പിടിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡി അന്വേഷണം.25/16-17 തീ.8.8.17)

# 3-8 മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഫർണിച്ചർ വിതരണം മാർഗരേഖാ നിർദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 657/16-17 മത്സ്യതൊഴിലാളികളുടെ മക്കളായ വിദ്യാർഥികൾക്ക് ഫർണിച്ചർ |
| | |

| | |
|---|---|
| ബിൽ നമ്പർ, തുക | 3,00,000 രൂപ (ജനറൽ)+ 2,39,931<br>(തനത് ഫണ്ട് )= 5,39,931 |
| നിർവഹണോദ്യോഗസ്ഥൻ | ഫിഷറീസ് ഇൻസ്പെക്ടർ |
| തുക നൽകിയ സ്ഥാപനം | കാഡ്കോ (ജി.ഒ (ആർ.ടി) 62/16 SPD തീ 3/12/16 ഉത്തരവ് പ്രകാരം |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016) അനുബന്ധം15 ഖണ്ഡിക3(4)(7) പ്രകാരം മേൽ പ്രോജക്ട് നടപ്പിലാക്കുമ്പോ ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടുന്നതിലേക ഉപകരണങ്ങൾ വാങ്ങിയാൽ സ്കൂൾ അധികൃതർ മുഖാന്തിരം മാത്രമേ വിതരണം ചെയ്യാവൂ എന നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ആനുകൂല്യം സോണൽ ഓഫീസിൽ നിന്ന് വിദ്യാർഥികൾക നേരിട്ട് വിതരണം ചെയ്യുകയാണുണ്ടായത്.

മാർഗരേഖാനിർദേശം പാലിക്കാത്തതിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപ തൃപ്തികരമല്ല.(ഓഡിറ്റ് അന്വേഷണം.27/16-17 തീ.8.8.17)

# 3-9 മത്സ്യബന്ധനത്തിനുള്ള വള്ളം വിതരണം- ഗുണഭോക്തൃവിഹിതം സംഭരിച്ചിട്ടും പ്രോജക്ട് നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 661/16-17 മത്സ്യബന്ധനത്തിനുള്ള വള്ളം (ഡിങ്കി) |
| വകയിരുത്തിയ തുക | 2,00,000(പദ്ധതി)+ 3,00,000 രൂപ (ഗുണഭോക്തൃ വിഹിതം)+ 1,00,000<br>(തനത് ഫണ്ട്)= 6,00,000 |
| നിർവഹണോദ്യോഗസ്ഥൻ | ഫിഷറീസ് ഇൻസ്പെക്ടർ |
| കൈപ്പറ്റിയ ഗുണഭോക്തൃ വിഹിതം | 16x15000 = 2,40,000 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ്)4/1 ത.സ്വ.ഭ വ തീ 11/01/2016) അനുബന്ധം15 ഖണ്ഡിക3(4)(1) പ്രകാരം മേൽ പ്രോജക്ട് നടപ്പിലാക്കുമ്പോ ഒരു വള്ളത്തിന് 30,000 രൂപ യൂനിറ്റ് കോസ്റ്റ് എന്ന നിരക്കിൽ 15000 രൂപ സബ്സിഡിയും 15,000 രൂ ഗുണഭോക്തൃവിഹിതവുമാണ് വകയിരുത്തിയിരുന്നത്.

ഇത് പ്രകാരം പതിനാറ് ഗുണഭോക്താക്കളിൽ നിന്ന് 16x15000= 2,40,000 രൂ ഗുണഭോക്തൃവിഹിതമായി വാങ്ങി നഗരസഭാ ഫണ്ടിൽ ഒടുക്കിയെങ്കിലും പദ്ധതി നടപ്പിലാക്കിയതായ കാണുകയുണ്ടായില്ല.

ഗുണഭോക്തൃവിഹിതം കൈപ്പറ്റിയിട്ടും പദ്ധതി നടപ്പിലാക്കുന്നതിൽ വന്ന കാലതാമസത്തിലേക കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് അന്വേഷണം.28/16-17 തീ.8.8.17)

# 3-10 പ്രോജക്ട് ഓഫീസർ നഗരദാരിദ്ര്യനിർമാർജനം -നിർവഹണം നടത്തിയ പ്രൊജക്ടുകൾ( എടക്കാട് സോണൽ )- അപാകങ്ങൾ

**(എ) സാനിറ്ററി യൂനിറ്റ് നിർമാണം . ശുചിത്വമിഷൻ ഫണ്ട് കൈമാറിയില്ല**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 222/16-17<br>കക്കൂസ് നിർമാണം |
| യൂനിറ്റ് കോസ്റ്റ് | 15,400 (12,000 ശുചിത്വമിഷൻ + 3,400തനത് ഫണ്ട്) |
| നിർവഹണോദ്യോഗസ്ഥൻ | വി ഇ ഒ എടക്കാട് സോണൽ |
| വകയിരുത്തിയ തുക | 7,20,000 (ശുചിത്വമിഷൻ) +2,04,000 (തനത് ഫണ്ട്)= 924000 |
| ചെലവഴിച്ച തുക | 32x3400= 1,08,800(തനത് ഫണ്ട്) മാത്രം (ബാങ്ക് അക്കൗണ്ടുകളിലേക്ക്) |

അറുപത് ഗുണഭോക്താക്കൾക്കാണ് കക്കൂസ് നിർമാണത്തിന് മേൽ പ്രോജക്റ്റ് പ്രകാര ധനസഹായം നൽകാൻ തീരുമാനിച്ചിരുന്നത്.

മാർഗരേഖ പ്രകാരം സമ്പൂർണ ശുചിത്വ പരിപാടിയുടെ സബ്സിഡി തുക വകയിരുത്തിയ ശേഷ അധികം നൽകേണ്ട തുകയാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതമായി ഗുണഭോക്താക്കൾക്ക നൽകേണ്ടത്.എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തിയാക്കിയ 32 പേർക്ക് സമ്പൂർണ ശുചിത പരിപാടിയുടെ സബ്സിഡി തുക നൽകാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം മാത്രമാണ നൽകി കാണുന്നത്.

സമ്പൂർണ ശുചിത്വ പരിപാടിയുടെ സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നൽകാത്തര സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.(ഓഡിറ്റ് അന്വേഷണം.29/16-17 തീ.8.8.17)

**(ബി)വീടിന്റെ അറ്റകുറ്റ പണി(വനിത)-അനുബന്ധ രേഖകൾ ഹാജരാക്കിയില്ല – 3,14,051രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 223/16-17<br>വീടിന്റെ അറ്റകുറ്റ പണി (വനിത) |
| സബ്സിഡി | 25000 രൂപ |
| നിർവഹണോദ്യോഗസ്ഥൻ | വി ഇ ഒ എടക്കാട് സോണൽ |
| വകയിരുത്തിയ തുക | 2,81,120 (വികസന ഫണ്ട്)+ 2,50,000(തനത് ഫണ്ട്)=5,31,120 രൂപ |
| | |

| | |
|---|---|
| ചെലവഴിച്ച തുക | 314051 രൂപ (ബാങ്ക് അക്കൗണ്ടുകളിലേക്ക്) (2,14,051+1,00,000) |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016) അനുബന്ധം15 ഖണ്ഡിക3.6(5) പ്രകാരം മേൽ പ്രോജക്ട് നടപ്പിലാക്കുമ്പോ വീട് വാസയോഗ്യമാണെങ്കിലും അറ്റകുറ്റപണികൾ അനിവാര്യമാണെന്ന് ബന്ധപ്പെട്ട തദ്ദേശഭര സ്ഥാപനത്തിൽനിന്നുള്ള സാക്ഷ്യ പത്രവും കൂടാതെ ഗവർമെന്റ് സഹായത്തോടെ നിർമി വീടാണെങ്കിൽ ആയത് നിർമിച്ച് എട്ട് വർഷം കഴിഞ്ഞെന്നുള്ള സാക്ഷ്യ പത്രവും ഹാജരാക്കേണ്ടതാണ എന്നാൽ പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെല തുകയായ 3,14,051രൂപ ഓഡിറ്റിൽ തസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം.30/16-17 തീ.8.8.17)

## (സി) വീട് നിർമാണം- തറവിസ്തീർണം സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 224/16-17 ഭവനനിർമാണം (വനിത) &<br>226/16-17 ഭവനനിർമാണം (ജനറൽ) |
| സബ്സിഡി | 2,00,000 രൂപ |
| നിർവഹണോദ്യോഗസ്ഥൻ | വി ഇ ഒ എടക്കാട് സോണൽ |
| വകയിരുത്തിയ തുക | 4,20,000 (വികസന ഫണ്ട്)+ 11,48,000(തനത് ഫണ്ട്)=15,68,000 &<br>3,62,926 (വികസന ഫണ്ട്)+ 10,81,074(തനത് ഫണ്ട്)=14,44,000 |
| ചെലവഴിച്ച തുക | 4,20,000+9,88,000=14,08,000 &<br>3,62,926+ 9,93,074= 13,56,000 (ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട്) |

മേൽ കാണിച്ച പ്രോജക്ടുകളിൽ നിരവധി വ്യക്തികൾ ഓഡിറ്റ് വർഷം കഴിഞ്ഞിട്ടു ഭവനനിർമാണം പൂർത്തിയാക്കുവാൻ ബാക്കിയാണ്. സർക്കാർ നിശ്ചയിച്ച പരിധി കടന്നുകൊണ തറവിസ്തീർണം ഉണ്ടാക്കിയതിനാലാണോ ഭവനനിർമാണം ഇങ്ങിനെ നീണ്ടുപോകുന്നത് എന്ന സംബന്ധിച്ച് അന്വേഷണ വിധേയമാക്കേണ്ടതാണ്. തറ വിസ്തീർണ്ണം സംബന്ധിച്ച സർട്ടിഫിക്ക ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016) അനുബന്ധം15 ഖണ്ഡിക3.6(1) പ്രകാരം 30 ചതുരശ്ര മീറ്ററിൽ കുറയാത്തതു 66 ചതുരശ്ര മീറ്ററിൽ കൂടാത്തതുമായ തറവിസ്തീർണം ഉള്ള വീടുകൾക്ക് മാത്രമാണ് സബ്സിഡ അനുവദനീയമായിട്ടുള്ളത്. ആയത് ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കേ ണ്ടതിലേക്കു ഭവനനിർമാണം സമയബന്ധിതമായി തീർക്കേ ണ്ടതിലേക്കും കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്ന (ഓഡിറ്റ് അന്വേഷണം.31/16-17 തീ.8.8.17)

# 3-11 എളയാവൂർ, ചേലോറ സോണൽ ഭവനനിർമാണ പ്രവൃത്തി പൂർത്തിയാക്കുവാൻ ബാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ | 55/16-17 ഭവനനിർമാണം (ജനറൽ)(ചേലോറ) &<br><br>436/16-17 ഭവനനിർമാണം (ജനറൽ)(എളയാവൂർ) |
| സബ്സിഡി | 2,00,000 |
| നിർവഹണോദ്യോഗസ്ഥർ | വി ഇ ഒ-ചേലോറ & എളയാവൂർ |
| വകയിരുത്തിയ തുക | 15,20,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br><br>9,40,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+ 20,00,000(തനത് ഫണ്ട്)=29,40,000 |
| ചെലവഴിച്ച തുക | 8,80,000<br><br>9,40,000 (ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട്) |

മേൽ കാണിച്ച പ്രോജക്ടുകളിൽ നിരവധി വ്യക്തികൾ ഓഡിറ്റ് വർഷം കഴിഞ്ഞിട്ടു ഭവനനിർമാണം പൂർത്തിയാക്കുവാൻ ബാക്കിയാണ്. സർക്കാർ നിശ്ചയിച്ച പരിധി കടന്നുകൊണ തറവിസ്തീർണം ഉണ്ടാക്കിയതിനാലാണോ ഭവനനിർമാണം ഇങ്ങിനെ നീണ്ടുപോകുന്നത് എന്നു സംബന്ധിച്ച് അന്വേഷണ വിധേയമാക്കേണ്ടതാണ്.

ചേലോറ സോണലിൽ 2015-16 ൽ കരാർ ഒപ്പിട്ട 18 പേരിൽ ഓഡിറ്റ് കാലയളവ് കഴിയുമ്പോഴ അഞ്ച് പേർ ഇനിയും പ്രവൃത്തി പൂർത്തീകരിക്കാനുണ്ടെന്ന് വിശദീകരിക്കുകയുണ്ടായി.

എളയാവൂർ സോണലിൽ 2015-16 ൽ കരാർ ഒപ്പിട്ട 21 പേരിൽ ഓഡിറ്റ് കാലയളവ് കഴിയുമ്പോഴ 8 പേർ ഇനിയും പ്രവൃത്തി പൂർത്തീകരിക്കാനുണ്ടെന്ന് വിശദീകരിക്കുകയുണ്ടായി

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016) അനുബന്ധം15 ഖണ്ഡിക3.6(1) പ്രകാരം 30 ചതുരശ്ര മീറ്ററിൽ കുറയാത്തതു 66 ചതുരശ്ര മീറ്ററിൽ കൂടാത്തതുമായ തറവിസ്തീർണം ഉള്ള വീടുകൾക്ക് മാത്രമാണ് സബ്സിഡ അനുവദനീയമായിട്ടുള്ളത്. ആയത് ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതിലേക്കു ഭവനനിർമാണം സമയബന്ധിതമായി തീർക്കേണ്ടതിലേക്കും കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -മാർഗ്ഗ രേഖാ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 91/16-17<br>എസ്. സി വിദ്യാർഥികൾക്ക് സൈക്കിൾ വിതരണം |
| ബിൽ നമ്പർ, തുക | 1/30.3.17 32193(എസ് സി പി) |
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ് ജി. എൽ..പി. എസ്, പുഴാതി |
| തുക നൽകിയ വിവരം | സഹർ ഇംപക്സ് കക്കാടിന്റെ ബാങ്ക് അക്കൗണ്ട് |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ്)4/1 ത.സ്വ.ഭ വ തീ. 11/01/2016) അനുബന്ധം.15 ഖണ്ഡിക6(8)(4)&(5) പ്രകാരം മേൽ പ്രോജ നടപ്പിലാക്കുമ്പോൾ ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറ വരുത്തേണ്ടതിന് പദ്ധതി അനുസരിച്ച് വാങ്ങുന്ന ഉപകരണങ്ങൾ സ്കൂൾ അധികൃതർ മുഖാന്തിരം മാത്ര വിതരണം ചെയ്യാവൂ എന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും ഇവിടെ ആനുകൂല്യം സോണൽ ഓഫീസിൽ നിന്ന വിദ്യാർഥികൾക്ക് നേരിട്ട് വിതരണം ചെയ്യുകയാണുണ്ടായത്.

മാർഗരേഖാനിർദേശം പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം.32/16-17 തീ.8.8.17)

# 3-13 കോർപ്പറേഷൻ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി മാതൃകാപരമായ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയില്ല. പരിശോധന വിധേയമാക്കേണ്ടതാണ്

ഓഡിറ്റ് കാലയളവിൽ കോർപ്പറേഷൻ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ മാതൃകാപരമായ യാതൊരു പ്രോജക്ടും നടപ്പിലാക്കിയതായി കാണുകയുണ്ടായില്ല. നടപ്പാക്കി പ്രോജക്ടുകൾ സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|---|---|
| 1 | 2/17 | പദ്ധതി രൂപീകരണം മോണിറ്ററിങ് | 7,00,000 | 5,32,025 | വികസന ഫണ്ട് |
| 2 | 3/17 | ഐ.കെ.എം.വിഹിതം അടക്കൽ | 4,53,010 | 4,53,010 | വികസന ഫണ്ട് |
| 3 | 681/17 | എസ്. സി ഫ്ലാറ്റിന് സ്ഥലം ഏറ്റെടുത്ത വകയിൽ അധിക തുക നൽകൽ | 1,10,60,549 | 1,10,60,549 | വികസന ഫണ്ട് എസ്.സി.പി |
| 4 | 887/17 | കേരളോൽസവം | 1,20,000 | 1,20,000 | വികസന ഫണ്ട് |
| 5 | 961/17 | കെ.യു. ആർ.ഡി.എഫ്. സി ലോൺ തിരിച്ചടവ് | 6,33,297 | 6,33,297 | വികസന ഫണ്ട് |
| 6 | 990/17 | ഐ.എച്ച്.എസ്.ഡി.പി ഫ്ലാറ്റ് പൂർത്തീകരണം ബാക്കി തുക നൽകൽ | 16,61,163 | 16,61,163 | വികസന ഫണ്ട് |

മേൽ പട്ടികയിൽ നിന്നും അടിസ്ഥാനപരമായ കേവലം രണ്ട് പ്രോജക്ടുകൾ മാത്രമാണ് സെക്രട്ട നേരിട്ട് നടപ്പാക്കിയത് എന്ന് കാണാവുന്നതാണ്. ബാക്കി നാലെണ്ണത്തിലും അംഗീകൃത ഏജൻസിക നിയമപ്രകാരം നൽകേണ്ടുന്ന തുക നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

കോർപ്പറേഷനിലെ ജനവിഭാഗങ്ങൾക്ക് ഉപയോഗപ്രദമായ നല്ല പ്രോജക്ടുകൾ നടപ്പിലാക്കുന്നതി നിന്ന് മുഖ്യ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി ഒഴിഞ്ഞു നിൽക്കുന്നത് മാതൃകാപരമാ

നിലപാടല്ല എന്ന് പറയേണ്ടിയിരിക്കുന്നു.

# 3-14 മാർഗരേഖാ നിർദേശം പാലിച്ചില്ല

**(എ) വനിതാഘടകപദ്ധതി**

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016 ഭാഗം 3ഖണ്ഡിക 8(1) , ഭാഗം 4ഖണ്ഡിക 12(4) എന്നിവ പ്രകാരം സ്ത്രീകളു തൊഴിലും വരുമാനവും വർധിപ്പിക്കുന്നതിനും അവർക്ക് സമൂഹത്തിൽ പ്രത്യേക പരിഗണന നൽകേണ വിഷയങ്ങളിൽ ആയതിന് പരിഗണന നൽകിയും പ്രത്യേക പ്രോജക്ടുകൾ നിർബന്ധമായു നടപ്പിലാക്കേണ്ട ആവശ്യകത പ്രത്യേകം പറഞ്ഞിട്ടുണ്ട്.

വിട്ടുകിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെൺകുട്ടികൾക്ക് ആധുനിക സൗകര്യങ്ങളോട് കൂടിെ മൂത്രപ്പുര , ഹൈസ്കൂൾ ഹയർസെക്കണ്ടറി വിദ്യാർഥിനികൾക്ക് സ്വയരക്ഷക്കായി ആയുധരഹിത പരിശീലനങ്ങൾ, യോഗാ പരിശീലനങ്ങൾ കൂടാതെ മുലയൂട്ടുന്ന അമ്മമാർക്ക് പൊതുസ്ഥലങ്ങളിൽ അവരുടെ സ്വകാര്യതക്ക് സംരക്ഷണം നൽകും വിധം സൗകര്യങ്ങൾ ഒരുക്കൽ , പ്രത്യേകം കംഫർട്ട് സ്റ്റേഷനുകൾ നിർമിക്കൽ , ജീവിത നിലവാരം ഉയർത്താൻ വരുമാന വർധനവിന് അവർക്ക് സ്വയ തൊഴിൽ സംരംഭങ്ങൾ തുടങ്ങി പല നിർദേശങ്ങളുണ്ടായിട്ടും ഓഡിറ്റ് കാലയളവിൽ ഇത്തര പ്രോജക്ടുകൾ ഒന്നു പോലും ഉണ്ടായില്ല എന്നത് പദ്ധതി നടത്തിപ്പിൽ ഗൗരവതരമായ സമീപന ഉണ്ടായില്ല എന്നതിന്റെ സൂചകമായി ഓഡിറ്റ് വിലയിരുത്തുന്നു.

**(ബി) കുട്ടികൾ, വൃദ്ധർ ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക പദ്ധതി**

മാർഗരേഖ ഭാഗം 4ഖണ്ഡിക 12(5) പ്രകാരം കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവർക്കായ പ്രത്യേകം പദ്ധതികൾ നടപ്പിലാക്കാൻ നിർദേശിച്ചിരുന്നുവെങ്കിലും ആയതു പ്രാവർത്തികമാക്കിയതായി കാണുന്നില്ല.

സ്പോർട്സ് കൗൺസിലുമായി സഹകരിച്ച് ദീർഘകാലത്തേക്ക് ആസൂത്രണം ചെയ്ത നടപ്പാക്കാവുന്നതും കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യംവയ്ക്കുന്നതുമായ ധാരാളം പദ്ധതികൾ മാർഗരേഖ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ നഗരസഭയുടെ ഭാഗത്തുനിന്ന് നടപ്പാക്കിയതായി കാണുന്നില്ല.

ഇക്കാര്യത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-15 അംഗീകരിച്ചതിൽ വളരെ ചെറിയ ശതമാനം പ്രോജക്ടുകൾ മാത്രം നടപ്പിലാക്കുന്നു .

തൻവർഷം അംഗീകാരം ലഭിച്ചതിൽ പകുതിയോളം പ്രോജക്ടുകൾ പോലും ചില നിർവഹണ ഉദ്യോഗസ്ഥന്മാർ നടപ്പിലാക്കി കാണുന്നില്ല. പ്രൊജക്ട് നടപ്പിലാക്കുന്നതിൽ ഇവർ ആവശ്യമാ താൽപര്യം കാണിക്കാത്തതോ സാങ്കേതികമോ മറ്റ് വല്ലവിധത്തിലോ ഉള്ള ബുദ്ധിമുട്ട് കാരണമേ

ആണ് ഈ കുറവ് ഉണ്ടായത് എന്ന് അനുമാനിക്കാവുന്നതാണ്. ഇക്കാര്യം പദ്ധതി നടത്തിപ്പ അവലോകനത്തിൽ പരാമർശിച്ചിട്ടുണ്ട്. മാർച്ച് 31ന് കുറേയധികം പ്രോജക്റ്റുകളും സമർപ്പിച്ചതിനാൽ ബിര പാസാക്കാത്ത സാഹചര്യം ഉണ്ടായതായി വിശദീകരിക്കപ്പെടുകയുണ്ടായി.

| ക്രമ നം | ഇംപ്ലിമെന്റിങ് ഓഫീസർ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ശതമാനം |
|---|---|---|---|---|
| 1 | സെക്രട്ടറി (സോണൽ ഓഫീസ് സ്പിൽ ഓവർ ഉൾപ്പടെ) | 22 | 10 | 45 |
| 2 | പ്രോജക്റ്റ് ഓഫീസർ നഗര ദാരിദ്ര്യ നിർമാർജന സെൽ | 74 | 33 | 45 |
| 3 | പട്ടികജാതി വികസന ഓഫീസർ | 7 | 1 | 14 |
| 4 | ഹെൽത്ത് ഓഫീസർ | 8 | 1 | 12.5 |
| 5 | കോർപ്പറേഷൻ എൻജിനീയർ | 599 | 314 | 52 |
| 6 | മെമ്പർ സെക്രട്ടറി | 51 | 24 | 47 |

മേൽ പട്ടികയിൽ നിന്നും പ്രോജക്റ്റ് നടപ്പാക്കുന്നതിൽ വന്ന കുറവും , കാലവിളംബവു കാണാവുന്നതാണ്. ഡി പി സി അംഗീകരിച്ചതും കോർപ്പറേഷനിലെ വാർഡ്സഭയിലെ ആവശ പ്രകാരം ഉയർന്നു വന്നതുമായ പ്രോജക്ടുകൾ നിശ്ചിത സമയത്തിനകം നടപ്പാക്കാത്തത് മൂലം ഫണ വിനിയോഗിക്കപ്പെടാതെ പോകുകയും അടുത്തവർഷം സ്പിൽ ഓവറായി നടപ്പിലാക്കുന്നതിന്, പ്രോജ പുതുക്കുമ്പോൾ വിലവർധന കാരണം ഒന്നുകിൽ അടങ്കൽ വർധിപ്പിക്കേണ്ടി വരികയോ അല്ലെങ്കിര ഗുണമേൻമയിൽ കുറവ് വരികയോ സംഭവിക്കാവുന്നതാണ്.

ഈ വിഷയം സംബന്ധിച്ച് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-16 ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാർഗരേഖക്ക് വിരുദ്ധമായി വിനിയോഗിച്ചു. 19,43,300 രൂപ ഓഡിറ്റിൽ

# തടസ്സപ്പെടുത്തുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016 -17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ(എം.എസ് )4/1 ത.സ്വ.ഭ വ തീ 11/01/2016) ഭാഗം 4ഖണ്ഡിക 8(2) & 12(6) എന്നിവ പ്രകാരം പതിനാലാം ധനകാര കമ്മീഷൻ ഗ്രാന്റ് ഏതൊക്കെ ആവശ്യത്തിന് മാത്രമാണ് വിനിയോഗിക്കേണ്ടത് എന്ന് കൃത്യമായ പ്രതിപാദിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

കുടിവെള്ള വിതരണം, ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം, മലിനജല നിർഗമ സംവിധാനങ്ങൾ, ഖരമാലിന്യ പരിപാലനം , സാമൂഹ്യ ആസ്തികളുടെ (റോഡുകൾ ഉൾപ്പെ സംരക്ഷണം പരിപാലനം ,സ്ട്രീറ്റ് ലൈറ്റ് പരിപാലനം , ശ്മശാനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ .

എന്നാൽ കോർപ്പറേഷനിൽ നിരവധി ഭവനനിർമാണ പ്രോജക്ടുകൾക്ക് മേൽ മാർഗനിർദേശ ലംഘിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച തായി കാണുവാൻ സാധിക്കുകയുണ്ടായി.

വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ട് നം | വിശദവിവരം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 9/17 | ആശ്രയാ ഭവനനിർമ്മാണം പള്ളിക്കുന്ന് | 50,000 |
| 2 | 55/17 | ഭവനനിർമാണം ചേലോറ | 8,80,000 |
| 3 | 436/17 | ഭവനനിർമാണം എളയാവൂർ | 9,40,000 |
| 4 | 438/17 | ഭവനപുനരുദ്ധാരണം എളയാവൂർ | 73,300 |
| | | **ആകെ** | **19,43,300** |

ഭവനനിർമാണ പദ്ധതികൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനായി നിരവധ ത.ഭ.സ്ഥാപനങ്ങൾ സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ സമിതിയെ സമീപിച്ചപ്പോൾ സമിതി അനുമത നിഷേധിച്ചതായി സംസ്ഥാന വികേന്ദ്രീകൃതാസൂത്രണ സമിതിയോഗ മിനുട്സ് പരിശോധിച്ചാ കൃത്യമായി മനസ്സിലാക്കാവുന്നതാണ് എന്നിരിക്കേ ഇത് സർക്കാർ ഉത്തരവിന് വിരുദ്ധമായ ഗുരുതരമാ ഫണ്ട് വകമാറ്റലായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാ 08.08.2017 ന് നൽകിയ 33/2016-17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് തുകയായ 19,43,300 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-17 പൈപ്പ് ലൈൻ നീട്ടൽ . വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.10,18,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ- സി.ഡി.എസ്,മെമ്പർ സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ

കോർപ്പറേഷന്റെ സി.ഡി.എസ് മെമ്പർ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കണ്ണൂ കോർപ്പറേഷന്റെ താഴെ പറയുന്ന പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനായി വിവിധ പ്രൊജക്ടുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റി ക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | പൈപ്പ് ലൈൻ നീട്ടേണ്ട പ്രദേശം | ബിൽ നമ്പർ | നൽകിയ തുക | തുക നൽകിയ വിവരം |
|---|---|---|---|---|---|
| 1 | 30/16-17<br>കോർപ്പറേഷന്റെ പള്ളിക്കുന്ന് സോണലിലെ 24പ്രദേശങ്ങ ളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | പള്ളിക്കുന്ന് സോണലിലെ 24പ്രദേശങ്ങ ളിലേക്ക് | 456/30.3.17 (ധന കമ്മീഷൻ ഗ്രാന്റ് ) | 5,00,000 രൂപ | KWAയ്ക്ക് നൽകി. രശീതി നമ്പർ . 1018218/ 6.5.17 |
| 2 | 384/16-17<br>കോർപ്പറേഷന്റെ പുഴാതി സോണലി ലെഅംബേദ്കർ കോളനിയിലെ നിലവിലുള്ള കുടിവെള്ള പൈപ്പ് ലൈൻ ഓലാട്ട് വയൽ വട്ടപ്പറമ്പ് എന്നിവിടങ്ങ ളിലേക്ക് നീട്ടൽ | പുഴാതി സോണലിലെ അംബേദ്കർ കോളനിയിലെ നിലവിലുള്ള കുടിവെള്ള പൈപ്പ് ലൈൻ ഓലാട്ട് വയൽ വട്ടപ്പറമ്പ് എന്നിവടങ്ങ ളിലേക്ക് | 384/<br>22.3.17<br>(എസ് സി പി) | 5,18,000 രൂപ | KWA യ്ക്ക് നൽകി. അക്കൗണ്ട് നമ്പർ . 6715347455‹ SBI |
| | | | ആകെ | 10,18,000 | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ്, മോണിറ്ററി കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയാ 10,18,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണം.34/16-17,35/16-17, തീ.8.8.17)

# 3-18 വൈദ്യുതി ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 6,34,470 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ- സി.ഡി.എസ്,മെമ്പർ സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ

സി.ഡി.എസ് മെമ്പർ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കണ്ണൂർ കോർപ്പറേഷന്റെ താഴെ പറയുന്ന പ്രദേശങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടുന്നതിനായി വിവിധ പ്രൊജക്ടുകൾ പ്രകാര കെ.എസ്.ഇ.ബി ക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | വൈദ്യുതി ലൈന് നീട്ടേണ്ട പ്രദേശം | ബിൽ നമ്പർ | നൽകിയ തുക | തുക ആർക്ക് | തുക നൽകിയ വിവരം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | നൽകി എന്നത് | |
| 1 | 34/16-17<br>പള്ളിക്കുന്ന് സോണലിലെ പട്ടികജാതിസങ്കേത പ്രദേശങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ | പള്ളിക്കുന്ന് സോണലിലെ പട്ടികജാതി സങ്കേത പ്രദേശം | 196/14.3.17 (എസ് സി പി) | 34,470 രൂപ | KSEB അഴിക്കോട് | KSEB അഴിക്കോടിന്റെ SBI അക്കൗ ണ്ട് നം 67391997511 |
| 2 | 29/16-17 കോർപ്പ റേഷന്റെ പള്ളിക്കുന്ന് സോണലിലെ 35പ്രദേശ ങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ | പള്ളിക്കുന്ന് സോണലിലെ 35പ്രദേശങ്ങ ളിലേക്ക് | 454/30.3.17 (ധന കമ്മീഷൻ ഗ്രാന്റ്) | 5,00,000 രൂപ | KSEB പള്ളിക്കുന്ന് | KSEB പള്ളിക്കുന്നിന്റെ SBI അക്കൗണ്ട് നം 67045162791 |
| 3 | 402/16-17<br>കോർപ്പറേഷന്റെ എളയാവൂർ സോണലിലെ KS EBകാടാച്ചിറ സെക്ഷന്റെ കീഴിൽ വരുന്ന പ്രദേശ ങ്ങളിലേക്ക് വൈദ്യു തി ലൈൻ നീട്ടൽ | എളയാവൂർ സോണലിലെ KSEBകാടാച്ചിറ സെക്ഷന്റെ കീഴിൽ വരുന്ന പ്രദേശങ്ങളിലേക്ക് | 221/<br>22.3.17 (ധന കമ്മീഷൻ ഗ്രാന്റ്) | 1,00,000 രൂപ | KSEB കാടാച്ചിറ | അക്കൗണ്ട് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. |
| | | | ആകെ | 6,34,470 | | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ്, മോണിറ്ററിം കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 6,34,470 രൂ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് അന്വേഷണം.36/16-17,37/16-17,38/16-17 തീ.8.8.17)

# 3-19 ഒഴിഞ്ഞ ടാർ വീപ്പയുടെവില ഈടാക്കിയതിൽ കുറവ് (ടാർ വീപ്പയുടെ വില-6664, വാറ്റ്-833) ആകെ-7497)

2016-17 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന റോഡ് ടാറിംങ് പ്രവൃത്തിയിര ഒഴിഞ്ഞ ടാർവീപ്പയുടെ വിലയും വാറ്റും ഈടാക്കിയിട്ടില്ല. 1-10-2012മുതൽ പ്രാബല്യമുള്ള SOR 201 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെവില ഒന്നിന് 238 രൂപ + 12.5% വാറ്റ് ആണ്. വിശദ വിവരം ചുവം കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ടാറിന്റെ അളവ് (കി.ഗ്രാം) | കാലി ടാർ വീപ്പയുടെ എണ്ണം | കാലി ടാർവീപ്പക്ക് ഈടാക്കേണ്ട | |
|---|---|---|---|---|---|
| | | | | തുക @238 | വാറ്റ് 12.5% |
| 1 | എളയാവൂർ അമ്പലം റോഡ്-റോഡ് റീടാറിങ്ങ്പ്രൊജക്റ്റ് നമ്പർ 429/16-17<br>കരാറുകാരന്റെ പേര് – സന്തോഷ്.കെ.വി<br>എ.ബുക്ക് നമ്പർ. 172/15-16 | 4423 | 28 | 6664 | 833 |

ടാർ വീപ്പയുടെ വിലയും വാറ്റും ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിം ഓഡിറ്റ് അന്വേഷണത്തിന് **(ഓഡിറ്റ് അന്വേഷണം നമ്പർ 10/2016-17 തീയ്യതി.18.07.2017)** മറുപട ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുകയായ ടാർവീപ്പയുടെ വില 6,664 രൂപയും വാറ്റ് 833 രൂപയു

ഉൾപ്പെടെ ആകെ 7,497/- രൂപ കരാറുകാരനായ കെ.വി.സന്തോഷിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിലേക്കും സർക്കാരിലേക്കു വരവു വയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനായ കോർപ്പറേഷൻ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-20 ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കിയ പദ്ധതികൾ-അപാകങ്ങൾ-5,50,971 /-രൂപ തടസ്സപ്പെടുത്തുന്നു.

ഗുണഭോക്തൃ സമിതി മുഖേന 2016-17 വർഷത്തിൽ കണ്ണൂർ നഗരസഭയിൽ നടപ്പാക്കിയ ഏതാനും പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തികളുടെ വിശദവിവരം

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം/അടങ്കൽ | കൺവീനർ | ആകെ പ്രവൃത്തി മൂല്യം/എം ബുക്ക് നമ്പർ | ചെലവ് വിവരം |
|---|---|---|---|---|
| 1 | പ്രൊജക്റ്റ് നമ്പർ - 320/16-17 ഞാറ്റുവയൽ ഫുട്പാത്ത് കോൺക്രീറ്റിങ്ങ്.<br>അടങ്കൽ -500000/-രൂപ (തനത് ഫണ്ട്) | നിയാസ്.എം | 375405/- തനത്ഫണ്ട്<br>(എം.ബുക്ക്-<br>21/16-17) | തനത് ഫണ്ട്-(ചെക്ക് നമ്പർ 858634 തീയ്യതി.03.03.2017-3,67,897/-രൂപ |
| 2 | പ്രൊജക്റ്റ് നമ്പർ-282/16-17പുലിമുക്ക് ടി.സി.മുക്ക് റോഡ് റീ ടാറിംഗ്<br>അടങ്കൽ -135000/- (തനത് ഫണ്ട് ) | ഹമീദ് കോയ , സുബൈദ ഹൗസ്, പുലിമുക്ക് | 111294/-<br>(എം.ബുക്ക്-<br>280/15-16) | തനത് ഫണ്ട്-ചെക്ക് നമ്പർ 858578 dt.29.12.2016<br>60,070/രൂപ |
| 3 | പ്രൊജക്റ്റ് നമ്പർ 322/16-17 , -ഗാർഡിന്റെ വീട് മുതൽ കൊയിലി ഹോസ്പിറ്റൽ റോഡ് വരെ റോഡ് റീ ടാറിംഗ്.<br>അടങ്കൽ -140000/-രൂപ (തനത് ഫണ്ട് ) | കെ.സുധാകരൻ<br>ജയവല്ലി നിവാസ്,<br>ചെട്ടിപീടിക | 135110/-<br>(എം.ബുക്ക്<br>191/15-16) | തനത് ഫണ്ട്-ചെക്ക് നമ്പർ 858585 dt.13.03.2017<br>1,23,004/രൂപ |
| | | | ആകെ | 5,50,971 /-രൂപ |

ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരമുള്ള താഴെ പറയുന്ന വ്യവസ്ഥകൾ മേൽ പറഞ്ഞ പ്രവൃത്തികളിൽ പാലിച്ചതായി കാണുന്നില്ല.

1.പ്രവൃത്തി സംബന്ധിച്ച് മസ്റ്റർ റോളുകളും വൗച്ചറുകളും ഗുണഭോക്തൃകമ്മിറ്റി അംഗീകരിച്ച വരവ് ചെലവ് പത്രികയും സൂക്ഷിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2.വരവും ചെലവും അതാത് ദിവസം തന്നെ രേഖപ്പെടുത്താൻ ഒരുവരവ് ചെലവ് പുസ്തക സൂക്ഷിക്കണമെന്നും ഗുണഭോക്തൃ സമിതിക്ക് ലഭിക്കുന്ന വരവുകളും സാധനങ്ങൾ വാങ്ങുമ്പോൾ ലഭിക്കുന രശീതികൾ /ചെലവുകൾ എന്നിവയും ക്രമനമ്പറിട്ട ശേഷം അതാത് ദിവസം തന്നെ ഈ വരവ് ചെലവ പുസ്തകത്തിൽ രേഖപ്പെടുത്തണം എന്നും വ്യവസ്ഥയുണ്ട്.എന്നാൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരവ ചെലവ് പുസ്തകം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3.പണി തൃപ്തികരമായി പൂർത്തിയാകുന്നത് വരെ ഗുണഭോക്തൃ സമിതി ആഴ്ചയിലൊരിക്കൽ യോഗ ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടിക ചർച്ച ചെയ്ത് തീരുമാനിക്കുകയും വേണം .ബാങ്കിൽ നിന്ന് എത്ര തുക പിൻവലിക്കണം,എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ ചർച്ച നടത്തി തീരുമാനിക്കുകയു തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും വേണം . വൗച്ചറുകൾ പാസ്സാക്കുമ്പോൾ ഏതെല്ലാ ക്രമനമ്പറിലുള്ള വൗച്ചറുകളാണ് പാസ്സാക്കുന്നത് എന്ന് മിനുട്സിൽ രേഖപ്പെടുത്തണം .ബാങ്കിൽ നിന തുക പിൻവലിക്കുന്ന കാര്യത്തിലും, തൊഴിലാളികളെ നിയോഗിക്കുന്ന കാര്യത്തിലും ഗുണഭോക് സമിതി തീരുമാനവും മിനുട്സിൽ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്.മാത്രവുമല്ല വരവ് ചെലവ് പത്രിക ഗുണഭോക്തൃ സമിതി അംഗീകരിച്ച വിവരവും മിനുട്സിൽ നിന്നും ലഭ്യമാകേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഒരു മിനുട്സ് പുസ്തകം മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഓഡിറ്റിന ലഭ്യമാക്കിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 2 തീയ്യതി.17.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവർത്തികൾക്കായ ചിലവഴിച്ച 5,50,971 /-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-21 പെൻഷൻ ഫണ്ട്-കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്-നാളിതുവരെ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

